Newspaper for malayalees Worldwide
CHICAGO/TORONTO ◆ Estd.2020

വാചകം
VACHAKAM

Canada | America | India | Keralam | Socialmedia | Cinema | Sports | Technology | World

TORONTO
Vol.1 / Issue 22/ Pages32
22
ഒക്ടോബർ 2026
വ്യാഴാഴ്ച
1202 തുലാം 5

www.vachakam.com
canada@vachakam.com
news@vachakam.com

JAMES AUTO GROUP

800+ VEHICLES.
ONE INCREDIBLE DESTINATION.
ONLY AT JAMES AUTO GROUP

2026 JEEP WRANGLER RUBICON
2026 MITSUBISHI OUTLANDER

Stratford NISSAN
ALL-NEW 2026 ROGUE
$198
BI-WEEKLY LEASE

Stratford KIA
2026 KIA SPORTAGE
$112
WEEKLY FINANCE

MISSISSAUGA CHRYSLER
2026 JEEP CHEROKEE HYBRID
FROM
$146
WEEKLY FINANCE

OAKVILLE MITSUBISHI
MITSUBISHI MOTORS
2026 ECLIPSE CROSS
FROM
$91
WEEKLY LEASE

TOP DOLLAR FOR YOUR TRADE-IN
ALL CREDIT APPROVED
RATES AS LOW AS 0% AVAILABLE
NATIONWIDE DELIVERY
EXTENDED WARRANTY OPTIONS

MISSISSAUGA CHRYSLER
CHRYSLER DODGE Jeep RAM
2260 BATTLEFORD RD
MISSISSAUGA, ON L5N 3K6
(905) 567-1700

KIA Stratford
STRATFORD KIA
863 ERIE ST
STRATFORD, ON N4Z 0A6
(519) 508-5755

OAKVILLE MITSUBISHI
1450 SPEERS RD
OAKVILLE, ON L6L 2X6
(905) 847-3822

Stratford NISSAN
STRATFORD NISSAN
2001 ONTARIO ST EAST
STRATFORD, ON N5A 6S5
(519) 273-3119

PLEASE SEE DEALER FOR DETAILS AND LATEST OFFERS. INCENTIVES ARE BASED ON AUGUST 26* PROGRAMS AND MAY BE SUBJECT TO CHANGE. ON SELECT MODELS & TERMS ONLY.


RE/MAX COMMUNITY
Realty Inc., Brokerage
RAISING YOUR VALUE
INDEPENDENTLY OWNED AND OPERATED

Alex alexander
BUYING/SELLING

Let me assist you in finding your **dream home,** in a neighbourhood that is **right for you** and in the **price range you want.**

ALEX ALEXANDER
REALTOR®

BUY | SELL | INVEST
YOUR NEIGHBOURHOOD REAL ESTATE EXPERT



Your Neighbourhood Full Time Realtor

647 525 ALEX (2539)
realtoralexalexander@gmail.com
www.realtorcanadian.com
10/282 Consumers Rd,
North York.ON. M2J 1P8

SCAN ME

RE/MAX

FIND YOUR DREAM HOME
SELL WITH CONFIDENCE
INVEST FOR A BRIGHTER TOMORROW

PEOPLE
PROPERTIES
POSSIBILITIES

Newspaper for malayalees Worldwide CHICAGO/TORONTO ◆ Estd.2020

വാചകം
VACHAKAM

Canada | America | India | Keralam | Socialmedia | Cinema | Sports | Technology | World

TORONTO
Vol.1 / Issue 22/ Pages32
22
ഒക്ടോബർ 2026
വ്യാഴാഴ്ച
1202 തുലാം 5

www.vachakam.com
canada@vachakam.com
news@vachakam.com



ബാങ്ക് ഓഫ് കാനഡ പലിശനിരക്കുകൾ വീണ്ടും ഉയർത്താൻ ഒരുങ്ങുന്നു; ഭവന വായ്പകളുടെ

പ്രതിമാസ തിരിച്ചടവ് കുതിച്ചുയരും



കനേഡിയൻ സാമ്പത്തിക രംഗത്തും ജന ജീവിതത്തിലും വലിയ ആശങ്കകൾ സൃഷ്ടിച്ചുകൊണ്ട് രാജ്യത്തെ കേന്ദ്ര ബാങ്കായ 'ബാങ്ക് ഓഫ് കാനഡ' നയപരമായ പലിശനിരക്കുകൾ വർദ്ധിപ്പിക്കാൻ ഒരുങ്ങുന്നതായി റിപ്പോർട്ട്. കാനഡയിൽ തുടരുന്ന ഉയർന്ന പണപ്പെരുപ്പ നിരക്കുകളും, സേവന മേഖലകളിലെ അനിയന്ത്രിതമായ വിലക്കയറ്റവും നിയന്ത്രണവിധേയമാക്കാനാണ് ഒക്ടോബറിലെ നയരൂപീകരണ യോഗത്തിൽ പലിശനിരക്കുകളിൽ വർദ്ധനവ് വരുത്താൻ കേന്ദ്ര ബാങ്ക് ഗവേണർ ടിഫ് മാക്ലെമും ഭരണസമിതിയും ആലോചിക്കുന്നത്. ഈ തീരുമാനം കാനഡയിൽ ജീവിക്കുന്ന സാധാരണക്കാർക്കും ഇന്ത്യൻ വംശജരായ കുടുംബങ്ങൾക്കും കനത്ത സാമ്പത്തിക തിരിച്ചടിയാകും. ഭവന വായ്പകൾ അഥവാ മോർട്ട്ഗേജുകൾ (Mortgages), കാർ വായ്പകൾ, പേഴ്സണൽ ലോണുകൾ എന്നിവയുടെ ബാധ്യത വർദ്ധിക്കുന്നതിനൊപ്പം കാനഡയിലെ റിയൽ എസ്റ്റേറ്റ് വിപണിയിൽ കടുത്ത മന്ദത രൂപപ്പെടാനും ഇത് വഴിയൊരുക്കും. ബാങ്ക് ഓഫ് കാനഡ

ശേഷം പേജ് 10ൽ

ഇങ്ങനെയുണ്ടൊരു കൗൺസിൽ
(ഡോ. സെബാസ്റ്റ്യൻ പോൾ എഴുതുന്നു)
.....പേജ് 12

അഴിയാക്കുരുക്കും വെല്ലുവിളിയും; സംശയനിഴലിൽ കിഫ്ബി
.....പേജ് 14

സ്വാമീസ് ലോഡ്ജിലെ 'ലാലേട്ടൻ' തന്ത്രവും പ്രിയന്റെ പെരുവഴി പേടിയും!
.....പേജ് 17

മുങ്ങാൻ പോകുന്ന 'കപ്പലും, ക്യാപ്ടനും' കരഞ്ഞു മെഴുകാൻ പോകുന്ന 'മുൻമന്ത്രിമാരും'
.....പേജ് 20

കർട്ടന് പിന്നിൽ മുരളി കണ്ടതാരെ?
.....പേജ് 21

ഫ്രാൻസിൽ നിന്ന് യൂറോപ്പിലേക്ക് പടർന്ന വിദ്യാർത്ഥി പ്രക്ഷോഭങ്ങളും മഞ്ഞജാക്കറ്റുകാരുടെ പോരാട്ടവും
.....പേജ് 27

അമേരിക്കൻ താരിഫ് പോരുകൾക്ക് തടയിടാൻ കാനഡ; സ്റ്റീൽ, ഓട്ടോമൊബൈൽ മേഖലകൾക്കായി

900 കോടി ഡോളറിന്റെ ഭീമൻ നയതന്ത്ര സഹായ പാക്കേജ്!

വടക്കൻ അമേരിക്കൻ വാണിജ്യ വ്യത്തങ്ങളിലും അന്താരാഷ്ട്ര വിപണിയിലും വലിയ തരംഗം സൃഷ്ടിച്ചുകൊണ്ട് കനേഡിയൻ ഫെഡറൽ ഗവൺമെന്റും ഒന്റാറിയോ പ്രവിശ്യാ ഭരണകൂടവും സംയുക്ത പ്രഖ്യാപനം നടത്തി. അമേരിക്കൻ താരിഫ് ഭീഷണികളും കടുത്ത വ്യാപാര നിയന്ത്രണങ്ങളും നേരിടുന്ന തദ്ദേശീയ സ്റ്റീൽ, ഓട്ടോമൊബൈൽ മേഖലകളെ സംരക്ഷിക്കുന്നതിനായി 9 ബില്യൺ കനേഡിയൻ ഡോളറിന്റെ (ഏകദേശം 6.4 ബില്യൺ യുഎസ് ഡോളർ) ഭീമമായ അടിയന്തിര സഹായ പാക്കേജാണ് കാനഡ ഔദ്യോഗികമായി പ്രഖ്യാപിച്ചത്.

കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണിയും ഒന്റാറിയോ പ്രീമിയർ ഡഗ് ഫോർഡും ഒട്ടാവയിൽ നടത്തിയ ഉന്നതതല കൂടിക്കാഴ്ചയിലാണ് ഈ പങ്കാളിത്ത പദ്ധതി പ്രഖ്യാപിച്ചത്.



വാഷിംഗ്ടണിന്റെ സാമ്പത്തിക ഉപരോധങ്ങളാൽ പൂട്ടലിന്റെ വക്കിലെത്തിയ സ്റ്റെൽകോ പോലുള്ള സ്റ്റീൽ നിർമ്മാണ ശാലകളെ താങ്ങിനിർത്താനും സ്റ്റെല്ലാന്റിസ് പ്ലാന്റുകളിലെ വൻകിട തൊഴിൽ നഷ്ടങ്ങൾ ഒഴിവാക്കാനും ഈ ഫണ്ട് വിനിയോഗിക്കും. ഈ പദ്ധതിയുടെ വിശദാംശങ്ങളും വ്യാവസായിക ഭാവിയും താഴെ സമഗ്രമായി പരിശോധിച്ച് വിലയിരുത്തുന്നു:

സ്റ്റീൽ വിപണിയ്ക്കുള്ള ഫണ്ടുകളും ഉൽപ്പാദന തടസ്സങ്ങളും

പുതിയ പാക്കേജിന്റെ പകുതിയിലധികവും അഥവാ 5 ബില്യൺ കനേഡിയൻ ഡോളറിലധികം തുക സ്റ്റീൽ ഉൽപ്പാദന യൂണിറ്റുകൾക്കാണ് നീക്കിവെച്ചിരിക്കുന്നത്. ഫെഡറൽ അടിസ്ഥാന സൗകര്യ വികസനങ്ങൾ, പ്രതിരോധ പദ്ധതീ നിർമ്മാണങ്ങൾ, ഊർജ്ജ ശൃംഖലകൾ എന്നിവയ്ക്ക് തദ്ദേശീയമായി നിർമ്മിക്കുന്ന സ്റ്റീൽ മാത്രം ഉപയോഗിക്കാൻ ഫെഡറൽ ഭരണകൂടം കർശന നിർദ്ദേശം നൽകി.

സ്റ്റെൽകോ പ്ലാന്റുകളിലെ പ്രൊഡക്ഷൻ മന്ദതകളും ലേഓഫുകളും

യുഎസ് താരിഫ് സമ്മർദ്ദങ്ങൾ കാരണം കാന

ശേഷം പേജ് 10ൽ

ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യു



വേൾഡ് മലയാളി കൗൺസിൽ ഗ്രേറ്റർ ടൊറന്റോ–ഹാമിൽട്ടൺ ഏരിയ ചാപ്റ്ററിന് തുടക്കം

ടൊറന്റോ: വേൾഡ് മലയാളി കൗൺസിലിന്റെ (WMC) ഗ്രേറ്റർ ടൊറന്റോ -ഹാമിൽട്ടൺ ഏരിയ (Greater Toronto–Hamilton Area – GTHA) ചാപ്റ്ററിന് ക്ടോബർ 25ന് ബ്രാംപ്ടണിൽ ഔദ്യോഗിക തുടക്കമാകും. ബ്രാംപ്ടണിലെ കനേഡിയൻ കൺവെൻഷൻ സെന്ററിൽ വൈകിട്ട് അഞ്ചിന് നടക്കുന്ന ഉദ്ഘാടനച്ചടങ്ങിൽ 500ലധികം മലയാളി പ്രൊഫഷണലുകളും വിദ്യാർത്ഥികളും കുടുംബാംഗങ്ങളും സാമൂഹിക പ്രവർത്തകരും പങ്കെടുക്കും.

ഉദ്ഘാടനച്ചടങ്ങിൽ ബ്രാംപ്ടൺ മേയർ, വിവിധ മന്ത്രിമാർ, ഇന്ത്യൻ കോൺസൽ ജനറൽ തുടങ്ങിയ പ്രമുഖർ പങ്കെടുക്കും. വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ ചെയർമാൻ തോമസ് മോട്ടക്കൽ, ഗ്ലോബൽ പ്രസിഡന്റ് ഡോ. ബാബു സ്റ്റീഫൻ എന്നിവരും ചടങ്ങിൽ സന്നിഹിതരാകും.

ജോബ്സൺ ഈശോ ചെയർമാനായും സജി ജോൺ പ്രസിഡന്റായുമാണ് WMC GTHA ചാപ്റ്ററിന് നേതൃത്വം നൽകുന്നത്. ടൊറന്റോ ഹാമിൽട്ടൺ മേഖലയിലെ മലയാളി സമൂഹം 50,000ത്തിലധികം കുടുംബങ്ങളായി വളർന്നിരിക്കുന്ന ഈ സാഹചര്യത്തിൽ, നെറ്റ്വർക്കിംഗ്, മെന്ററ്ഷിപ്പ് (മാർഗനിർദേശം), അറിവുകളുടെ പങ്കുവെക്കൽ, സാമൂഹിക ഇടപെടലുകൾ എന്നിവയ്ക്കായി കൂടുതൽ ശക്തമായ ഒരു വേദി ഒരുക്കുക എന്നതാണ് പുതിയ ചാപ്റ്ററിന്റെ പ്രധാന ലക്ഷ്യം.

മാനുഷിക സേവന പ്രവർത്തനങ്ങൾക്കും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും പ്രത്യേക പ്രാധാന്യം നൽകിക്കൊണ്ട്, സഹായം ആവശ്യമുള്ള വ്യക്തികൾക്കും കുടുംബങ്ങൾക്കും പിന്തുണ നൽകുന്നതിനും ഈ ചാപ്റ്റർ മുൻഗണന നൽകും. സമൂഹത്തിനകത്തും പുറത്തും കരുണ, ഐക്യം, സാമൂഹിക ഉത്തരവാദിത്തബോധം എന്നിവ വളർത്തിയെടുക്കുകയും, പരസ്പര സഹകരണത്തിലൂടെയും സേവന മനോഭാവത്തിലൂടെയും കൂടുതൽ ശക്തവും കരുതലുള്ളതുമായ ഒരു സമൂഹം കെട്ടിപ്പടുക്കുകയുമാണ് ഈ സംരംഭത്തിന്റെ ലക്ഷ്യം.

'Connect Malayalees. Multiply Possibilities' എന്ന ആശയവുമായി പ്രവർത്തിക്കുന്ന ചാപ്റ്റർ മലയാളികൾക്കിടയിലെ ആശയങ്ങളും അനുഭവങ്ങളും അറിവുകളും പങ്കുവയ്ക്കുന്നതിനും പുതിയ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും വേദിയൊരുക്കും. പുതുതായി കാനഡയിലെത്തുന്നവർക്ക് മാർഗനിർദേശവും മെന്ററിംഗും നൽകുന്നതിനും വിവിധ മേഖലകളിലുള്ള പ്രൊഫഷണലുകളെ പരസ്പരം ബന്ധിപ്പിക്കുന്നതിനും പ്രത്യേക ശ്രദ്ധ നൽകും.

53 രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന വേൾഡ് മലയാളി കൗൺസിൽ ഗ്ലോബലിന്റെ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്നതിനൊപ്പം, ഗ്രേറ്റർ ടൊറന്റോ-ഹാമിൽട്ടൺ ഏരിയയിലെ മലയാളി സമൂഹത്തിന്റെ പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ചുള്ള പ്രവർത്തനങ്ങൾക്കാണ് പുതിയ ചാപ്റ്റർ മുൻഗണന നൽകുന്നത്.

വിവിധ തലമുറകളിലുള്ള മലയാളികൾ തമ്മിലുള്ള ആശയവിനിമയവും അറിവ് പങ്കിടലും പ്രോത്സാഹിപ്പിക്കുക, സമൂഹത്തിലെ കഴിവുകളും നേട്ടങ്ങളും പരിചയപ്പെടുത്തുക, മാനവികജീവകാരുണ്യ പ്രവർത്തനങ്ങൾക്കും സാമൂഹികസന്നദ്ധ സംരംഭങ്ങൾക്കും പിന്തുണ നൽകുക എന്നിവയും ചാപ്റ്ററിന്റെ പ്രധാന ലക്ഷ്യങ്ങളാണ്.

മലയാളി സമൂഹത്തിന്റെ സാംസ്കാരിക ബന്ധം ശക്തിപ്പെടുത്തുന്നതിനൊപ്പം വ്യക്തിപരവും പ്രൊഫഷണലുമായ വളർച്ചയ്ക്ക് സഹായിക്കുന്ന ബന്ധങ്ങളും അവസരങ്ങളും സൃഷ്ടിക്കുന്ന ഒരു വേദിയായി GTHA ചാപ്റ്ററിനെ വികസിപ്പിക്കുകയാണ് ലക്ഷ്യമെന്ന് സംഘാടകർ അറിയിച്ചു.

മീഡിയ കോൺടാക്റ്റ്: ലിസ് കൊച്ചുമ്മൻ, വേൾഡ് മലയാളി കൗൺസിൽ GTHA ചാപ്റ്റർ liz.kochummen@gmail.com (Greater Toronto–Hamilton Area – GTHA)

ദീപിക ദമേർല: ജനസേവനത്തിലും പ്രായോഗിക ഭരണത്തിലും മാതൃകാപരമായ മുന്നേറ്റം



മിസിസാഗ നഗരസഭാ കൗൺസിലറും ഒന്റാരിയോ മുൻ കാബിനറ്റ് മന്ത്രിയുമായ ദീപിക ദമേർല, നഗരസഭാ ഭരണം, പ്രവിശ്യാ നയം, ബിസിനസ് രംഗം എന്നിവയിലുള്ള തന്റെ നീണ്ട അനുഭവസമ്പത്തുമായാണ് മിസിസാഗ മേയർ സ്ഥാനത്തേക്ക് മത്സരിക്കുന്നത്.

2011ൽ മിസിസാഗ ഈസ്റ്റ്കുക്സ്വില്ലെ മണ്ഡലത്തിൽ നിന്ന് എം.പി.പി.യായി തിരഞ്ഞെടുക്കപ്പെട്ട ദീപിക, ഒന്റാരിയോയിലെ ആരോഗ്യദീർഘകാല പരിചരണ വകുപ്പ് അസോസിയേറ്റ് മന്ത്രിയായും മുതിർന്ന പൗരന്മാരുടെ ക്ഷേമകാര്യ മന്ത്രിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. കീൻസ് പാർക്കിലെ തന്റെ ഭരണകാലത്ത് മിസിസാഗ ആശുപത്രിയിൽ 350 അധിക ബെഡുകൾ അനുവദിക്കുന്നതിനും, രണ്ട് പുതിയ ദീർഘകാല പരിചരണ കേന്ദ്രങ്ങൾ, രണ്ട് പുതിയ സ്കൂളുകൾ എന്നിവ സ്ഥാപിക്കുന്നതിനും, മിൽട്ടൺ ജി.ഒ. ട്രെയിൻ സർവീസുകൾ വർദ്ധിപ്പിക്കുന്നതിനും അവർ നിർണ്ണായക പങ്ക് വഹിച്ചു.

2018ൽ മിസിസാഗ സിറ്റി കൗൺസിലിലേക്ക് വാർഡ് 7 (കുക്സ്വില്ലെ) പ്രതിനിധീകരിച്ച് തിരഞ്ഞെടുക്കപ്പെട്ട ദീപിക, തുടർച്ചയായി രണ്ട് നഗരസഭാ കാലാവധികളിലായി ജനങ്ങളെ സേവിച്ചു വരുന്നു. പ്രാദേശിക ജനവിഭാഗങ്ങളുടെ അവകാശങ്ങൾക്കായി ശബ്ദമുയർത്താനും, നഗരസഭയുടെ ചെലവഴിക്കലുകൾ കൃത്യമായി പരിശോധിക്കാനും, തദ്ദേശ ഭരണത്തിൽ കൂടുതൽ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കാനും അവർ എപ്പോഴും മുന്നിലുണ്ടായിരുന്നു.

'മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ഒരു നഗരം' എന്ന ആശയം മുൻനിർത്തിയാണ് അവർ പ്രചാരണം നടത്തുന്നത്. അവശ്യ സേവനങ്ങൾക്ക് തടസ്സം വരാതെ 2027ൽ നഗരസഭയുടെ വസ്തു നികുതി വർദ്ധനവ് മരവിപ്പിക്കുക, റോഡുകളിലെ കുഴികൾ നാല് ദിവസത്തിനകം അടച്ചുതീർക്കാനുള്ള ഉറപ്പ് നൽകുക, പൊലീസ് ചെലവുകളിൽ ന്യായമായ പങ്കാളിത്തം ഉറപ്പാക്കുക, ഒരു സ്വതന്ത്ര മുനിസിപ്പൽ ഓഡിറ്റർ ജനറലിനെ നിയമിക്കുക എന്നിവയാണ് അവരുടെ പ്രധാന വാഗ്ദാനങ്ങൾ.

പ്രായോഗികമായ സേവന വിതരണം, ഉത്തരവാദിത്തമുള്ള സാമ്പത്തിക വിനിയോഗം, ഒപ്പം ജന കേന്ദ്രീകൃതവും സുതാര്യവും മറുപടി പറയാൻ ബാദ്ധ്യതയുള്ളതുമായ ഒരു സിറ്റി ഹാൾ നിർമ്മാണം എന്നിവയ്ക്കാണ് ദീപികയുടെ പ്രചാരണത്തിൽ മുൻഗണന നൽകുന്നത്.

കാനഡയിലെ റിയൽ എസ്റ്റേറ്റ് പ്രതിസന്ധിയും ഒന്റാറിയോ വിപണിയുടെ ഭാവിയും: ഒരു വിശദമായ വിശകലനം

കാനഡയിലെ റിയൽ എസ്റ്റേറ്റ് വിപണി, വിശേഷിച്ചും ഒന്റാറിയോ പ്രവിശ്യ, നിലവിൽ സങ്കീർണ്ണമായ ഒരു വഴിതിരിവിലൂടെയാണ് കടന്നുപോകുന്നത്. മാധ്യമങ്ങളും ചില റിയൽ എസ്റ്റേറ്റ് ഏജന്റുമാരും കാര്യങ്ങൾ മെച്ചപ്പെടുന്നുണ്ടെന്നും വിൽപ്പന വർദ്ധിക്കുന്നുണ്ടെന്നും അവകാശപ്പെടുമ്പോഴും, വിപണിയുടെ യാഥാർത്ഥ്യം തികച്ചും ആശങ്കാജനകമാണ്.

കഴിഞ്ഞ ഓഗസ്റ്റ് അവസാനം മുതൽ ഒന്റാറിയോയിലെ ഭവന വിൽപ്പന കുത്തനെ ഇടിയാൻ തുടങ്ങി. സെപ്തംബറായപ്പോഴേക്കും ഈ പ്രതിസന്ധി കൂടുതൽ രൂക്ഷമായി. ഈ തകർച്ചയ്ക്ക് ആക്കം കൂട്ടിയ പ്രധാന കാരണങ്ങൾ താഴെ പറയുന്നവയാണ്:

രാഷ്ട്രീയസാമ്പത്തിക അസ്ഥിരതയും വ്യാപാര യുദ്ധവും: അമേരിക്കയുമായുള്ള വ്യാപാര യുദ്ധവും നിരന്തരമായ ഭീഷണികളും കാനഡയിൽ വലിയൊരു അരക്ഷിതാവസ്ഥ സൃഷ്ടിച്ചിട്ടുണ്ട്. വിമാനത്താവള വിൽപ്പനയും മറ്റ് നയപരമായ മാറ്റങ്ങളും ജനങ്ങളുടെ മനസ്സിൽ ഭയവും അനിശ്ചിതത്വവും ഉണ്ടാക്കുന്നു. ദിവസേന വാർത്തകളിൽ നിറയുന്ന ഈ പ്രശ്നങ്ങൾ സാധാരണക്കാരുടെ ദൈനംദിന ജീവിതത്തെയും സാമ്പത്തിക തീരുമാനങ്ങളെയും നേരിട്ട് ബാധിക്കുന്നു.

മോർട്ട്ഗേജ് പലിശനിരക്കിലെ വൻ കുതിച്ചുചാട്ടം: ഈ വർഷം ഏപ്രിൽ മാസത്തിൽ 3.39% മുതൽ 3.69% വരെയായിരുന്ന അഞ്ച് വർഷത്തെ ഫിക്സഡ് പലിശനിരക്കുകൾ നിലവിൽ 4.29% മുതൽ 4.79% വരെയായി ഉയർന്നു. ചുരുങ്ങിയ മാസങ്ങൾക്കുള്ളിൽ ഏകദേശം 20 മുതൽ 27 ശതമാനം വരെയുണ്ടായ ഈ വർദ്ധനവ് ഭവന വാങ്ങൽക്കാരെ കടുത്ത സാമ്പത്തിക ഞെരുക്കത്തിലാക്കിയിട്ടുണ്ട്.

വാങ്ങുന്നവരുടെ നോഭാവം: റിയൽ എസ്റ്റേറ്റ് വിപണിയെ നിയന്ത്രിക്കുന്നതിൽ ഉപഭോക്താക്കളുടെ നോഭാവത്തിന് വലിയ പങ്കുണ്ട്. പലിശനിരക്ക് വർദ്ധനവും സാമ്പത്തിക മാന്ദ്യവും



കാരണം, വീട് വാങ്ങാൻ ആഗ്രഹിച്ചിരുന്നവർ ആ തീരുമാനത്തിൽ നിന്ന് പിന്നോട്ട് വലിയുകയാണ്.

'ഇപ്പോൾ വാങ്ങിയാൽ നഷ്ടപ്പെടും, കുറച്ചുനാൾ കാത്തിരുന്നാൽ പലിശ കുറയുകയും വീട്ടുവില ഇനിയും താഴുകയും ചെയ്യും' എന്ന ചിന്ത ഉപഭോക്താക്കൾക്കിടയിൽ ശക്തമായിട്ടുണ്ട്.


വിപണിയിലെ തുടർച്ചയായ തകർച്ചാ സാധ്യത: മുൻകാലങ്ങളിൽ പ്രീഅപ്രൂവൽ ലഭിച്ച ചിലർ ചെറിയ തോതിൽ വീടുകൾ വാങ്ങിയേക്കാമെങ്കിലും, ഭൂരിഭാഗം ആളുകളും കാത്തിരിപ്പ് തുടരുകയാണ്. അതേസമയം, പവർ ഓഫ് സെയിൽസ്, ജപ്തി നടപടികൾ എന്നിവ വിപണിയിൽ തുടരുന്നുമുണ്ട്. വാങ്ങാൻ ആളില്ലാത്ത സാഹചര്യത്തിൽ, ഒന്റാറിയോയിലെ വീടുകളുടെ വില ഇനിയും താഴേക്ക് പതിക്കാനാണ് സാധ്യതയെന്ന് ഈ രംഗത്തെ വിദഗ്ദ്ധർ മുന്നറിയിപ്പ് നൽകുന്നു.

ചുരുക്കത്തിൽ, പ്രതീക്ഷ നൽകുന്ന ചെറിയ ചില സൂചനകൾക്കപ്പുറം, സാമ്പത്തിക അരക്ഷിതാവസ്ഥയും ഉയർന്ന പലിശനിരക്കും കാരണം ഒന്റാറിയോയിലെ റിയൽ എസ്റ്റേറ്റ് വിപണി വരും നാടുകളിൽ കൂടുതൽ വെല്ലുവിളികളെ നേരിടാനാണ് സാധ്യത

◗ *ജിബി ജോൺ (ബ്രോക്കർ)*
Remax Real Estte Cetnre, Inc. Brokerage



സ്കൂൾ ബോർഡ് ട്രസ്റ്റിയായി ഡോ.തോമസ് തോമസ് ഏഴാം അങ്കത്തിന് !



ടൊറോന്റോ: മുനിസിപ്പൽ തിരഞ്ഞെടുപ്പിൽ സ്കൂൾ ബോർഡ് ട്രസ്റ്റിയായി ഏഴാം തവണ ഡോ.തോമസ് തോമസ് മത്സരത്തിന് തയ്യാറെടുക്കുന്നു. മുനിസിപ്പൽ സ്കൂൾ ബോർഡ് തെരഞ്ഞെടുപ്പുകളിൽ നാമനിദ്ദേശം നൽകേണ്ട അവസാന ദിവസം ആഗസ്റ്റ് 20 ആയിരുന്നു. ഒക്ടോബർ 26 നാണ് ഔദ്യോഗിക തെരഞ്ഞെടുപ്പ്.

കോട്ടയം തലയോലപ്പറമ്പ് മരങ്ങോലിൽ കുടുംബാംഗമായ ഡോ. തോമസ് തോമസ് തുടർച്ചയായ ആറ് തവണയാണ് വിജയിച്ചത്. കാൽ നൂറ്റാണ്ടോളം ഒരേ വാർഡിനെ പ്രതിനിധീകരിച്ചു സ്കൂൾ ബോർഡ് ട്രസ്റ്റിയായി വിജയിക്കുകയെന്ന ഒരു അത്യപൂർവ്വ നേട്ടത്തിനാണ് അദ്ദേഹം കഴിഞ്ഞ തവണ അർഹനായത്. നേരിട്ടാൽ തോൽപ്പിക്കാനാവില്ലയെന്നതിനാൽ കഴിഞ്ഞ തവണ എതിരാളിയായി ആരും അദ്ദേഹത്തിനെതിരെ തെരഞ്ഞെടുപ്പ് രംഗത്തു എത്തിയിരുന്നില്ല.

നിലവിൽ ഡഫറിൻ പീൽ കാത്തലിക് സ്കൂൾ ബോർഡ് ട്രസ്റ്റിയും ചെയർമാനുമായ തോമസ്, നിരവധി കമ്മറ്റികളിൽ ചെയറും വൈസ് ചെയറുമായിരുന്നു. കൂടാതെ ഒന്റാരിയോ കാത്തലിക് സ്കൂൾ ട്രസ്റ്റീസ് അസോസിയേഷൻ (ഓ.സി.എസ്.ടി.എ) ഡെഫറിൻ പീൽ റീജിയണൽ ഡയറക്ടറുമായിരുന്നു. പിളർപ്പിന് മുമ്പുള്ള ഫൊക്കാനയുടെ പ്രസിഡന്റായിരുന്ന അദ്ദേഹം കേരള ക്രിസ്ത്യൻ എക്യൂമെനിക്കൽ ഫെല്ലോഷിപ്പ് സെക്രട്ടറി, കനേഡിയൻ മലയാളി അസോസിയേഷൻ രക്ഷാധികാരി, ഫോമാ കാനഡ റീജിയണൽ വൈസ് പ്രസിഡന്റ്, പനോരമ ഇന്ത്യാ ഡയറക്ടർ തുടങ്ങിയ നിരവധി നിലകളിൽ സേവനമനുഷ്ഠിച്ചു. കനേഡിയൻ മലയാളികളുടെ ഇടയിൽ ഇപ്പോഴും സജീവ സാന്നിധ്യമാണ്. ഇപ്പോൾ കനേഡിയൻ മലയാളി അസോസിയേഷന്റെ പ്രസിഡന്റായും പ്രവർത്തിക്കുന്നു.

ഈ വർഷത്തെ മുനിസിപ്പൽ തെരഞ്ഞെടുപ്പിൽ നിരവധി മലയാളികൾ രംഗത്തുണ്ട്. സ്കൂൾ ബോർഡ് ട്രസ്റ്റി മാരായിരുന്ന സൂസൻ ബെഞ്ചമിൻ, ഷോൺ സേവ്യർ, അനീഷാ തോമസ് എന്നിവരെ കൂടാതെ രേഷ്മ മാത്യു, മാത്യു തോമസ് കുതിരവട്ടം, തുടങ്ങിയ ഒട്ടേറെപ്പേർ ഇത്തവണ മത്സരിക്കുന്നുണ്ട്.

സെന്റ് ജോസഫ്സ് ഹെൽത്ത് കെയറിലെ 120 നഴ്സുമാരെ പിരിച്ചുവിടാനുള്ള തീരുമാനം പുനഃപരിശോധിക്കണം: ലണ്ടൻ ഒന്റാരിയോ മലയാളി അസോസിയേഷൻ

സെന്റ് ജോസഫ്സ് ഹെൽത്ത് കെയർ ലണ്ടനിലെ 120 നഴ്സുമാരെ പിരിച്ചുവിടാനുള്ള തീരുമാനം പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് ലണ്ടൻ ഒന്റാറിയോ മലയാളി അസോസിയേഷൻ (ലോമ) പ്രീമിയർ ഡഗ് ഫോർഡിന് കത്തയച്ചു.

ലണ്ടനിലും തെക്കുപടിഞ്ഞാറൻ ഒന്റാറിയോയിലുമുള്ള മലയാളി സമൂഹത്തെ പ്രതിനിധീകരിച്ചാണ് അസോസിയേഷൻ ഈ ആവശ്യം ഉന്നയിച്ചത്.

സെന്റ് ജോസഫ്സ് ഹെൽത്ത് കെയർ ലണ്ടൻ അടുത്തിടെ 120 ആരോഗ്യപ്രവർത്തകരെ, പ്രത്യേകിച്ച് രജിസ്റ്റർ ചെയ്ത നഴ്സുമാരെ പിരിച്ചുവിടാൻ എടുത്ത തീരുമാനത്തിലുള്ള അതീവ ആശങ്ക കത്തിലൂടെ അറിയിച്ചു.

ഒന്റാറിയോയിലെ ആരോഗ്യമേഖലയുടെ നട്ടെല്ലായ മലയാളി നഴ്സുമാർ കോവിഡ് മഹാമാരിയുടെ കാലഘട്ടത്തിലുൾപ്പെടെ ക്രിട്ടിക്കൽ കെയർ, വയോജന പരിചരണം തുടങ്ങിയ മേഖലകളിൽ നിസ്തുലമായ സേവനം കാഴ്ചവെച്ചവരാണ്. പെട്ടെന്നുള്ള ഈ പിരിച്ചുവിടൽ നിരവധി മലയാളി കുടുംബങ്ങളുടെ ഉപജീവനത്തെയും സാമ്പത്തിക ഭദ്രതയെയും ബാധിക്കുന്നതിനൊപ്പം അവരുടെ മാനസിക പ്രയാസങ്ങൾക്കും കാരണമാകുന്നു.

പ്രധാനമായും മൂന്ന് വിഷയങ്ങളാണ് അസോസിയേഷൻ ചൂണ്ടിക്കാട്ടുന്നത്:

1. പ്രാദേശിക കുടുംബങ്ങളിലെ ആഘാതം: വരുമാനമില്ലാതാകുന്നതോടെ ഭവനവായ്പ തിരിച്ചടവ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കുടുംബങ്ങൾ വലിയ പ്രതിസന്ധി നേരിടുന്നു.

2. രോഗീപരിചരണത്തിലെ സമ്മർദ്ദം: 120 തസ്തികകൾ വെട്ടിക്കുറയ്ക്കുന്നത് നിലവിലുള്ള ജീവനക്കാരുടെ ജോലിഭാരം വർദ്ധിപ്പിക്കുകയും രോഗികൾക്ക് ചികിത്സ ലഭിക്കാനുള്ള കാലതാമസത്തിന് ഇടയാക്കുകയും ചെയ്യും.

3. വിദഗ്ധരുടെ കുറവ്: ആരോഗ്യമേഖലയിൽ ജീവനക്കാരുടെ ക്ഷാമം നേരിടുന്ന സമയത്ത്, പരിശീലനം ലഭിച്ച നഴ്സുമാരെ പുറത്താക്കുന്നത് പൊതുജനാരോഗ്യശൃംഖലയെ ദുർബലപ്പെടുത്തും.

ബജറ്റ് പ്രതിസന്ധികൾ പരിഹരിക്കാൻ മുൻനിര നഴ്സിംഗ് സേവനങ്ങളിൽ വെട്ടിക്കുറയ്ക്കൽ നടത്തുന്നത് ഉചിതമായ മാർഗ്ഗമല്ലെന്ന് അസോസിയേഷൻ അഭിപ്രായപ്പെട്ടു. അടിയന്തര ഫണ്ടിംഗ് സംവിധാനങ്ങളിലൂടെയോ പ്രവർത്തനപരമായ ക്രമീകരണങ്ങളിലൂടെയോ ഈ പിരിച്ചുവിടൽ ഒഴിവാക്കാൻ ആരോഗ്യ മന്ത്രാലയം ഇടപെടണമെന്ന് കത്തിലൂടെ അഭ്യർത്ഥിച്ചു.

ലണ്ടനിലെ ആരോഗ്യമേഖലയിൽ സുസ്ഥിരമായ പരിഹാരങ്ങൾ കണ്ടെത്തുന്നതിനായി ക്രിയാത്മകമായ ചർച്ചകൾക്ക് തങ്ങൾ സന്നദ്ധമാണെന്നും ലണ്ടൻ ഒന്റാറിയോ മലയാളി അസോസിയേഷൻ എക്സിക്യൂട്ടീവ് കമ്മിറ്റിയും ബോർഡ് ഓഫ് ഡയറക്ടേഴ്സും അറിയിച്ചു.

GIMVS
Global Immigration And Visa Services

"Where dreams take flight, your future begins with us."

OUR SERVICES
- Permanent Residency & PNP
- College Admission & Study Visa
- Visitor Visa / Super Visa / Caregiver Visa
- PR Card Renewal / Citizenship
- Family Sponsorship (Spousal / PGP)
- PGWP/Spouse Work Permit / LMIA Work Permit
- Business / Investor Program
- PFL/Rejection/Misrepresentation Cases
- Intra Company Transfer

Sini Isaac
Regulated Canadian Immigration Consultant
R530967
RCIC Regulated Canadian Immigration Consultant

T: +1 289 210-0222
E: info@gimvs.com
www.gimvs.com

Follow us on



ട്രംപിന്റെ താരിഫുകൾ അമേരിക്കക്കാർക്ക് ഭാരമായി; കനേഡിയൻ ഇടപെടൽ ആരോപിച്ച് യുഎസ്



അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ താരിഫുകൾ അമേരിക്കൻ കുടുംബങ്ങൾക്ക് ചെലവ് വർദ്ധിപ്പിക്കുകയും പതിറ്റാണ്ടുകളായുള്ള വ്യാപാര ബന്ധം തകർക്കുകയും ചെയ്തതായി കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണി ബുധനാഴ്ച പറഞ്ഞു. കാനഡയുടെ ഉൽപ്പാദന മേഖലയെ വ്യാപാരയുദ്ധത്തിൽ നിന്ന് സംരക്ഷിക്കാൻ മൾട്ടി ബില്യൺ ഡോളർ പാക്കേജും അദ്ദേഹം പ്രഖ്യാപിച്ചു. അടുത്ത മാസത്തെ ഇടക്കാല തിരഞ്ഞെടുപ്പിന് മുന്നോടിയായി കനേഡിയൻ രാഷ്ട്രീയക്കാർ അമേരിക്കൻ രാഷ്ട്രീയത്തിൽ സ്വാധീനം ചെലുത്താൻ ശ്രമിച്ചതായി കാനഡയിലെ യുഎസ് എംബസി ആരോപിച്ചു.

ട്രംപുമായി താൻ വ്യാപാരം ഉൾപ്പെടെയുള്ള വിഷയങ്ങളെക്കുറിച്ച് ദീർഘനേരം സംസാരിച്ചതായി കാർണി വ്യക്തമാക്കി. തെറ്റായ ഇടപെടൽ എന്ന ആരോപണം കാർണിയും ഒന്റാറിയോ പ്രീമിയർ ഡഗ് ഫോർഡും തള്ളി. വാഹന നിർമ്മാതാക്കൾ കാനഡയിൽ നിന്ന് ഉൽപ്പാദനം അമേരിക്കയിലേക്ക് മാറ്റണമെന്ന് ട്രംപ് പരസ്യമായി ആവശ്യപ്പെട്ടിരുന്നു.

'യുഎസ് താരിഫുകൾ പതിറ്റാണ്ടുകളായി നിലവിലുണ്ടായിരുന്ന ഒരു വ്യാപാര ഉടമ്പടിയെ തകിടം മറിച്ചു,' കാർണി പറഞ്ഞു. അമേരിക്കൻ കുടുംബങ്ങൾക്ക് ഇത് ചെലവ് വർദ്ധിപ്പിച്ചപ്പോൾ ഒന്റാറിയോയിലെ തൊഴിലാളികളെയും ബിസിനസുകളെയും ഇത് പ്രതികൂലമായി ബാധിച്ചുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കാനഡയുഎസ് ബന്ധം എന്നെന്നേക്കുമായി മാറിയെന്നും പഴയപടിയിലേക്ക് തിരിച്ചുപോകില്ലെന്നും ഡഗ് ഫോർഡ് അഭിപ്രായപ്പെട്ടു.

കാനഡയുടെ നിർമ്മാണ ഹൃദയഭൂമിയായ ഒന്റാറിയോയിലെ സ്റ്റീൽ നിർമ്മാതാക്കളെയും വാഹന നിർമ്മാതാക്കളെയും നിർണായക ധാതു വികസനത്തെയും പിന്തുണയ്ക്കുന്നതിനായി 8.7 ബില്യൺ കനേഡിയൻ ഡോളറിന്റെ (6.2 ബില്യൺ ഡോളർ) പദ്ധതി കാർണിയും ഫോർഡും പ്രഖ്യാപിച്ചു. യുഎസ് ഉടമസ്ഥതയിലുള്ള സ്റ്റീൽ നിർമ്മാതാക്കളായ ക്ലീവ്‌ലാൻഡ്-ക്ലിഫ്സ് ഹാമിൽട്ടണിലെ ഒന്റാറിയോ പ്ലാന്റിൽ പിരിച്ചുവിടൽ പ്രഖ്യാപിച്ചതിന് പിന്നാലെയാണ് ഈ പ്രഖ്യാപനം.

പലിശനിരക്ക് വർദ്ധന പ്രവചിച്ച് നിക്ഷേപകർ: കനേഡിയൻ ഡോളർ നാലാഴ്ചത്തെ ഉയർന്ന നിരക്കിൽ



ടൊറന്റോ: അടുത്ത ആഴ്ച നടക്കുന്ന ബാങ്ക് ഓഫ് കാനഡയുടെ നയരൂപീകരണ യോഗത്തിൽ പലിശനിരക്ക് ഉയർത്തിയേക്കുമെന്ന ശക്തമായ സൂചനകളെത്തുടർന്ന് കനേഡിയൻ ഡോളർ അമേരിക്കൻ ഡോളറിനെതിരെ നാലാഴ്ചത്തെ ഉയർന്ന നിരക്കിൽ എത്തി. ബുധനാഴ്ചത്തെ വ്യാപാരത്തിൽ ഒരു യു.എസ് ഡോളറിന് 1.4050 കനേഡിയൻ ഡോളർ എന്ന നിരക്കിലാണ് വ്യാപാരം നടന്നത്. സെപ്തംബർ 22 ന് ശേഷമുള്ള ഏറ്റവും ഉയർന്ന നിരക്കായ 1.4030 എന്ന നിലവാരത്തിലേക്ക് ചൊവ്വാഴ്ച ലൂണി എത്തിയിരുന്നു. ദുർബലമായ യു.എസ് ഡോളറും ബാങ്ക് ഓഫ് കാനഡ കൈക്കൊള്ളുന്ന കടുത്ത നിലപാടുകളുമാണ് കനേഡിയൻ കറൻസിക്ക് കരുത്തുപകരുന്നത്.

ക്രൂഡ് ഓയിൽ, പെട്രോളിയം ഉൽപ്പന്നങ്ങൾ എന്നിവയുടെ നിരക്ക് ഉയർന്ന നിലയിൽ തുടരുന്ന സാഹചര്യത്തിൽ ബാങ്ക് ഓഫ് കാനഡ ഈ മാസത്തെ പണപ്പെരുപ്പ പ്രവചനം ഗണ്യമായി ഉയർത്താൻ സാധ്യതയുണ്ടെന്ന് ബാങ്ക് ഗവർണർ ടിഫ് മക്ലെം വ്യക്തമാക്കിയിരുന്നു. ഒക്ടോബർ 28 ന് നടക്കുന്ന യോഗത്തിൽ കേന്ദ്ര ബാങ്ക് ബെഞ്ച്മാർക്ക് പലിശ നിരക്ക് 25 ബേസിസ് പോയിന്റ് വർദ്ധിപ്പിച്ച് 2.50 ശതമാനമാക്കുമെന്നാണ് നിക്ഷേപകരിൽ ഭൂരിഭാഗവും പ്രതീക്ഷിക്കുന്നത്. പലിശനിരക്ക് വർദ്ധനയ്ക്കുള്ള സാധ്യതകൾ ശക്തമാണെങ്കിലും, അമേരിക്കയും കാനഡയും തമ്മിലുള്ള വ്യാപാര ബന്ധങ്ങളിലെ അനിശ്ചിതത്വം കനേഡിയൻ സാമ്പത്തിക വളർച്ചയ്ക്ക് വലിയ വെല്ലുവിളിയായി തുടരുന്നുണ്ട്.

അമേരിക്കൻ തീരുവകൾ സൃഷ്ടിക്കുന്ന പ്രതിസന്ധി മറികടക്കാനും സ്റ്റീൽ, ഓട്ടോ മേഖലകളെ സഹായിക്കാനും ലക്ഷ്യമിട്ട് കാനഡയും ഒന്റാറിയോ പ്രവിശ്യയും ചേർന്ന് 9 ശതകോടി കനേഡിയൻ ഡോളറിന്റെ പ്രത്യേക സഹായ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. രാജ്യത്തെ സാമ്പത്തിക നിലവാരത്തിന്റെ യഥാർത്ഥ ചിത്രം വ്യക്തമാക്കുന്ന ഓഗസ്റ്റ് മാസത്തെ റീട്ടെയിൽ വിൽപ്പന വിവരങ്ങൾ വെള്ളിയാഴ്ച പുറത്തുവരും. ജൂലൈയിലെ ഇടിവിന് ശേഷം ഓഗസ്റ്റിൽ റീട്ടെയിൽ മേഖല 1.3 ശതമാനത്തിന്റെ തിരിച്ചു വരവ് നടത്തുമെന്നാണ് വിദഗ്ധരുടെ വിലയിരുത്തൽ.

അതേസമയം റഷ്യ-ഉക്രെയ്ൻ സമാധാന ചർച്ചകളെക്കുറിച്ചുള്ള പ്രതീക്ഷകളും യു.എസ് എണ്ണ ശേഖരത്തിലെ കുറവും വിപണിയെ സ്വാധീനിച്ചതോടെ കാനഡയുടെ പ്രധാന കയറ്റുമതി ഉൽപ്പന്നമായ അസംസ്കൃത എണ്ണയുടെ വിലയിൽ ഇടിവുണ്ടായി. യു.എസ് ക്രൂഡ് ഓയിൽ ഫ്യൂച്ചറുകൾ 0.9 ശതമാനം ഇടിഞ്ഞ് ബാരലിന് 96.98 ഡോളറിലെത്തിയപ്പോൾ, മറ്റ് പ്രമുഖ കറൻസികൾക്കെതിരെ യു.എസ് ഡോളർ 0.1 ശതമാനം നിരാശാജനകമായ പ്രകടനമാണ് കാഴ്ചവെച്ചത്. ഇതിനൊപ്പം കനേഡിയൻ ഗവൺമെന്റ് ബോണ്ട് യീൽഡുകളിലും കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്.



പലിശ നിരക്കിനെക്കുറിച്ചുള്ള മിഥ്യാധാരണകൾ കാനഡയിലെ യഥാർത്ഥ ഭവനപ്രതിസന്ധി മറയ്ക്കുന്നുവോ?

ഇന്നത്തെ കാനഡയിലെ ഭവന വിപണിയിൽ യുവാക്കൾക്ക് കാര്യങ്ങൾ ഇത്ര യധികം പ്രയാസകരമാണോ എന്നും, ഇന്നത്തെ കുറഞ്ഞ പലിശനിരക്കുകൾ വീടുകളുടെ ഉയർന്ന വിലയെ നികത്തുന്നില്ലേ എന്നും ബേബി ബൂമർ തലമുറയിൽപ്പെട്ടവർ പതിവായി ചോദിക്കാറുണ്ട്. എന്നാൽ, ദേശീയ ഭവന ചർച്ചകളെ പ്രതികൂലമായി ബാധിക്കുന്ന ഈ മിഥ്യാധാരണയെ അവസാനിപ്പിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

കുറഞ്ഞ പലിശനിരക്കുകൾ താങ്ങാനാവുന്ന വിലയ്ക്കുള്ള പരിഹാരമാണെന്നാണ് പലരും കരുതുന്നത്, എന്നാൽ യഥാർത്ഥത്തിൽ അവ പ്രതിസന്ധിയുടെ ഭാഗമായി മാറുകയാണുണ്ടായത്. ഇത്തരം കുറഞ്ഞ നിരക്കുകൾ വീടുകൾ വാങ്ങുന്നവർക്ക് വലിയ തുക ലേലം വിളിക്കാൻ അവസരമൊരുക്കുകയും വില ഇനിയും ഉയർത്തുകയും ചെയ്യുന്നു. സ്റ്റാറ്റിസ്റ്റിക്സ് കാനഡയുടെയും കനേഡിയൻ റിയൽ എസ്റ്റേറ്റ് അസോസിയേഷന്റെയും കഴിഞ്ഞ 50 വർഷത്തെ കണക്കുകളാണ് ഈ യാഥാർത്ഥ്യം വെളിപ്പെടുത്തുന്നത്.

കാനഡയിലെ ഭവന പ്രതിസന്ധി മറ്റൊരു പ്രതിസന്ധിയാണ് സൃഷ്ടിച്ചിരിക്കുന്നത്. 1980കളുടെ തുടക്കത്തിൽ പലിശനിരക്കുകൾ വളരെ കഠിനമായിരുന്നു. 1982ൽ അഞ്ച് വർഷത്തെ കൺവെൻഷണൽ മോർട്ട്ഗേജുകൾക്ക് പലിശ 18 ശതമാനത്തോളം ഉയർന്നു. അഞ്ച് വർഷം മുമ്പ് 10 ശതമാനമായിരുന്നത് ഇത്തരത്തിൽ ഉയർന്നപ്പോൾ പലരുടെയും ജീവിതം ബുദ്ധിമുട്ടിലായി, പ്രത്യേകിച്ച് വേരിയബിൾ റേറ്റ് വായ്പയെടുത്ത വീടുടമകൾക്ക്. അക്കാലത്ത് വാർഷിക മോർട്ട്ഗേജ് ചെലവുകൾ നികത്താൻ ആവശ്യമായ ജോലി, നാല് മാസത്തെ ഫുൾടൈം വരുമാനത്തിന് തുല്യമായിരുന്നത് ആറ് മാസത്തെ വരുമാനമായി ഉയർന്നു. ഈ വേദനകൾ താൽക്കാലികമായിരുന്നു എന്നതാണ് വസ്തുത.



അഞ്ച് വർഷത്തിനുള്ളിൽ നിരക്കുകൾ 1970 കളുടെ മധ്യത്തിലെ നിലവാരത്തിലേക്ക് താഴ്ന്നു. 1990 കളിൽ അവ വീണ്ടും കുറയുകയും 2002 ഓടെ 7 ശതമാനത്തിന് താഴെയാവുകയും ചെയ്തു.

എന്നാൽ മോർട്ട്ഗേജ് തിരിച്ചടവുകൾ മാത്രം പരിഗണിച്ചാൽ പോരാ, ഭവനം താങ്ങാനാവുന്നതാണോ എന്ന് നിശ്ചയിക്കുന്ന മറ്റ് രണ്ട് ഘടകങ്ങൾ കൂടിയുണ്ട്. ഡൗൺ പേയ്മെന്റ് സമ്പാദിക്കാൻ ആവശ്യമായ ജോലിയും വീട് വാങ്ങുന്നതിലൂടെയുണ്ടാകുന്ന മോർട്ട്ഗേജ് റിസ്കുമാണ് അവ. കുറഞ്ഞ വായ്പാ ചെലവുകൾ വലിയ തുക വായ്പയെടുക്കാൻ അവസരമൊരുക്കുകയും വിലവർദ്ധനവിന് കാരണമാവുകയും ചെയ്തുകൊണ്ട് ഈ രണ്ട് അളവുകോലുകളെയും കൂടുതൽ വഷളാക്കുന്നു. കഴിഞ്ഞ കാൽ നൂറ്റാണ്ടിൽ, പ്രത്യേകിച്ച് പാൻഡെമിക് സമയത്ത് പലിശനിരക്ക് 3 ശതമാനത്തിലേക്ക് താഴ്ന്നപ്പോൾ, വിലകുറഞ്ഞ വായ്പകൾ വീടുകളുടെ മൂല്യം കുതിച്ചുയരാൻ ഇടയാക്കി. ഇന്ന് പലിശനിരക്ക് വളരെ കുറവാണെങ്കിലും ഭവന ഉടമസ്ഥതയുമായി ബന്ധപ്പെട്ട മൂന്ന് ചെലവ് സമ്മർദ്ദങ്ങളും ഗണ്യമായി വർദ്ധിച്ചിരിക്കുകയാണ്.

1982ൽ ഒരു സാധാരണ വീടിനായി 20 ശതമാനം ഡൗൺ പേയ്മെന്റ് സമ്പാദിക്കാൻ ഒരു ചെറുപ്പക്കാരന് ഏകദേശം അഞ്ച് വർഷം വേണ്ടിവന്നിരുന്നു. അതിനുശേഷം, ശരാശരി ഒരു വീട് വാങ്ങാൻ ഇന്നത്തെ മൂല്യത്തിൽ ഏകദേശം 1,73,000 ഡോളറിന്റെ മോർട്ട്ഗേജ് അവർക്ക് ആവശ്യമായിരുന്നു. എന്നാൽ ഇന്ന് കാനഡയിലെ ഒരു സാധാരണ ചെറുപ്പക്കാരന് സമാനമായ ഒരു ഡൗൺ പേയ്മെന്റ് സമ്പാദിക്കാൻ 13 വർഷം വേണം. മാത്രമല്ല, അവർ 5,40,000 ഡോളറിലധികം മോർട്ട്ഗേജ് കടം എടുക്കുകയും വാർഷിക ചെലവുകൾ നികത്താൻ ഏഴ് മാസത്തെ ഫുൾടൈം വരുമാനത്തിന് തുല്യമായ തുക വിനിയോഗിക്കുകയും വേണം. ഇത് 1980കളിലെ ഏറ്റവും ഉയർന്ന പലിശനിരക്ക് സമയത്തുണ്ടായിരുന്നതിനേക്കാൾ ഒരു മാസം കൂടുതലാണ്. ഒന്റാറിയോയിലും ബ്രിട്ടീഷ് കൊളംബിയയിലും സ്ഥിതി ഇതിലും നിരാശാജനകമാണ്. അവിടെ ഡൗൺ പേയ്മെന്റിനായി തുക സമ്പാദിക്കാൻ 16 മുതൽ 18 വർഷം വരെ സമയമെടുക്കും. മോർട്ട്ഗേജ് കടം ഒന്റാറിയോയിൽ ഏകദേശം 6,09,000 ഡോളറായും ബി.സി.യിൽ 7,63,000 ഡോളറായും ഉയരുന്നു. വാർഷിക മോർട്ട്ഗേജ് ചെലവുകൾ എട്ട് മുതൽ ഒമ്പത് മാസത്തെ അധ്വാനത്തിന് തുല്യവുമാണ്.

ഈ കണക്കുകൾ രണ്ട് കഠിനമായ സത്യങ്ങളാണ് വെളിപ്പെടുത്തുന്നത്. കഠിനാധ്വാനം സ്വന്തമായി ഒരു വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കുമെന്ന പ്രതീക്ഷ 1982നേക്കാൾ ഇന്ന് എത്രയോ ഇരട്ടി പ്രയാസകരമാണ് എന്നതാണ് ആദ്യത്തെ സത്യം. രണ്ടാമതായി, ഇന്നത്തെ ചെറുപ്പക്കാരെ ബുദ്ധിമുട്ടിക്കുന്ന വീടുകളുടെ വിലവർദ്ധനവ്, 1980കളുടെ തുടക്കത്തിലെ പലിശനിരക്കിന്റെ ആഘാതത്തെ അതിജീവിച്ച അന്നത്തെ വീടുടമകൾക്ക് വലിയ സമ്പത്ത് ഉണ്ടാക്കിക്കൊടുത്തു. പണപ്പെരുപ്പത്തിന് അനുസൃതമായി ക്രമീകരിച്ച ശേഷം, ഒരു ശരാശരി കനേഡിയൻ വീടുടമയ്ക്ക് 1982നും 2025നും ഇടയിൽ ഏകദേശം 4,63,000 ഡോളറിന്റെ അധിക ഭവന ഇക്വിറ്റി ലഭിച്ചു. ഒന്റാറിയോയിലും ബ്രിട്ടീഷ് കൊളംബിയയിലും ഈ വർദ്ധനവ് 6,25,000 ഡോളറിലധികമായിരുന്നു.

ഏറ്റവും ഉയർന്ന അഫോർഡബിലിറ്റി പ്രശ്നം ഒന്റാറിയോയിലും ബി.സി.യിലുമാണെങ്കിലും ഈ അവസ്ഥ രാജ്യമൊട്ടാകെയുണ്ട്. വീടുകളുടെ വിലയിൽ തന്നെ ഇത്തരം ഭയവും അനിശ്ചിതത്വവും നേരിടേണ്ടി വരുന്നത് ഏത് യുവതലമുറയെയും തളർത്തും. അതുകൊണ്ടാണ് ഇന്നത്തെ പല യുവാക്കൾക്കും ഭവന വിപണിയിൽ തങ്ങൾക്ക് സ്ഥാനമില്ലെന്ന് തോന്നുന്നതിൽ അത്ഭുതമില്ലാത്തത്.

1,80,000 മുതൽ 2,40,000 ഡോളർ വരെ മാത്രം ഉയർന്ന പ്രേരിസ്, ന്യൂഫൗണ്ട്ലാൻഡ് ആൻഡ് ലാബ്രഡോർ എന്നിവിടങ്ങളിൽ പോലും, ഇന്നത്തെ ചെറുപ്പക്കാർക്ക് ഡൗൺ പേയ്മെന്റ് സമ്പാദിക്കാൻ 1982ലെ യുവാക്കളേക്കാൾ നാല് മുതൽ അഞ്ച് വർഷം വരെ കൂടുതൽ ജോലി ചെയ്യേണ്ടതുണ്ട്. എങ്കിലും, കുറഞ്ഞ ചെലവുള്ള ഈ മേഖലകളിൽ മാത്രം ഒരു ചെറിയ വ്യത്യാസമുണ്ട്. 1982ലെ പലിശനിരക്കിന്റെ ഉച്ചസ്ഥായിയിൽ, പ്രേരിസ് പ്രവിശ്യകളിലെയും ന്യൂഫൗണ്ട്ലാന്റിലെയും വീടുടമകൾ, ഇന്നത്തെ യുവ വാങ്ങലുകാരേക്കാൾ അസലും പലിശയും അടച്ചുതീർക്കാൻ 10 ദിവസത്തിനും ഏഴ് ആഴ്ചയ്ക്കും ഇടയിൽ അധികമായി ജോലി ചെയ്യേണ്ടിവന്നിരുന്നു. ഈ ഒരു കാര്യത്തിൽ മാത്രം, അന്നത്തെ ചില ബൂമറുകൾക്ക് അല്പം കൂടുതൽ പ്രയാസമുണ്ടായിരുന്നു.

1980 കളുടെ തുടക്കം പല കനേഡിയൻമാർക്കും ഭയപ്പെടുത്തുന്നതായിരുന്നു എന്നത് നിഷേധിക്കാനാവില്ല. വായ്പകൾ വളരെ ചെലവേറിയതായപ്പോൾ ചിലർക്ക് അത് താങ്ങാൻ കഴിഞ്ഞില്ല. എന്നാൽ ഇന്ന് ചെറുപ്പക്കാർ നേരിടുന്നത് പലിശനിരക്കിലെ താൽക്കാലിക വർദ്ധനവ് മാത്രമല്ല. ഒരു മോർട്ട്ഗേജ് എടുക്കാനും അത് അടച്ചുതീർക്കാനും ആവശ്യമായ അധ്വാനം 1982 ൽ ബൂമർ തലമുറ നേരിട്ട ഏറ്റവും വലിയ ബുദ്ധിമുട്ടുകളേക്കാൾ വളരെ വലുതായ ഒരു ഭവന സംവിധാനത്തെയാണ് അവർ നേരിടുന്നത്. ഏതാനും ബുദ്ധിമുട്ടുള്ള വർഷങ്ങളിലല്ല, മറിച്ച് തന്റെ ഭവന ഭാവിയിൽ തന്നെ ഇത്തരം ഭയവും അനിശ്ചിതത്വവും നേരിടേണ്ടി വരുന്നത് ഏത് യുവതലമുറയെയും തളർത്തും. അതുകൊണ്ടാണ് ഇന്നത്തെ പല യുവാക്കൾക്കും ഭവന വിപണിയിൽ തങ്ങൾക്ക് സ്ഥാനമില്ലെന്ന് തോന്നുന്നതിൽ അത്ഭുതമില്ലാത്തത്.



കാനഡയ്ക്ക് അനുകൂല നിലപാട് വേണം; വിയോജനവാദികൾക്ക് മറ്റൊരു പാർട്ടിയിൽ ചേരാമെന്ന് ആൽബർട്ട പ്രിമിയർ

കാൽഗറി: കാനഡയിൽനിന്ന് വേർപിരിയണമെന്ന നിലപാടുള്ളവർ പാർട്ടി വിടണമെന്ന് ആൽബർട്ട പ്രിമിയർ ഡാനിയേൽ സ്മിത്ത്. കാനഡയിൽ തുടരണമെന്ന ആൽബർട്ടയിലെ ജനങ്ങളുടെ തീരുമാനത്തെ യുണൈറ്റഡ് കൺസർവേറ്റീവ് പാർട്ടി (യുസിപി) അംഗങ്ങൾ അംഗീകരിക്കണമെന്നും അവർ ആവശ്യപ്പെട്ടു. ബുധനാഴ്ച കാൽഗറിയിൽ നടത്തിയ വാർത്താ സമ്മേളനത്തിലും പാർട്ടി അംഗങ്ങൾക്കായി പുറത്തിറക്കിയ വിഡിയോ സന്ദേശത്തിലും സ്മിത്ത് നിലപാട് വ്യക്തമാക്കി.

പാർട്ടിയെ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ ഉപകരണമാക്കി മാറ്റാൻ ശ്രമിക്കുന്നവർക്ക് മറ്റൊരു പാർട്ടിയിൽ ചേരാമെന്ന് സ്മിത്ത് പറഞ്ഞു. പ്രവിശ്യ സ്വതന്ത്രമാകണമെന്ന നിലപാടുള്ളവർക്ക് സ്വന്തം അഭിപ്രായം പ്രകടിപ്പിക്കാം. എന്നാൽ പാർട്ടിയുടെ പേരിൽ മത്സരിക്കുന്ന സ്ഥാനാർഥികൾ പാർട്ടിയുടെ ഔദ്യോഗിക നിലപാടിനോട് പ്രതിബദ്ധത പുലർത്തണമെന്നും അവർ വ്യക്തമാക്കി.

വേർപിരിയലിനെ അനുകൂലിച്ച് വോട്ട് ചെയ്തവരിൽ നിരാശയും അമർഷവുമുണ്ടെന്ന് തനിക്ക് അറിയാമെന്ന് സ്മിത്ത് പറഞ്ഞു. എന്നാൽ ഇപ്പോൾ നിലപാട് പുനഃപരിശോധിക്കേണ്ട സമയമാണ്. അഭിപ്രായം പറയാനുള്ള അവകാശമുണ്ടെങ്കിലും ആഗ്രഹിക്കുന്നതെല്ലാം നടപ്പാക്കാനാകില്ലെന്നും അവർ കൂട്ടിച്ചേർത്തു.

ഐക്യ കാനഡയ്ക്കുള്ളിൽ ശക്തമായ ആൽബർട്ട എന്നതാണ് പാർട്ടിയുടെയും സർക്കാരിന്റെയും നിലപാടെന്ന് സ്മിത്ത് വ്യക്തമാക്കി. യുസിപി സ്വാതന്ത്ര്യവാദ പാർട്ടിയല്ലെന്നും അവർ പറഞ്ഞു. പാർട്ടിയുടെ സംസ്ഥാനതല സമിതിയിലെയും മണ്ഡലതല സമിതികളിലെയും അംഗങ്ങളും ഈ നിലപാട് ഉയർത്തിപ്പിടിക്കണമെന്നാണ് നേതൃത്വത്തിന്റെ പ്രതീക്ഷ. അടുത്ത തിരഞ്ഞെടുപ്പിൽ ന്യൂ ഡെമോക്രാറ്റിക് പാർട്ടിയെ പരാജയപ്പെടുത്തുന്നതിലേക്കാണ് യുസിപി ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതെന്നും സ്മിത്ത് പറഞ്ഞു.



മുൻ ആൽബർട്ട പ്രിമിയർ ജേസൺ കെന്നി സ്മിത്തിന്റെ നിലപാടിനെ പിന്തുണച്ചു. ജനാധിപത്യത്തിൽ പാർട്ടികൾക്ക് വ്യക്തമായ ആശയങ്ങളും തത്വങ്ങളും വേണമെന്നും അവയിലെ അംഗങ്ങൾ പൊതുവെ അവയെ പിന്തുണയ്ക്കണമെന്നും അദ്ദേഹം പറഞ്ഞു. തീവ്രനിലപാടുകളിൽനിന്ന് പാർട്ടിയെ സംരക്ഷിക്കേണ്ടത് നേതൃത്വത്തിന്റെ ഉത്തരവാദിത്തമാണെന്നും കെന്നി അഭിപ്രായപ്പെട്ടു.

2027ലെ പൊതുതിരഞ്ഞെടുപ്പിൽ യുസിപിക്കുള്ളിലെ ഭിന്നത തിരിച്ചടിയാകാമെന്ന് കെന്നി ചൂണ്ടിക്കാട്ടി. എന്നാൽ വേർപിരിയലിനെ പിന്തുണയ്ക്കുന്നവർ പാർട്ടി വിട്ട് പുതിയൊരു പാർട്ടി രൂപീകരിച്ചാൽ യുസിപിക്ക് വലിയ ദോഷമുണ്ടാകുമെന്ന് കരുതുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. മുഖ്യധാരാ മധ്യവലതുപക്ഷ പാർട്ടികൾക്ക് ഇത്തരം ചെറുപാർട്ടികൾ ഉണ്ടാകുന്നത് ഗുണകരമാകാമെന്നും കെന്നി അഭിപ്രായപ്പെട്ടു.

എന്നാൽ സ്മിത്തിന്റെ തീരുമാനം തിരിച്ചടിയാകാമെന്നാണ് ആൽബർട്ട പ്രോസ്പെരിറ്റി പ്രോജക്ട് മേധാവിയും വേർപിരിയൽ അനുകൂലിയുമായ മിച്ച് സിൽവെസ്റ്ററിന്റെ അഭിപ്രായം. അദ്ദേഹം, യാഥാസ്ഥിതിക രാഷ്ട്രീയ പ്രസ്ഥാനത്തെ തന്നെ തകർക്കാനാണോ പ്രിമിയർ ശ്രമിക്കുന്നതെന്ന് ചോദിച്ചു. വേർപിരിയലിനെ പിന്തുണയ്ക്കുന്നവരോട് സ്വന്തം പാർട്ടി രൂപീകരിക്കാൻ ആവശ്യപ്പെടുന്നത് ന്യായമല്ലെന്നും ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത് പ്രിമിയർ അല്ല, പാർട്ടിയുടെ ഭരണസമിതിയാണെന്നും അദ്ദേഹം പറഞ്ഞു.

വേർപിരിയലിനെ അനുകൂലിക്കുന്ന സംഘടനയായ 'ലെറ്റ്സ് ടോക്ക് ആൽബർട്ടിന്റെ' നേതാവ് ക്രിസ് സ്കോട്ടും സ്മിത്തിന്റെ നിലപാടിനെ വിമർശിച്ചു. യുസിപിയുടെ സംസ്ഥാന ഭരണസമിതിയിൽ സെൻട്രൽ ഡയറക്ടർ സ്ഥാനത്തേക്ക് മത്സരിക്കാനുള്ള രേഖകൾ സമർപ്പിച്ചിട്ടുണ്ടെന്നും വേർപിരിയൽ അനുകൂല നിലപാടിൽ ഉറച്ചുനിന്ന് മത്സരിക്കുമെന്നും അദ്ദേഹം പറഞ്ഞു. സ്മിത്തിന്റെ പ്രസ്താവനയെ വഞ്ചനയായും തങ്ങളുടെ രാഷ്ട്രീയ പങ്കാളിത്തം നിഷേധിക്കുന്ന നടപടിയായും വേർപിരിയൽ അനുകൂലികൾ കാണുമെന്നും സ്കോട്ട് അഭിപ്രായപ്പെട്ടു. പാർട്ടിയിലെ ഭിന്നത പരിഹരിക്കാൻ കഴിയാത്തപക്ഷം പ്രിമിയറിന് പിന്തുണ നഷ്ടപ്പെടുമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി.

രണ്ടാമതൊരു നിർബന്ധിത ഹിതപരിശോധന നടത്തുന്നതിനെ പിന്തുണച്ച് വോട്ട് ചെയ്യുമെന്ന് പരസ്യമായി അറിയിച്ചിരുന്ന യുസിപി നിയമസഭാംഗം ജേസൺ സ്റ്റീഫൻ, തിങ്കളാഴ്ച ഹിതപരിശോധനയിലെ വോട്ടെടുപ്പ് അവസാനിച്ചപ്പോൾ അടുത്ത തിരഞ്ഞെടുപ്പിൽ മത്സരിക്കില്ലെന്ന് പ്രഖ്യാപിച്ചിരുന്നു. ബുധനാഴ്ച ഇതേക്കുറിച്ച് പ്രതികരിച്ച സ്മിത്ത്, സ്റ്റീഫൻ സ്വമേധയാ പിന്മാറാൻ തീരുമാനിച്ചതാണെന്നും താൻ ആ തീരുമാനത്തെ പിന്തുണയ്ക്കുന്നുവെന്നും പറഞ്ഞു.

കാൽഗറിയിലെയും എഡ്മന്റണിലെയും വോട്ടർമാരുടെ പിന്തുണ നേടാൻ കഴിയില്ലെന്ന ആശങ്കയാണ് വേർപിരിയൽ വിഷയത്തിൽ കടുത്ത നിലപാടെടുക്കാൻ സ്മിത്തിനെ പ്രേരിപ്പിക്കുന്നതെന്ന് കാൽഗറി സർവകലാശാലയിലെ രാഷ്ട്രീയശാസ്ത്ര ഗവേഷക ലിസ യങ് വിലയിരുത്തി. പാർട്ടി അംഗങ്ങളുടെ വ്യത്യസ്ത നിലപാടുകളെ ഒരുപോലെ കൈകാര്യം ചെയ്യുന്നതിൽ സ്മിത്ത് ഇതുവരെ വിജയിച്ചിട്ടുണ്ടെന്നും എന്നാൽ ഇപ്പോൾ അവർക്ക് രാഷ്ട്രീയ സമ്മർദം അനുഭവപ്പെടുന്നുണ്ടെന്നും യങ് പറഞ്ഞു.

ഹിതപരിശോധനാ ഫലങ്ങൾ

പത്ത് ചോദ്യങ്ങളടങ്ങിയ ഹിതപരിശോധനയുടെ ഫലങ്ങൾ ബുധനാഴ്ച രാവിലെയും പുറത്തുവന്നുകൊണ്ടിരിക്കുകയായിരുന്നു. കാനഡയിൽ തുടരുന്നതിനെ ആൽബർട്ടയിലെ ഭൂരിപക്ഷം വോട്ടർമാരും ശക്തമായി പിന്തുണയ്ക്കുന്നുവെന്ന് തിങ്കളാഴ്ച രാത്രി റിപ്പോർട്ടുകൾ സൂചിപ്പിച്ചെങ്കിലും മറ്റു ചോദ്യങ്ങളിലെ ഫലങ്ങൾ അപ്പോഴും വ്യക്തമായിരുന്നില്ല.

ആദ്യത്തെ ഒൻപത് ചോദ്യങ്ങൾ കുടിയേറ്റവും ഭരണഘടനയുമായി ബന്ധപ്പെട്ട വിഷയങ്ങളുമാണ്. ഈ ചോദ്യങ്ങളിൽ നടപടിയെടുക്കാൻ 50 ശതമാനത്തിലധികം ഒരു വോട്ടിന്റെ ഭൂരിപക്ഷം മതിയെന്ന നിലപാടാണ് സ്മിത്ത് നേരത്തേ അറിയിച്ചിരുന്നത്.

കുടിയേറ്റവുമായി ബന്ധപ്പെട്ട അഞ്ച് ചോദ്യങ്ങൾ ആൽബർട്ട സർക്കാരിന് കുടിയേറ്റ നയത്തിൽ കൂടുതൽ നിയന്ത്രണം ഏറ്റെടുക്കാനുള്ള ജനപിന്തുണ നൽകുന്നതാണെന്ന് സ്മിത്ത് പറഞ്ഞു. മറ്റു പ്രവിശ്യകളിലും സമാനമായ വികാരമുണ്ടെന്നും മാർക്ക് കാർണി ആൽബർട്ടയിലെ ജനങ്ങളുടെ തീരുമാനത്തെ അംഗീകരിക്കുകയാണെന്നും അവർ കൂട്ടിച്ചേർത്തു.

സാമ്പത്തിക കുടിയേറ്റക്കാർക്ക് മുൻഗണന നൽകിയിരുന്ന മുൻകാല കുടിയേറ്റ സംവിധാനത്തിലേക്ക് മടങ്ങുന്നതിനെക്കുറിച്ച് ഗൗരവമായ ചർച്ചകൾ നടത്തേണ്ട സമയമാണിതെന്നും സ്മിത്ത് പറഞ്ഞു. ആൽബർട്ടയിലേക്ക് ആരെ പ്രവേശിപ്പിക്കണം, എത്രപേരെ അനുവദിക്കണം തുടങ്ങിയ തീരുമാനങ്ങളിൽ ഫെഡറൽ സർക്കാരും പ്രവിശ്യാ സർക്കാരും തമ്മിലുള്ള ഉത്തരവാദിത്തം പങ്കിടുന്നതിനായി ക്യൂബെക്കിന്റെ 1991ലെ കുടിയേറ്റ കരാറിനെ മാതൃകയാക്കാനും സർക്കാർ ആലോചിക്കുന്നുണ്ട്. പുതുതായി എത്തുന്നവരുടെ കഴിവുകൾ പ്രവിശ്യയിലെ തൊഴിൽ ആവശ്യങ്ങളുമായി പൊരുത്തപ്പെടുത്തുകയാണ് ലക്ഷ്യം. ഇതുമായി ബന്ധപ്പെട്ട പുതിയ നിയമനിർമാണം അടുത്ത വസന്തകാലത്ത് അവതരിപ്പിച്ചേക്കുമെന്നും സ്മിത്ത് അറിയിച്ചു.

നഗരപ്രദേശങ്ങളിലെയും ഗ്രാമപ്രദേശങ്ങളിലെയും വോട്ടർമാർക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ടെന്ന് ഹിതപരിശോധനാ ഫലങ്ങൾ വ്യക്തമാക്കുന്നതായും അവർ പറഞ്ഞു. ഭരണഘടനാ വിഷയങ്ങൾക്ക് പൊതുവിൽ കുറഞ്ഞ മുൻഗണനയാണ് ലഭിക്കുന്നതെന്നും സ്മിത്ത് വിലയിരുത്തി. കാര്യമായ മാറ്റങ്ങളുണ്ടാക്കാൻ കഴിയുന്ന വിഷയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാനാണ് ആൽബർട്ടയിലെ ജനങ്ങൾ ആഗ്രഹിക്കുന്നതെന്നും അതിനാൽ ചില ഭരണഘടനാ ഭേദഗതികൾക്കായി വലിയ ശ്രമം നടത്തേണ്ടതുണ്ടോയെന്ന് സംശയിക്കേണ്ട സാഹചര്യമുണ്ടെന്നും അവർ കൂട്ടിച്ചേർത്തു.

കാനഡയിൽ നിന്ന് വേർപിരിയുന്നതിന് വടക്കൻ ആൽബർട്ടയിലെ ഗ്രാമീണ മേഖലകളിൽ ശക്തമായ പിന്തുണ

കാനഡയിൽ നിന്ന് വേർപിരിയുന്നതിനുള്ള ഹിതപരിശോധനയിൽ വടക്കൻ ആൽബർട്ടയിലെ ജനങ്ങൾ, പ്രത്യേകിച്ച് ഗ്രാമീണ മേഖലകളിലെ വോട്ടർമാർ,വിഘടനവാദത്തിന്ശക്തമായ പിന്തുണ നൽകിയതായി വ്യക്തമാകുന്നു. രണ്ടാമത്തെ, നിർബന്ധിത ഹിതപരിശോധന നടത്താനുള്ള 'ഓപ്ഷൻ 2' ന് സെൻട്രൽ പീസ്നോട്ട് ലി മണ്ഡലത്തിൽ 50.7 ശതമാനം പേരുടെ പിന്തുണയാണ് ലഭിച്ചത്.

ഫെഡറൽസർക്കാരിനോടുള്ളവിശ്വാസമില്ലായ്മയാണ് ഇതിന് കാരണമെന്ന് മുനിസിപ്പൽ ഡിസ്ട്രിക്റ്റ് ഓഫ് പീസിലെ റീവ് റോബർട്ട് വില്ലിംഗ് പറഞ്ഞു. എണ്ണ, വാതക വ്യവസായങ്ങളുമായി ബന്ധപ്പെട്ട് ഫെഡറൽ സർക്കാരും ആൽബർട്ടയും തമ്മിൽ ഒരു ആശയവിനിമയത്തിലെപോരായ്മയുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. മുൻ പ്രധാനമന്ത്രിക്ക് ആൽബർട്ടയിൽ താൽപ്പര്യമില്ലായിരുന്നെന്നും, പ്രധാനമന്ത്രി മാർക്ക് കാർണി ശരിയായ നടപടികളാണ് സ്വീകരിക്കുന്നതെന്നും വില്ലിംഗ് കൂട്ടിച്ചേർത്തു.



ഗ്രാൻഡെ പ്രെയറിയിൽ വിഘടനവാദത്തിന് 37.5 ശതമാനം പിന്തുണ ലഭിച്ചപ്പോൾ, നഗരത്തിന് ചുറ്റുമുള്ള ഗ്രാമീണ മേഖലയായ ഗ്രാൻഡെ പ്രെയറിവാപിറ്റിയിൽ 46.9 ശതമാനം പേർ വിഘടനത്തെ അനുകൂലിച്ചു. ആൽബർട്ടയെ ഫെഡറൽ സർക്കാർ മുൻപ് എങ്ങനെയാണ് കണക്കാക്കിയിരുന്നത് എന്നതിനെക്കുറിച്ച് പലർക്കും ഇപ്പോഴും അതൃപ്തിയുണ്ടെന്ന് ഗ്രാൻഡെ പ്രെയറി മേയർ ജാക്കി ക്ലേട്ടൺ അഭിപ്രായപ്പെട്ടു. തങ്ങളുടെ ശബ്ദത്തിന് വിലകൽപ്പിക്കുന്നില്ലെന്ന് തങ്ങൾക്ക് തോന്നിയതുകൊണ്ടാണ് ഹിതപരിശോധന നടന്നതെന്ന് ബുള്ളറ്റ്സ് ആൻഡ് ബ്രോഡ്ഹെഡ്സ് ഷൂട്ടിംഗ് സെന്റർ ഉടമ റോബിൻ കൗവാർഡ് പറഞ്ഞു.

ആൽബർട്ടയിലെ ഏറ്റവും വലിയ നഗരങ്ങളിൽ, കാനഡയിൽ തുടരാനുള്ള 'ഓപ്ഷൻ 1' ന് 80 ശതമാനത്തിലധികം വോട്ടർമാരുടെ പിന്തുണ ലഭിച്ചു. എഡ്മന്റൺസ്ട്രാത്കോണയിൽ ഇത് 90 ശതമാനത്തിലധികമായിരുന്നു. എഡ്മന്റണിൽ കാനഡയിൽ തുടരാനുള്ള ഏറ്റവും കുറഞ്ഞ പിന്തുണ ലഭിച്ച മണ്ഡലം എഡ്മന്റൺവെസ്റ്റ് ഹെൻഡേ ആയിരുന്നു, 82.2 ശതമാനം. സ്റ്റർജൻ ലേക്ക് ക്രീ നേഷന്റെ ചീഫ് ഷെൽഡൺ സൺഷൈൻ, ഹിതപരിശോധന സമയം പാഴാക്കുന്നതിന് തുല്യമായിരുന്നു എന്നും, ഫലം തങ്ങൾക്ക് അറിയാമായിരുന്നെന്നും പറഞ്ഞു.

പ്രധാന കമ്പ്യൂട്ടർ ഭാഷയിലെ പിഴവ്; കനേഡിയൻ സർക്കാർ വെബ്സൈറ്റുകൾ ഉൾപ്പെടെ നിരവധി സൈറ്റുകൾ പ്രവർത്തനരഹിതമായി

കാനഡയിലെ ചില സർക്കാർ വെബ്സൈറ്റുകൾ ഉൾപ്പെടെ നിരവധി സൈറ്റുകൾ ബുധനാഴ്ച താൽക്കാലികമായി ഓഫ്ലൈനായി. വ്യാപകമായി ഉപയോഗിക്കുന്ന PHP പ്രോഗ്രാമിംഗ് ഭാഷയിലെ ഒരു സുരക്ഷാ പിഴവ് കണ്ടെത്തിയതിനെ തുടർന്നായിരുന്നു ഈ നടപടി. ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള അടിയന്തര അപ്ഡേറ്റ് PHP ഡെവലപ്പർമാർ പുറത്തിറക്കി.

അപ്ഡേറ്റ് എത്രയും പെട്ടെന്ന് നടപ്പിലാക്കണമെന്ന് PHP ഡെവലപ്പർമാർ അഭ്യർത്ഥിച്ചു. ഒരു മുൻകരുതൽ നടപടിയായി ചില സർക്കാരുകൾ വെബ്സൈറ്റുകൾ ഓഫ്ലൈനാക്കുകയായിരുന്നു. കാനഡയിലെ സൈബർ സുരക്ഷാ കേന്ദ്രത്തിന്റെയും സ്റ്റാറ്റിസ്റ്റിക്സ് കാനഡയുടെയും വെബ്സൈറ്റുകൾ ബുധനാഴ്ച പ്രവർത്തനരഹിതമായിരുന്നു.

ന്യൂഫൗണ്ട്ലാൻഡ് ആൻഡ് ലാബ്രഡോർ, പ്രിൻസ് എഡ്വേർഡ് ഐലൻഡ് എന്നിവിടങ്ങളിലെ പ്രവിശ്യാ സൈറ്റുകളും ആഗോള സുരക്ഷാ പ്രശ്നം കാരണം ഓഫ്ലൈനായിരുന്നു. ബിസിയിലെ തിരഞ്ഞെടുപ്പ് സൈറ്റും പ്രവർത്തനരഹിതമായി. PHP പ്രവർത്തിക്കുന്ന വെബ്സൈറ്റുകൾക്ക് സുരക്ഷാ അപ്ഡേറ്റ് നടപ്പിലാക്കാൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മന്ത്രി ഇവാൻ സോളമൻ അഭ്യർത്ഥിച്ചു.

ഈ സാഹചര്യം അതീവ ഗൗരവത്തോടെയാണ് കാണുന്നതെന്നും പരിഹാരങ്ങൾ നടപ്പിലാക്കിയ ശേഷം വെബ്സൈറ്റുകൾ ഓൺലൈനിൽ തിരിച്ചെത്തിക്കുമെന്നും സോളമൻ സോഷ്യൽ മീഡിയയിൽ കുറിച്ചു. 1990കളുടെ തുടക്കം മുതൽ നിലവിലുള്ള PHP, വേർഡ്പ്രസ്സ്, ഡ്രൂപാൽ തുടങ്ങിയ വലിയ വെബ്സൈറ്റുകളുടെ അടിസ്ഥാനമാണ്. ഇന്റർനെറ്റിലെ ഏകദേശം 75 ശതമാനം വെബ്സൈറ്റുകളും PHP ഉപയോഗിച്ചാണ് പ്രവർത്തിക്കുന്നതെന്ന് W3Techs പറയുന്നു.



സൈബർ സുരക്ഷാ വിദഗ്ധൻ റിതേഷ് കോട്ടക് പറയുന്നതനുസരിച്ച്, ഈ പിഴവ് പരിഹരിക്കുന്നത് വരെ നിരവധി വെബ്സൈറ്റുകൾ ഹാക്കിംഗിന് സാധ്യതയുള്ളതാണ്. വലിയ ഐടി ടീമുകളുള്ള കമ്പനികൾക്ക് വേഗത്തിൽ പരിഹാരം നടപ്പിലാക്കാൻ കഴിയുമെങ്കിലും, ചെറിയ സ്ഥാപനങ്ങൾക്ക് ഇത് ബുദ്ധിമുട്ടായിരിക്കും. ആൽഫബെറ്റിന്റെ സൈബർ സുരക്ഷാ കമ്പനിയായ വിസ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ചാണ് PHPയിലെ പിഴവ് കണ്ടെത്തിയത്.

പത്ത് വർഷത്തിലേറെയായി ഈ കോഡ് നിലവിലുണ്ടായിരുന്നെന്നും, ഈ പിഴവ് കണ്ടെത്താനും പരിഹാരം സാധ്യമാക്കാനും അവർ ഒന്നിലധികം വലിയ ഭാഷാ മോഡലുകൾ ഉപയോഗിച്ചെന്നും കമ്പനി അറിയിച്ചു. 2024ൽ ഈ പിഴവ് ഉപയോഗിച്ച് ഹാക്കിംഗ് നടത്താൻ സാധ്യതയുണ്ടെന്ന് സൈദ്ധാന്തികമായി കണ്ടെത്തിയിരുന്നെങ്കിലും, വിഭവങ്ങളുടെ കുറവ് കാരണം പരിഹാരം വൈകിയെന്ന് PHP ഫൗണ്ടേഷൻ അറിയിച്ചു. എഐ ദുർബലതകൾ കണ്ടെത്താൻ സഹായിക്കുമെങ്കിലും, ഹാക്കർമാർക്ക് ദുർബലമായ പോയിന്റുകൾ ചൂഷണം ചെയ്യാനും ഇത് ഉപയോഗിക്കാമെന്ന് കോട്ടക് ചൂണ്ടിക്കാട്ടി.

ഡാറ്റാ ചോർച്ചയെ തുടർന്ന് ടൊറന്റോ ക്രൈം സ്റ്റോപ്പേഴ്സ് സേവനം നിർത്തിവെച്ചു; 1.5 ദശലക്ഷം വിവരങ്ങൾ ചോർന്നു



വലിയ ഡാറ്റാ ചോർച്ചയെത്തുടർന്ന് ടൊറന്റോ ക്രൈം സ്റ്റോപ്പേഴ്സ് അതിന്റെ സേവനങ്ങൾ താൽക്കാലികമായി നിർത്തിവച്ചതായി ചെയർ സീൻ സ്പോർട്ടൺ അറിയിച്ചു. കഴിഞ്ഞ 25 വർഷത്തിനിടെ കനേഡിയൻ ക്രൈം സ്റ്റോപ്പേഴ്സ് പ്രോഗ്രാമുകളിലേക്ക് ലഭിച്ച 1.5 ദശലക്ഷത്തിലധികം വിവരങ്ങൾ ചോർന്നതായി സിബിസി നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു. ഈ വിവരങ്ങളിൽ വ്യക്തിഗത വിവരങ്ങളും ഉൾപ്പെടുന്നുണ്ട്.

ടൊറന്റോ ക്രൈം സ്റ്റോപ്പേഴ്സ് അവരുടെ വെബ്സൈറ്റിൽ നിന്ന് 'ടിപ്പ് സബ്മിറ്റ്' ഫീച്ചർ നീക്കം ചെയ്തിട്ടുണ്ട്. പുതിയ വിവരങ്ങൾ സ്വീകരിക്കുകയോ പ്രോസസ്സ് ചെയ്യുകയോ ചെയ്യില്ലെന്നും അവർ വ്യക്തമാക്കി. പ്ലാറ്റ്ഫോമിൽ നിന്ന് ടൊറന്റോ ക്രൈം സ്റ്റോപ്പേഴ്സ് ചാപ്റ്ററിനായുള്ള ഇൻടേക്ക് ഫംഗ്ഷൻ ഉടൻ നിർത്തിവയ്ക്കാൻ നാവിഗേറ്റ്360 എന്ന കമ്പനിയോട് ആവശ്യപ്പെടുകയും ചെയ്തു.

വിവരങ്ങൾ സുരക്ഷിതമായി സൂക്ഷിക്കാൻ പുതിയ മാർഗ്ഗം കണ്ടെത്തുന്നതുവരെ ഫോൺ, ഓൺലൈൻ അല്ലെങ്കിൽ ആപ്പ് വഴി വിവരങ്ങൾ അയക്കരുതെന്ന് പൊതുജനങ്ങൾക്ക് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അജ്ഞാതത്വം വാഗ്ദാനം ചെയ്തിട്ടും ചിലരുടെ വിവരങ്ങൾ ചോർന്നതിൽ ഖേദം പ്രകടിപ്പിക്കുന്നതായും സ്പോർട്ടൺ പറഞ്ഞു. ടൊറന്റോ പോലീസ് സർവീസും ക്രൈം സ്റ്റോപ്പേഴ്സ് പ്രോഗ്രാമിന്റെ ഉപയോഗം താൽക്കാലികമായി നിർത്തിവെച്ചതായി അറിയിച്ചു.

ചോർന്ന വിവരങ്ങളിൽ ടൊറന്റോ ക്രൈം സ്റ്റോപ്പേഴ്സുമായി ബന്ധപ്പെട്ട 179,000ൽ അധികം വിവരങ്ങൾ ഉണ്ടെന്ന് സിബിസി അന്വേഷണത്തിൽ കണ്ടെത്തി. ചോർന്ന കനേഡിയൻ വിവരങ്ങളിൽ പകുതിയിലധികം എണ്ണത്തിലും വ്യക്തിഗത വിവരങ്ങൾ ഉൾപ്പെട്ടിരുന്നു. 4,300ൽ അധികം റിപ്പോർട്ടുകളിൽ വിവരങ്ങൾ നൽകിയവർ തങ്ങളുടെ മുഴുവൻ പേരും രേഖപ്പെടുത്തിയിരുന്നു.



പ്രതിമാസ തവണകൾ കുതിച്ചുയരും

(മൂന്നാം പേജ് തുടർച്ച)



യുടെ നയപരമായ തീരുമാനം വാണിജ്യ ബാങ്കുകളുടെ അടിസ്ഥാന വായ്പാ നിരക്കുകളെ നേരിട്ട് സ്വാധീനിക്കും.

1. വേരിയബിൾ നിരക്ക് മോർട്ട്ഗേജ് ഉടമകളുടെ ബാധ്യതകൾ

വേരിയബിൾ നിരക്കിൽ ഭവന വായ്പകൾ എടുത്ത കുടുംബങ്ങൾക്ക് ബാങ്ക് ഓഫ് കാനഡയുടെ തീരുമാനം പെട്ടെന്നുള്ള സാമ്പത്തിക പ്രഹരമാകും. കേന്ദ്ര ബാങ്ക് പലിശനിരക്ക് ഉയർത്തുന്ന നിമിഷം മുതൽ ഇത്തരക്കാരുടെ പ്രതിമാസ മോർട്ട്ഗേജ് തിരിച്ചടവ് തുകകളിൽ അല്ലെങ്കിൽ അസൽ തുക നിക്ഷേപത്തിൽ വലിയ വർദ്ധനവുണ്ടാകും.

2. ഫിക്സഡ് നിരക്കുകളുടെ പുതുക്കൽ

കഴിഞ്ഞ മൂന്നോ അഞ്ചോ വർഷങ്ങൾക്ക് മുൻപ് തുച്ഛമായ പലിശനിരക്കിൽ ഭവന വായ്പകൾ സ്വന്തമാക്കിയ ആയിരക്കണക്കിന് പ്രവാസികൾ ഈ വർഷം വായ്പകൾ പുതുക്കേണ്ടതുണ്ട്. നിലവിലുള്ള ഉയർന്ന നിരക്കുകളിലേക്ക് വായ്പകൾ മാറുമ്പോൾ പ്രതിമാസം ആയിരത്തിലധികം കനേഡിയൻ ഡോളറുകളുടെ അധിക സാമ്പത്തിക ബാധ്യതയാണ് ഇവർ നേരിടേണ്ടി വരുന്നത്.

3. ക്രെഡിറ്റ് കാർഡുകളും പേഴ്സണൽ ലോണുകളും

കേന്ദ്ര ബാങ്കിന്റെ പലിശ വർദ്ധനവ് വാണിജ്യ ബാങ്കുകൾ ഈടാക്കുന്ന ക്രെഡിറ്റ് കാർഡ് കുടിശ്ശിക നിരക്കുകളും പേഴ്സണൽ ലൈൻ ഓഫ് ക്രെഡിറ്റുകളും ചെലവേറിയതാക്കും. ഇത് സാധാരണക്കാരായ കനേഡിയൻ പൗരന്മാരുടെ നിത്യോപയോഗ കടബാധ്യതകൾ ഇരട്ടിയാക്കാൻ ഇടയാക്കും.

4. വായ്പാ യോഗ്യതാ പരിശോധനകളിലെ കടുപ്പങ്ങൾ

കാനഡയിലെ ബാങ്കിംഗ് റെഗുലേറ്റർമാർ ഏർപ്പെടുത്തിയിട്ടുള്ള സാമ്പത്തിക സ്ട്രെസ് ടെസ്റ്റ് മാനദണ്ഡങ്ങൾ കൂടുതൽ സങ്കീർണ്ണമാകും. പുതിയ വായ്പകൾക്കായി ബാങ്കുകളെ സമീപിക്കുന്നവർ ഉയർന്ന പലിശ തിരിച്ചടയ്ക്കാൻ ശേഷിയുള്ളവരാണെന്ന് തെളിയിക്കേണ്ടി വരുന്നത് സാധാരണക്കാർക്ക് വീട് വാങ്ങാനുള്ള അവസരങ്ങൾ ഇല്ലാതാക്കും.

റിയൽ എസ്റ്റേറ്റ് വിപണിയിലെ മന്ദതകളും ഭവന വില വ്യതിയാനങ്ങളും

പലിശനിരക്കുകൾ ഉയരുന്നത് കാനഡയിലെ മുൻനിര വസ്തുവക വിപണികളിൽ വൻ ചലനങ്ങൾ സൃഷ്ടിക്കും.

1. ടൊറന്റോ, വാൻകൂവർ വിപണികളിലെ വാങ്ങൽ ശേഷിയുടെ കുറവ്

കാനഡയിലെ പ്രമുഖ നഗരങ്ങളായ ടൊറന്റോ, വാൻകൂവർ എന്നിവിടങ്ങളിൽ വസ്തുവകകളുടെ വിലയും ഡിമാന്റും കുത്തനെ കുറയാൻ പലിശ വർദ്ധനവ് കാരണമാകും. വായ്പാ ലഭ്യത ബുദ്ധിമുട്ടാകുന്നതോടെ പുതിയ വീടുകൾ വാങ്ങാൻ ആഗ്രഹിക്കുന്നവരുടെ എണ്ണം വിപണിയിൽ ഗണ്യമായി കുറയും.

2. നിർമ്മാണ മേഖലകളിലെ നിശ്ചലാവസ്ഥയും പ്രോജക്റ്റുകളുടെ വൈകല്യങ്ങളും

വായ്പകൾ ചെലവേറിയതാകുന്നതോടെ ഭവന നിർമ്മാണ കമ്പനികളും ഡെവലപ്പർമാരും പുതിയ അപ്പാർട്ട്മെന്റുകളുടെയും കണ്ടോകളുടെയും നിർമ്മാണം താൽക്കാലികമായി നിർത്തിവെക്കും. ഇത് രാജ്യത്ത് നിലവിലുള്ള ഭവന ക്ഷാമം കൂടുതൽ വഷളാക്കും.

3. വാടക വിപണിയിലെ കടുത്ത പണപ്പെരുപ്പങ്ങൾ

സ്വന്തമായി വീട് വാങ്ങാൻ സാധിക്കാത്ത ജനവിഭാഗങ്ങൾ കൂട്ടത്തോടെ വാടക വീടുകളെ ആശ്രയിക്കാൻ നിർബന്ധിതരാകും. ഇത് ടൊറന്റോ, കാൽഗറി, ഒട്ടാവ തുടങ്ങിയ നഗരങ്ങളിൽ പ്രതിമാസ വാടക നിരക്കുകൾ കുതിച്ചുയരാൻ കാരണമാകും.

4. നിക്ഷേപകരുടെ പിന്മാറ്റങ്ങളും റിയൽ എസ്റ്റേറ്റ് പുനഃസംഘടനകളും

റിയൽ എസ്റ്റേറ്റ് മേഖലയിൽ പണം നിക്ഷേപിച്ചിരുന്ന പ്രാദേശികഅന്താരാഷ്ട്ര നിക്ഷേപകർ സുരക്ഷിത വരുമാനം നൽകുന്ന ഗവൺമെന്റ് ബോണ്ടുകളിലേക്കും സ്ഥിര നിക്ഷേപങ്ങളിലേക്കും മാറും. ഇത് വസ്തുവക വിപണിയെ ദീർഘകാല മന്ദതയിലേക്ക് തള്ളിവിടും.

സാധാരണക്കാരുടെ ജീവിത ചിലവുകളും തൊഴിൽ വിപണി പ്രതിഫലനങ്ങളും

ഉയർന്ന പലിശനിരക്കുകൾ കാനഡയിലെ ചെറുകിട ബിസിനസ്സുകളെയും കുടുംബ ബജറ്റുകളെയും ഒരുപോലെ ദോഷകരമായി ബാധിക്കും.

1. ഗാർഹിക ബജറ്റുകളിലെ സാമ്പത്തിക കുരുക്കുകൾ

ഭക്ഷണം, ഊർജ്ജം, വിദ്യാഭ്യാസം എന്നിവയുടെ നിരക്കുകൾ ഉയർന്ന നിലയിൽ തുടരുമ്പോൾ വായ്പാ പലിശകൾ കൂടി വർദ്ധിക്കുന്നത് കുടുംബങ്ങളെ കടക്കെണിയിലാക്കും. ഇത് അവശ്യ സാധനങ്ങൾ ഒഴികെയുള്ള മറ്റ് ചെലവുകൾ വെട്ടിച്ചുരുക്കാൻ പൗരന്മാരെ നിർബന്ധിതരാക്കും.

2. ചെറുകിട ബിസിനസ്സുകളുടെ തളർച്ചയും പിരിച്ചുവിടലുകളും

ബിസിനസ്സ് വിപുലീകരണത്തിനായി ബാങ്ക് വായ്പകളെ ആശ്രയിക്കുന്ന ചെറുകിട സ്ഥാപനങ്ങളുടെ പ്രവർത്തനച്ചെലവ് ഉയരും. ലാഭക്ഷമത കുറയുന്നതോടെ കമ്പനികൾ പുതിയ നിയമനങ്ങൾ നിർത്തിവെക്കുകയോ ജീവനക്കാരെ പിരിച്ചുവിടുകയോ ചെയ്തേക്കാം.

3. കനേഡിയൻ ഡോളറിന്റെ വിനിമയ മൂല്യ മാറ്റങ്ങൾ

ബാങ്ക് ഓഫ് കാനഡ പലിശനിരക്ക് ഉയർത്തുന്നത് യുഎസ് ഡോളറിനെതിരെയുള്ള കനേഡിയൻ ഡോളറിന്റെ മൂല്യം താൽക്കാലികമായി ശക്തിപ്പെടുത്താൻ സഹായിക്കും. ഇത് വിദേശത്തുനിന്നും ഇറക്കുമതി ചെയ്യുന്ന വസ്തുക്കളുടെ വില കുറയ്ക്കാൻ സഹായിക്കുമെന്നാണ് സാമ്പത്തിക നിരീക്ഷകരുടെ പ്രതീക്ഷ.

4. ഇന്ത്യക്കാരുടെ പണ അയയ്ക്കലുകളിലെ മന്ദത

കാനഡയിൽ കഴിയുന്ന ലക്ഷക്കണക്കിന് മലയാളി കുടുംബങ്ങൾക്കും വിദ്യാർത്ഥികൾക്കും ദ്വിശീയമായി ജീവനച്ചെലവ് ഉയരുന്നത് കാരണം നാട്ടിലേക്ക് പണം അയയ്ക്കുന്നത് പരിമിതപ്പെടുത്തേണ്ടി വരും. ഇത് നാട്ടിലെ കുടുംബങ്ങളുടെ നിത്യോപയോഗ ബജറ്റിനെയും ബാധിക്കും.

900 കോടി ഡോളറിന്റെ ഭീമമായ നയതന്ത്ര സഹായ പാക്കേജ്!

(മൂന്നാം പേജ് തുടർച്ച)



ഡയിലെ പ്രമുഖ സ്റ്റീൽ നിർമ്മാതാക്കളായ സ്റ്റെൽകോ, ഹാമിൽട്ടണിലെ തങ്ങളുടെ പ്രധാന പ്രവർത്തനങ്ങൾ നിർത്തിവെക്കുകയും ലേക്ക് ഈറി യൂണിറ്റിലേക്ക് നിർമ്മാണം ചുരുക്കുകയും ചെയ്തിരുന്നു. ഈ അടച്ചുപൂട്ടൽ സൃഷ്ടിച്ച വൻകിട തൊഴിൽ നഷ്ടങ്ങൾ പരിഹരിക്കാൻ സർക്കാരിന്റെ സാമ്പത്തിക ഇടപടലുകൾ സഹായിക്കും.

ഗതാഗത ചെലവുകൾ കുറയ്ക്കാനുള്ള ഗ്രാന്റുകൾ

തദ്ദേശീയമായി നിർമ്മിക്കുന്ന സ്റ്റീൽ പ്രവിശ്യകൾക്കിടയിൽ വിതരണം ചെയ്യുമ്പോൾ ഉണ്ടാകുന്ന ഉയർന്ന ഗതാഗത ചെലവുകൾ നികത്താൻ പ്രത്യേക സബ്സിഡികൾ അനുവദിച്ചു. മുൻപ് പ്രഖ്യാപിച്ച 100 മില്യൺ ഡോളറിന്റെ ട്രാൻസ്പോർട്ട് പദ്ധതിക്ക് പുറമെയാണിത്.

ഇൻവെസ്റ്റ്മെന്റ് കാനഡ ആക്ട് ലംഘനങ്ങളും നിയമ നടപടികളും

തൊഴിൽ വാഗ്ദാനങ്ങൾ പാലിക്കാത്ത വിദേശ കമ്പനികൾക്കെതിരെ ഇൻവെസ്റ്റ്മെന്റ് കാനഡ ആക്ട് പ്രകാരം കടുത്ത നിയമനടപടികൾ സ്വീകരിക്കുമെന്ന് ഇൻഡസ്ട്രി മിനിസ്റ്റർ മെലാനി ജോളി വ്യക്തമാക്കി. കരാർ ലംഘനങ്ങൾ നടത്തുന്ന വൻകിട ഏജൻസികൾക്ക് വലിയ തുക പിഴ ചുമത്തും.

ഓട്ടോമൊബൈൽ മേഖലയിലെ പുനരുദ്ധാരണങ്ങളും പുതിയ നിയമങ്ങളും

വാഹന നിർമ്മാണ ശാലകളിലെ തൊഴിൽ സ്തംഭനാവസ്ഥ മാറ്റാൻ പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നു.

രണ്ട് അര ബില്യൺ ഡോളറിന്റെ ക്യാപിറ്റൽ സപ്പോർട്ടുകൾ

ഓട്ടോമൊബൈൽ കമ്പനികൾക്ക് മാറിയ സാമ്പത്തിക സാഹചര്യങ്ങളുമായി പൊരുത്തപ്പെടാൻ 2.5 ബില്യൺ കനേഡിയൻ ഡോളർ വകയിരുത്തി. നിർമ്മാണ ശാലകളുടെ നവീകരണത്തിനും പുതിയ സാങ്കേതികവിദ്യകൾ സ്വായത്തമാക്കാനും കമ്പനികൾക്ക് ഈ തുക ഉപയോഗിക്കാം.

എമിഷൻ മാനദണ്ഡങ്ങളിലെ ഇളവുകൾ

വാഹന കമ്പനികൾക്ക് കൂടുതൽ അയവ് നൽകുന്നതിനായി ഫെഡറൽ വാഹന പുക മലിനീകരണ മാനദണ്ഡങ്ങൾ വർദ്ധിപ്പിക്കുന്നത് ഭരണകൂടം താൽക്കാലികമായി നിർത്തിവെച്ചു. 2026ലെ എമിഷൻ പരിധികൾ 2029 വരെ അതേപടി നിലനിർത്താനാണ് സർക്കാർ തീരുമാനം.

സ്റ്റെല്ലാന്റിസ് പ്ലാന്റുകളിലെ ലേബർ യൂണിയൻ ചർച്ചകൾ

ടൊറന്റോയ്ക്ക് സമീപമുള്ള അസംബ്ലി പ്ലാന്റ് വിൽക്കാനുള്ള കമ്പനിയുടെ നീക്കത്തിനെതിരെ യൂണിയനുകൾ സമരത്തിനൊരുങ്ങുകയാണ്. ആയിരക്കണക്കിന് തൊഴിലാളികളുടെ തൊഴിൽ സുരക്ഷ ഉറപ്പാക്കാൻ ഒട്ടാവ നേരിട്ട് മധ്യസ്ഥത വഹിക്കുന്നു.

കാനഡഒന്റാറിയോ ടാസ്ക് ഫോഴ്സുകളുടെ രൂപീകരണം

സ്റ്റീൽ, ഓട്ടോമോട്ടീവ് മേഖലകളിലെ പരിഷ്കാരങ്ങൾ ഏകോപിപ്പിക്കാൻ പ്രത്യേക സംയുക്ത ടാസ്ക് ഫോഴ്സുകൾ രൂപീകരിച്ചു. വ്യാവസായിക പ്രതിസന്ധികൾക്ക് തത്സമയം പരിഹാരം കാണാൻ ഈ ഏജൻസികൾക്ക് അധികാരമുണ്ടാകും.

റിംഗ് ഓഫ് ഫയർ ഖനന പദ്ധതികളും സാമ്പത്തിക ഭാവികളും

അത്യാവശ്യ ധാതുക്കളുടെ വിതരണം ഉറപ്പാക്കാൻ ഇൻഫ്രാസ്ട്രക്ചർ പാതകൾ കെട്ടിപ്പടുക്കുന്നു.

റോഡ് ഇൻഫ്രാസ്ട്രക്ചറുകൾക്കായി ഒരു ബില്യൺ ഡോളർ

വടക്കൻ ഒന്റാറിയോയിലെ സങ്കീർണ്ണമായ 'റിംഗ് ഓഫ് ഫയർ' മേഖലയിലെ നിർണ്ണായക ഖനന വിഭവങ്ങൾ വേഗത്തിൽ എത്തിക്കാൻ ഒരു ബില്യൺ ഡോളറിന്റെ റോഡ് ശൃംഖല നിർമ്മിക്കും. പ്രവിശ്യാ ഭരണകൂടം നൽകുന്ന തുകയ്ക്ക് തുല്യമായ വിഹിതമാണ് ഒട്ടാവയും നൽകുന്നത്.

ഇലക്ട്രിക് വാഹന ബാറ്ററികൾക്കുള്ള അസംസ്കൃത വിഭവങ്ങൾ

ഓട്ടോമൊബൈൽ മേഖലയ്ക്ക് ആവശ്യമായ ലിഥിയം, നിക്കൽ തുടങ്ങിയ അപൂർവ്വ ധാതുക്കൾ ദ്വിശീയമായി ഖനനം ചെയ്തെടുക്കാൻ ഈ റോഡ് വികസനം സഹായിക്കും. ഇത് പാശ്ചാത്യ വിതരണ ശൃംഖലകളെ കൂടുതൽ സുരക്ഷിതമാക്കും.

കേന്ദ്ര ബജറ്റിന്റെ തീയതി പ്രഖ്യാപനങ്ങൾ

കാനഡയുടെ പുതിയ സാമ്പത്തിക ഫെഡറൽ ബജറ്റ് നവംബർ 5ന് പുറത്തിറക്കുമെന്ന് ഫിനാൻസ് മിനിസ്റ്റർ ഫ്രാൻസ്വഫിലിപ്പ് ഷാംപെയ്ൻ പ്രഖ്യാപിച്ചു. അമേരിക്കൻ മിഡ് ടേം തെരഞ്ഞെടുപ്പ് കഴിഞ്ഞ് രണ്ടു ദിവസത്തിനകമാണ് ഈ നിർണ്ണായക ബജറ്റ് വരുന്നത്.

ജിഡിപി വളർച്ചാ നിരക്കുകളിലെ മന്ദത മറികടക്കാനുള്ള ശ്രമങ്ങൾ

പാർലമെന്ററി ബജറ്റ് ഓഫീസറുടെ കണക്കുകൂട്ടൽ അനുസരിച്ച് കാനഡയുടെ സാമ്പത്തിക വളർച്ച ഈ വർഷം 0.9 ശതമാനമായും അടുത്ത വർഷം 1.5 ശതമാനമായും മന്ദഗതിയിലാകും. വ്യാവസായിക മേഖലയ്ക്ക് നൽകുന്ന ഉയർന്ന സാമ്പത്തിക സഹായങ്ങൾ കാനഡയുടെ വിപണിക്ക് പുതിയ ജീവൻ നൽകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

യുഎസ് ഇടക്കാല തിരഞ്ഞെടുപ്പ്; വിദേശത്തുള്ള അമേരിക്കക്കാർക്ക് വോട്ട് രേഖപ്പെടുത്താൻ പ്രേരിപ്പിച്ച് ഓട്ടാവയിൽ പ്രചാരണം



യുഎസ് ഇടക്കാല തിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്താൻ വിദേശത്ത് താമസിക്കുന്ന അമേരിക്കക്കാരെ പ്രേരിപ്പിച്ച് ഓട്ടാവയിൽ സന്നദ്ധ സംഘടനകൾ. യുഎസ് എംബസിക്ക് പുറത്ത് ശനിയാഴ്ച യുഎസ്, ഇരട്ട പൗരത്വമുള്ളവരുടെ സന്നദ്ധ സംഘങ്ങൾ പ്രചാരണ മേശ സ്ഥാപിച്ചു. വോട്ട് ചെയ്യേണ്ടതിന്റെ പ്രാധാന്യവും അതിനുള്ള വിവരങ്ങളും പങ്കുവെക്കുകയായിരുന്നു അവർ.

വോട്ട് ഫ്രം എബ്രോഡ്, ഇൻഡിവിസിബിൾ ഓട്ടാവ എന്നീ സംഘടനകളാണ് പ്രചാരണത്തിന് നേതൃത്വം നൽകിയത്. തന്റെ ജീവിതത്തിലെ ഏറ്റവും നിർണായകമായ തിരഞ്ഞെടുപ്പാണിതെന്ന് ഇൻഡിവിസിബിൾ ഓട്ടാവയുടെ നാൻസി വാസർമാൻ പറഞ്ഞു. ഈ തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യേണ്ടത് അത്യാവശ്യമാണെന്നും അവർ ഓർമ്മിപ്പിച്ചു.

അമേരിക്കൻ ജനപ്രതിനിധി സഭയിലെ 435 സീറ്റുകളിലും സെനറ്റിലെ 100 സീറ്റുകളിൽ 35 എണ്ണത്തിലും ഇത്തവണ തിരഞ്ഞെടുപ്പ് നടക്കും. ഇറാനുമായുള്ള യുദ്ധം കാരണം ഇന്ധനവില ഉയരുകയും പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ താരിഫുകൾ കാരണം മറ്റ് ഉൽപ്പന്നങ്ങൾക്ക് വില കൂടുകയും ചെയ്ത സാഹചര്യത്തിലാണ് ഈ ഇടക്കാല തിരഞ്ഞെടുപ്പ്. വിദേശത്ത് നിന്ന് വോട്ട് ചെയ്യുന്നത് ചിലപ്പോൾ ബുദ്ധിമുട്ടാണെന്ന് വെർമോണ്ടിൽ വോട്ട് ചെയ്യാൻ കഴിയുന്ന വാസർമാൻ പറഞ്ഞു.

ഓരോ സംസ്ഥാനത്തും വോട്ടുചെയ്യാനുള്ള നിയമങ്ങൾ വ്യത്യസ്തമാണ്. ചില സംസ്ഥാനങ്ങളിൽ ഇലക്ട്രോണിക് വോട്ടിംഗ് അനുവദിക്കുമ്പോൾ, മറ്റ് സംസ്ഥാനങ്ങളിൽ തപാൽ വോട്ടുകളാണ്. 30 വർഷത്തിലേറെയായി ഓട്ടാവയിൽ താമസിക്കുന്ന ജയ് ബാൾട്സ് വോട്ട് ഫ്രം എബ്രോഡ് എന്ന സംഘടനയിലെ സന്നദ്ധപ്രവർത്തകനാണ്.

ഈ തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യേണ്ടത് തന്റെ ഉത്തരവാദിത്തമാണെന്ന് ബാൾട്സ് വ്യക്തിപരമായി അഭിപ്രായപ്പെട്ടു. കാനഡയെ 51-ാമത്തെ സംസ്ഥാനമാക്കുന്നതിനെക്കുറിച്ചുള്ള ട്രംപിന്റെ വാദങ്ങളെ താൻ എതിർക്കുന്നതായും അദ്ദേഹം പറഞ്ഞു.

ഫോൺ വഴി എയർ കാനഡ ടിക്കറ്റ് ബുക്ക് ചെയ്താൽ ഓരോ യാത്രക്കാരനും 30 ഡോളർ അധികം നൽകണം



എയർ കാനഡയിൽ ഫോണിലൂടെ ടിക്കറ്റ് ബുക്ക് ചെയ്യുന്ന യാത്രക്കാർക്ക് ഇനി ഓരോ ടിക്കറ്റിനും 30 ഡോളർ അധികം നൽകേണ്ടി വരും. ഒക്ടോബർ 15 മുതലാണ് ഈ പുതിയ നിയമം പ്രാബല്യത്തിൽ വന്നതെന്ന് രാജ്യത്തെ ഏറ്റവും വലിയ വിമാനക്കമ്പനിയായ എയർ കാനഡ അറിയിച്ചു. മറ്റ് വിമാനക്കമ്പനികളായ വെസ്റ്റ് ജെറ്റ്, യുണൈറ്റഡ് എയർലൈൻസ്, മറ്റ് കുറഞ്ഞ നിരക്കിലുള്ള വിമാനക്കമ്പനികൾ എന്നിവയ്ക്ക് സമാനമായ നിരക്കാണിത്.

നാല് പേരടങ്ങുന്ന ഒരു കുടുംബം ഫോണിലൂടെ ടിക്കറ്റ് ബുക്ക് ചെയ്യുമ്പോൾ 120 ഡോളർ അധികമായി നൽകേണ്ടി വരും. ഉപഭോക്താക്കളെ കമ്പനിയുടെ വെബ്സൈറ്റിലേക്കോ ആപ്പിലേക്കോ മാറ്റാനും കോൾ സെന്റർ ചെലവുകൾ കുറയ്ക്കാനുമാണ് ഈ നീക്കമെന്ന് കമ്പനി വ്യക്തമാക്കുന്നു. എന്നാൽ, ഡെൽറ്റ എയർ ലൈൻസ്, സൗത്ത് വെസ്റ്റ് എയർ ലൈൻസ് തുടങ്ങിയ മറ്റ് ചില വിമാനക്കമ്പനികൾ ഫോൺ ബുക്കിംഗിന് അധിക നിരക്ക് ഈടാക്കുന്നില്ല.


ഫ്ളൈട്രിപ്പേഴ്സിന്റെ സഹസ്ഥാപകനായ ആൻഡ്രൂ ഡി അമോർസ് പറയുന്നതനുസരിച്ച്, ജീവനക്കാരെ നിയമിക്കാനും പരിശീലിപ്പിക്കാനും ഫോണിന് മറുപടി നൽകാനും വലിയ ചെലവുണ്ട്. പ്രായമായവരെ ഇത് പ്രതികൂലമായി ബാധിച്ചേക്കാമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ആപ്പ് വഴിയോ ഇന്റർനെറ്റ് വഴിയോ ടിക്കറ്റ് ബുക്ക് ചെയ്യാൻ ഇഷ്ടപ്പെടാത്തവർക്ക് ഈ നിരക്ക് അന്യായമായി തോന്നാമെന്നും അദ്ദേഹം പറഞ്ഞു.

പ്രത്യേക സഹായം ആവശ്യമുള്ളവർക്കും ശാരീരിക ബുദ്ധിമുട്ടുകളുള്ളവർക്കും ഈ ഫീസ് ബാധകമല്ലെന്ന് എയർ കാനഡ അറിയിച്ചു. യാത്രയ്ക്ക് കാലതാമസമോ റദ്ദാക്കലോ മറ്റ് യാത്രാ തടസ്സങ്ങളോ ഉണ്ടായാൽ ബുക്കിംഗ് ഫീസ് ഈടാക്കില്ലെന്നും കമ്പനി വ്യക്തമാക്കി. ചെക്ക് ചെയ്ത ബാഗുകൾ, മുൻകൂട്ടി തിരഞ്ഞെടുക്കുന്ന സീറ്റുകൾ, ബോർഡിംഗ്, വിമാനത്തിലെ ലഘുഭക്ഷണങ്ങൾ എന്നിവയ്ക്കെല്ലാം യാത്രക്കാർ ഇപ്പോൾ അധിക തുക നൽകേണ്ടി വരാറുണ്ട്.



പലരും പലതും 26

ഇങ്ങനെയുണ്ടൊരു കൗൺസിൽ



ഡോ. സെബാസ്റ്റ്യൻ പോൾ



കോടതികളിലെ സംഘർഷകാലത്ത് അഭിഭാഷകരുടെ ആക്രമണത്തെക്കുറിച്ച് പരാതിപ്പെട്ട മാധ്യമപ്രവർത്തകരോട് അന്നത്തെ മുഖ്യമന്ത്രി പിണറായി വിജയൻ പ്രസിദ്ധമായി പറഞ്ഞത് തല്ലുകൊള്ളാനായി ആരും അങ്ങോട്ടു പോകേണ്ട എന്നാണ്.

അടി കൊള്ളാനായി ജന്തർ മന്തറിലേക്ക് പോകേണ്ട എന്ന് പിണറായി വിജയനോട് പറയാനുള്ള സമയമാണിത്. കേരള ഹൗസിന്റെ സുരക്ഷിതത്വത്തിൽ എംപിയുടെയും മുൻമന്ത്രിയുടെയും അകമ്പടിയോടെ നിന്നിട്ടും പിണറായി വിജയനെ ഡൽഹി പൊലീസ് പൊക്കി വട്ടം കറക്കി.

മൊണാലിസയുടെ സ്മിതത്തിലെ നിഗൂഢതപോലെ നാനാർഥങ്ങളിൽ സംസാരിക്കുന്നയാളാണ് പിണറായി വിജയൻ. മുഖ്യമന്ത്രി മാത്രമല്ല ചീഫ് ജസ്റ്റിസും നൽകിയ ഉറപ്പുകൾ ഉറപ്പുകളാണെന്ന് തെറ്റിധരിച്ച മാധ്യമപ്രവർത്തകർ റിപ്പോർട്ടിങ്ങിനായി വീണ്ടും കോടതികളിൽ പോകുകയും അടി വാങ്ങുകയും ചെയ്തു.

പ്രസ് കൗൺസിൽ അംഗമായിരുന്നിട്ടുള്ള ഞാൻ ഈ അവസ്ഥ പ്രസ് കൗൺസിൽ മുമ്പാകെ അവതരിപ്പിച്ചെങ്കിലും പ്രതിസന്ധിക്കു പരിഹാരമാകുന്ന നടപടി ഉണ്ടായില്ല. ഔപചാരികമായ പരാതിയില്ലാതെതന്നെ പ്രസ് കൗൺസിൽ സ്വമേധയാ ഇടപെടേണ്ടതായ സന്ദർഭമായിരുന്നു അത്.

പത്രപ്രവർത്തകർക്ക് വഴികാട്ടിയും ആശ്രയവുമാണ് പ്രസ് കൗൺസിൽ എന്ന സ്റ്റാച്യൂട്ടറി സ്ഥാപനം. 1953ൽ സ്ഥാപിതമായ ബ്രിട്ടീഷ് പ്രസ് കൗൺസിലിന്റെ മാതൃകയിൽ 1966ൽ സ്ഥാപിതമായതാണ് ഇന്ത്യയിലെ ആദ്യത്തെ പ്രസ് കൗൺസിൽ. ആദ്യത്തെ ചെയർമാൻ ജസ്റ്റിസ് ജെ.ആർ. മുഥോൽകർ നടത്തിയ നിരീക്ഷണം കൗൺസിലിനെ അതിജീവിച്ച് നിലനിൽക്കുന്ന ഒന്നാണ്.

കൗൺസിൽ കർമനിരതമല്ലാതാകുന്ന അവസ്ഥ പത്രസ്വാതന്ത്ര്യം അപകടത്തിലാകുന്നുവെന്നതിന്റെ സൂചനയാണ്. കൗൺസിൽ ജാഗരാവസ്ഥയിലാണെങ്കിൽ പത്രസ്വാതന്ത്ര്യത്തെ അപകടത്തിലാക്കുന്ന നീക്കങ്ങൾ പ്രതിരോധിക്കപ്പെടുമെന്നാണ് മുഥോൽകർ പറഞ്ഞതിന്റെ അർഥം. സൂചന ഉൾക്കൊള്ളാൻ പ്രാപ്തിയുണ്ടായിരുന്ന ഇന്ദിര ഗാന്ധി അടിയന്തരാവസ്ഥയുടെ വിജയകരമായ നടത്തിപ്പിന് തടസമായേക്കാവുന്ന പ്രസ് കൗൺസിലിനെ നിയമം മൂലം ഇല്ലാതാക്കി.

പത്രസ്വാതന്ത്ര്യത്തിന്റെ മൂല്യമറിഞ്ഞ ജനതാ ഗവൺമെന്റ് 1978ൽ പുന:സ്ഥാപിച്ച കൗൺസിലാണ് ഇപ്പോഴുള്ളത്. സ്ഥാപിതമായ നവംബർ 16 പത്രദിനമായി ആചരിക്കുന്നു. സുപ്രീം കോടതിയിൽനിന്ന് പിരിഞ്ഞ ജഡ്ജിയാണ് നിയമാനുസൃതം കൗൺസിലിന്റെ ചെയർമാനാകേണ്ടത്. ജനാധിപത്യത്തിൽ അവിഭാജ്യമായതാണ് പത്രസ്വാതന്ത്ര്യം.

നാലാം തൂണെന്നും നെടുംതൂണെന്നും ഒക്കെ പല തരത്തിലുള്ള വിശേഷണങ്ങൾ നാം മാധ്യമങ്ങൾക്ക് നൽകുന്നത് ഈ പ്രാധാന്യത്തെ അടിസ്ഥാനമാക്കിയാണ്. വിളക്കുമാടം കണ്ണടച്ചാൽ നാവികൻ ദിശ തെറ്റി സഞ്ചരിക്കും. ജനാധിപത്യത്തിലെ പ്രമുഖ സ്ഥാപനത്തിന്റെ അധ്യക്ഷൻ തിരഞ്ഞെടുപ്പ് കമ്മീഷണറെപ്പോലെ തന്നെ നമുക്ക് സുപരിചിതനായിരിക്കേണ്ടതല്ലേ? പക്ഷേ ജസ്റ്റിസ് രഞ്ജന ദേശായി എന്ന പേര് നമുക്കത്ര സുപരിചിതമല്ല.

ജന്തർ മന്തർ പ്രക്ഷോഭങ്ങൾ റിപ്പോർട്ട് ചെയ്യുന്ന മാധ്യമപ്രവർത്തകർ അപകടകരമായ സാഹചര്യങ്ങളെയാണ് നേരിടുന്നത്. പ്രക്ഷോഭകരിൽനിന്നല്ല പൊലീസിൽനിന്നാണ് അവർ ഭീഷണി നേരിടുന്നത്. മുഖപരിചയമോ തിരിച്ചറിയൽ കാർഡോ അവർക്ക് പരിരക്ഷയാകുന്നില്ല. മൈക്കും ക്യാമറയും അവരെ തിരിച്ചറിയുന്നതിനു സഹായിക്കുന്നില്ല.

സത്യസന്ധമായി പറഞ്ഞാൽ തിരിച്ചറിവാണ് അവരെ അപകടത്തിലാക്കുന്നത്. തങ്കമണിയിൽനിന്ന് വിലാപങ്ങൾ ഉയർന്ന രാത്രിയിൽ ചാനൽ ക്യാമറകളുടെ സാന്നിധ്യമുണ്ടായിരുന്നുവെങ്കിൽ ആ അത്യാചാരം സംഭവിക്കുമായിരുന്നില്ലെന്ന് ഞാൻ കരുതി. എനിക്ക് തെറ്റി എന്ന് തത്സമയ സംപ്രേഷണത്തിന്റെ കാലത്ത് മനസിലായി. തുറന്നുവച്ച ക്യാമറകളും ടെലിവിഷൻ സ്ക്രീനുകളും മന്ത്രിമാരുൾപ്പെടെയുള്ള അധികാരികളെ ചലിപ്പിക്കുന്നില്ല.

ചാനൽ സംപ്രേഷണകാലത്ത് പൊലീസ് റിപ്പോട്ടിനുമുന്നേ ആഭ്യന്തരമന്ത്രി എല്ലാം കാണുന്നുണ്ട്. സിസിടിവി ക്യാമറകളുടെ സാന്നിധ്യം നിശാചാരികളെ തടസപ്പെടുത്താത്തതുപോലെ ചാനൽ ക്യാമറകൾ അത്യാചാരത്തിനിറങ്ങുന്നവരെ തടസപ്പെടുത്തുന്നില്ല. അരുതാത്തത് കാണുമ്പോൾ ഭയപ്പെടുന്നത് പ്രേക്ഷകരാണ്. ആ ഭയത്തെ അതിജീവിച്ചുകൊണ്ടാണ് ഭയമില്ലാത്ത കുട്ടികൾ അടുത്ത പ്രഭാതത്തിൽ വീണ്ടും പ്രതിഷേധത്തിന്റെ തെരുവിലേക്കിറങ്ങുന്നത്. ഉമ്മാക്കിയെന്നു കേട്ടാൽ ഭയപ്പെടുന്നവരല്ല ഇന്നത്തെ ജെൻസീ.

പ്രക്ഷുബ്ധമായ അവസ്ഥയിൽ റിപ്പോർട്ടിങ്ങിനിറങ്ങുന്ന പത്രപ്രവർത്തകർക്ക് സുരക്ഷാനിർദേശങ്ങൾ നൽകിക്കൊണ്ട് പ്രസ് കൗൺസിൽ ഓഫ് ഇന്ത്യ ജന്തർ മന്തർ പ്രക്ഷോഭകാലത്ത് സാന്നിധ്യമറിയിച്ചു. ഭരണകൂടത്തിന്റെ കൈയേറ്റങ്ങളിൽനിന്ന് പത്രങ്ങളെ സംരക്ഷിക്കാൻ നിയമപരമായി ബാധ്യസ്ഥമായ കൗൺസിൽ നൽകിയ നിർദേശങ്ങൾ കൗതുകമുണർത്തുന്നതാണ്.

പ്രഥമശുശ്രൂഷാ വസ്തുക്കൾ, കുടിവെള്ളം, ലഘുഭക്ഷണം, ടോർച്ച്, കണ്ണട എന്നിവയടങ്ങിയ എമർജൻസി കിറ്റുകൾ കരുതണമെന്നതാണ് ഒരു നിർദേശം. ഒന്നാം ക്ളാസിലേക്ക് കുട്ടിയെ അയക്കുമ്പോൾ അമ്മ നൽകുന്ന ജാഗ്രതാനിർദേശത്തെയും ഓർമപ്പെടുത്തലുകളെയും ഹാസ്യാത്മകമായി അനുസ്മരിപ്പിക്കുന്നതാണ് കൗൺസിലിന്റെ നിർദേശങ്ങൾ. ഇതാണോ കൗൺസിലിന് പാർലമെന്റ് നൽകിയിരിക്കുന്ന മാൻഡേറ്റ്.

സംഘർഷമേഖലയിൽ അപകടകരമായി പ്രവർത്തിക്കാൻ നിർബന്ധിതരാകുന്ന മാധ്യമപ്രവർത്തകരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള നിർദേശങ്ങൾ കലപനാരൂപത്തിൽ പൊലീസിനും ആഭ്യന്തരമന്ത്രിക്കും നൽകാൻ ബാധ്യസ്ഥമായ കൗൺസിൽ ശിങ്കിടി മാധ്യമങ്ങളെ താലോലിക്കുന്നഭരണകൂടത്തിനു റാൻ മൂളിക്കൊണ്ട് കോമാളിവേഷം കെട്ടുന്നു. പൊട്ടിവീഴുന്ന കണ്ണീർവാതക ഷെല്ലുകളോ ഗ്രനേഡുകളോ എടുക്കരുതെന്ന നിർദേശം അമ്മയുടെ കൈപിടിച്ച് വെടിക്കെട്ടു കാണാൻ പോകുന്ന കുട്ടിക്ക് ലഭിക്കുന്ന നിർദേശത്തിനു തുല്യമാണ്.

യുദ്ധം റിപ്പോർട്ട് ചെയ്യുന്ന മാധ്യമപ്രവർത്തകരുടെ സുരക്ഷയ്ക്കുവേണ്ടിയുള്ള ജനീവാ നിർദേശങ്ങളുണ്ട്. യുദ്ധത്തിലേർപ്പെടുന്ന രാജ്യങ്ങൾക്കുവേണ്ടിയുള്ളതാണ് ആ നിർദേശങ്ങൾ. അവ അന്താരാഷ്ട്ര നിയമത്തിന്റെ ഭാഗമായിരിക്കുന്നു.

മാധ്യമപ്രവർത്തകർക്ക് നകേണ്ടതായ സംരക്ഷണത്തിന് പല തലങ്ങളുണ്ട്. ശാരീരികമായ സംരക്ഷണം അവയിൽ പ്രധാനപ്പെട്ടതാണ്. സമാധാനകാലത്ത് ആഭ്യന്തരമായ സംരക്ഷണം ഉറപ്പാക്കുകയെന്നത് ഭരണകൂടത്തിന്റെ ഉത്തരവാദിത്വമാണ്. ഭരണകൂടത്തെ ചിലപ്പോൾ ശാസിക്കേണ്ടിവരും; ചിലപ്പോൾ ഉപദേശിക്കേണ്ടിവരും.

ജനാധിപത്യഭരണകൂടം അതിനു വഴങ്ങണം. വഴങ്ങുന്നത് അസൗകര്യമായികണ്ട ഇന്ദിര ഗാന്ധി കൗൺസിലിനെത്തന്നെ ഇല്ലാതാക്കി. ഏകാധിപതിയുടെ ആ നടപടിയിൽ സത്യസന്ധതയുണ്ടായിരുന്നു. മിഥ്യയിൽ നിലനിർത്തി അപ്രസക്തമാക്കുകയെന്നതാണ് പാർലമെന്റിനോടെന്നപോലെ പ്രസ് കൗൺസിലിനോടും നരേന്ദ്ര മോദി സ്വീകരിക്കുന്ന നിലപാട്. എല്ലാം ജൈവചൈതന്യത്തിൽ യാഥാർഥ്യമായി നമുക്കനുഭവപ്പെടും.

പക്ഷേ ഒ ഹെന്റിയുടെ പ്രസിദ്ധമായ ചെറുകഥയിലെ പ്രസിദ്ധമായ പച്ചിലപോലെ എല്ലാം വരച്ചുവയ്ക്കപ്പെടുന്നതാണെന്ന സത്യം കഥാന്ത്യത്തിലേ നാമറിയൂ. ഹെന്റിയുടെ പച്ചില നന്മയുടെയും ശുഭപ്രതീക്ഷയുടെയും പ്രതീകവും അടയാളവുമാണ്. മോദിയുടെ വരകൾ അപകടവഴികളിലേക്കുള്ള ഗൂഗിൾ രേഖകളാണ്.

ജനത്തെ ഭയത്തിലാക്കിയ ഭരണകൂടത്തെ ജനം ഭയപ്പെടുത്തിത്തുടങ്ങിയെന്ന സദ്ദാർത്തയാണ് ജന്തർ മന്തറിൽനിന്ന് കേട്ടുതുടങ്ങിയത്. ഇപ്പോഴും ഭയത്തിന്റെ കരിമ്പടത്തിൽനിന്ന് പുറത്തു വരാൻ വിസമ്മതിക്കുന്ന ഭരണഘടനാസ്ഥാപനങ്ങളും ജനാധിപത്യസ്ഥാപനങ്ങളും ഉണ്ടെന്നതാണ് ജനാധിപത്യം നേരിടുന്ന വെല്ലുവിളി. മാധ്യമപ്രവർത്തകരെ കോടതിയിൽ നിന്ന് ഗളഹസ്തം ചെയ്ത വർഷം മാധ്യമസ്വാതന്ത്ര്യത്തിന്റെ ആഗോള സൂചികയിൽ ഇന്ത്യയുടെ സ്ഥാനം 142 ആയിരുന്നു. റിപ്പോർട്ടേഴ്സ് വിതൗട്ട് ബോർഡേഴ്സ് എന്ന സംഘടനയാണ് മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ഈ സൂചിക ആധികാരികമായി തയാറാക്കുന്നത്. ഇപ്പോൾ ഇന്ത്യയുടെ സ്ഥാനം 157 ആയിരിക്കുന്നു. 180 രാജ്യങ്ങളിലെ അവസ്ഥയാണ് സൂചിക തയാറാക്കുന്നതിനുവേണ്ടി പരിശോധിക്കപ്പെടുന്നത്.

അധോഗതി തടയാൻ ക്രിയാത്മകമായി പ്രവർത്തിക്കാൻ ബാധ്യതയുള്ള സ്ഥാപനമാണ് പ്രസ് കൗൺസിൽ. ജനാധിപത്യത്തിനു വേണ്ടിയുള്ള പ്രക്ഷോഭം നടക്കുന്ന ഇടങ്ങളിൽ അവശ്യം വേണ്ടതായ സാന്നിധ്യമാണ് മാധ്യമപ്രവർത്തകരുടേത്. അവരെ സംരക്ഷിക്കാൻ ഉത്തരവാദിത്വമുള്ള പൊലീസിൽനിന്നാണ് അവർക്ക് രക്ഷ വേണ്ടത്. അവർക്കുവേണ്ടി നിർഭയം സംസാരിക്കുന്നതിന് ഉത്തരവാദപ്പെട്ട വലിയ സ്ഥാപനമാണ് പ്രസ് കൗൺസിൽ.

കാനഡ സ്റ്റഡി പെർമിറ്റിനായി ഇന്ത്യക്കാർക്ക് ഇനി ഏഴ് ആഴ്ച കാത്തിരിക്കണം; വർക്ക് പെർമിറ്റ് 11 ആഴ്ചയായി തുടരുന്നു

കാനഡയിൽ പഠിക്കാൻ ആഗ്രഹിക്കുന്ന ഇന്ത്യൻ വിദ്യാർത്ഥികൾക്ക് സ്റ്റഡി പെർമിറ്റ് ലഭിക്കുന്നതിനുള്ള കാത്തിരിപ്പ് സമയം വർദ്ധിച്ചതായി ഇമിഗ്രേഷൻ, റെഫ്യൂജീസ് ആൻഡ് സിറ്റിസൺഷിപ്പ് കാനഡ (IRCC) അറിയിച്ചു. ഒക്ടോബർ 14ലെ കണക്കനുസരിച്ച്, സ്റ്റഡി പെർമിറ്റിനുള്ള അപേക്ഷകൾക്ക് ഇനി ഏഴ് ആഴ്ച കാത്തിരിക്കേണ്ടി വരും. ഒക്ടോബർ 7ലെ കണക്കിൽ ഇത് ആറ് ആഴ്ചയായിരുന്നു.

ഇന്ത്യയിൽ നിന്നുള്ള വർക്ക് പെർമിറ്റ് അപേക്ഷകൾക്കുള്ള കാത്തിരിപ്പ് സമയം 11 ആഴ്ചയായി തുടരുന്നു. വിസിറ്റർ വിസ നടപടികളിൽ നേരിയ പുരോഗതി രേഖപ്പെടുത്തി, ഇത് 30 ദിവസത്തിൽ നിന്ന് 29 ദിവസമായി കുറഞ്ഞു.

അതേസമയം, മാതാപിതാക്കൾക്കും മുത്തശ്ശിമാർക്കുമുള്ള സൂപ്പർ വിസയുടെ നടപടിക്രമങ്ങൾ 74 ദിവസത്തിൽ നിന്ന് 77 ദിവസമായി വർദ്ധിച്ചു. കാനഡയിൽ നിലവിൽ താൽക്കാലിക സ്റ്റാറ്റസിലുള്ള ഇന്ത്യക്കാർക്ക് വിസിറ്റർ റെക്കോർഡ് ലഭിക്കാൻ 357 ദിവസവും, വർക്ക് പെർമിറ്റ് എക്സ്റ്റൻഷന് 13 ആഴ്ചയും, സ്റ്റഡി പെർമിറ്റ് എക്സ്റ്റൻഷന് എട്ട് ആഴ്ചയും കാത്തിരിക്കേണ്ടി വരും. ഈ കണക്കുകൾ ഒരു ഏകദേശ സൂചന മാത്രമാണെന്നും, വ്യക്തിഗത അപേക്ഷകളുടെ തീരുമാനം ഇതിൽ നിന്ന് വ്യത്യാസപ്പെടാമെന്നും കഞഇഇ വ്യക്തമാക്കി.

ഷാജി എഡ്വേർഡ് ഫോമാ പ്രസിഡന്റ് സ്ഥാനത്തേക്ക്; അന്താരാഷ്ട്ര കൺവെൻഷൻ ന്യൂയോർക്ക് സിറ്റിയിൽ നടത്താൻ ലക്ഷ്യം



ന്യൂയോർക്ക്: ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻസ് ഓഫ് അമേരിക്കാസ് (ഫോമാ) പ്രസിഡന്റ് സ്ഥാനത്തേക്ക് സംഘടനയുടെ മുൻ ട്രഷററും ജനറൽ സെക്രട്ടറിയുമായ ഷാജി എഡ്വേർഡ് മത്സരിക്കുന്നു. ഫോമയുടെ രൂപീകരണകാലം മുതൽ സംഘടനയോടൊപ്പം പ്രവർത്തിച്ചുവരുന്ന ദീർഘകാല അനുഭവസമ്പത്തും നേതൃപരിചയവുമാണ് അദ്ദേഹം പ്രസിഡന്റ് സ്ഥാനത്തേക്ക് രംഗത്തെത്തുന്നത്.

2008 ജൂലൈ 1ന് ഹൂസ്റ്റണിൽ ഫോമാ രൂപീകരിക്കപ്പെട്ടതുമുതൽ സംഘടനയുടെ വളർച്ചയിലും പ്രവർത്തനങ്ങളിലും സജീവമായി പങ്കാളിയായ ഷാജി എഡ്വേർഡ് വിവിധ ഭരണസമിതികളിൽ നിർണായക ചുമതലകൾ വഹിച്ചിട്ടുണ്ട്. 2010–2012 കാലയളവിൽ ഫോമാ ട്രഷററായും 2014–2016 കാലയളവിൽ ജനറൽ സെക്രട്ടറിയായും പ്രവർത്തിച്ച അദ്ദേഹം സംഘടനയുടെ ഭരണപരവും സാമ്പത്തികവുമായ മേഖലകളിൽ സമഗ്രമായ അനുഭവം നേടിയിട്ടുണ്ട്.

ഫോമയുടെ അടുത്ത അന്താരാഷ്ട്ര കൺവെൻഷൻ ന്യൂയോർക്ക് സിറ്റിയിൽ സംഘടിപ്പിക്കണമെന്നതാണ് ഷാജി എഡ്വേർഡിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്. ലോകപ്രശസ്തമായ ന്യൂയോർക്ക് നഗരത്തിൽ കൺവെൻഷൻ സംഘടിപ്പിക്കുന്നതിലൂടെ അമേരിക്കയുടെ വിവിധ ഭാഗങ്ങളിലുള്ള മലയാളികളെ ഒരുമിപ്പിക്കാനും സംഘടനയുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ലോകശ്രദ്ധയും പങ്കാളിത്തവും ഉറപ്പാക്കാനും കഴിയുമെന്നാണ് അദ്ദേഹത്തിന്റെ പ്രതീക്ഷ. ന്യൂയോർക്ക് സിറ്റിയുടെ അന്താരാഷ്ട്ര പ്രാധാന്യവും സാംസ്കാരിക വൈവിധ്യവും പ്രയോജനപ്പെടുത്തി മലയാളി സമൂഹത്തിന്റെ ഐക്യവും പൈതൃകവും ലോകത്തിന് മുന്നിൽ അവതരിപ്പിക്കുന്ന കൺവെൻഷനാണ് തന്റെ സ്വപ്നമെന്നും അദ്ദേഹം വ്യക്തമാക്കി.

ഫോമയുടെ പതിനേഴു റീജിയനുകളെയും അംഗസംഘടനകളെയും കൂടുതൽ അടുത്തുകൊണ്ടുവരികയും സംഘടനയുടെ പ്രവർത്തനങ്ങളിൽ സുതാര്യതയും കൂട്ടായ്മയും ഉറപ്പാക്കുകയും ചെയ്യുകയാണ് അദ്ദേഹത്തിന്റെ മറ്റൊരു പ്രധാന ലക്ഷ്യം.

ഫോമയുടെ ചരിത്രത്തെയും മുൻകാല നേതൃത്വങ്ങളുടെ സംഭാവനകളെയും ആദരിച്ചുകൊണ്ട്, അനുഭവസമ്പത്തും പുതിയ ആശയങ്ങളും സമന്വയിപ്പിച്ച് സംഘടനയെ അടുത്ത ഘട്ടത്തിലേക്ക് നയിക്കാനാണ് താൻ ലക്ഷ്യമിടുന്നതെന്നും ഷാജി എഡ്വേർഡ് പറഞ്ഞു.

'ഫോമാ എന്റെ സംഘടന മാത്രമല്ല; എന്റെ കുടുംബമാണ്. എല്ലാവരെയും ഒരുമിച്ചുചേർത്തുനിർത്തി, പരസ്പര ബഹുമാനത്തോടെയും സുതാര്യതയോടെയും കൂടുതൽ ശക്തമായ ഒരു ഫോമയ്ക്കായി പ്രവർത്തിക്കാനാണ് എന്റെ ആഗ്രഹം,' ഷാജി എഡ്വേർഡ് പറഞ്ഞു.

സംഘടനയുടെ ഐക്യം, അംഗസംഘടനകളുടെ സജീവ പങ്കാളിത്തം, സുതാര്യമായ പ്രവർത്തനം, മലയാളി സമൂഹത്തിന്റെ സാംസ്കാരിക പൈതൃകത്തിന്റെ സംരക്ഷണം എന്നിവയ്ക്ക് മുൻഗണന നൽകുന്ന നേതൃത്വമാണ് തന്റെ ലക്ഷ്യമെന്നും അദ്ദേഹം വ്യക്തമാക്കി.

ഫൊക്കാന സാഹിത്യമാസിക 'അക്ഷരധാര'യിലേക്ക് കൃതികൾ ക്ഷണിക്കുന്നു



ന്യൂയോർക്ക്: ഫൊക്കാനയുടെ ഔദ്യോഗിക സാഹിത്യ മാസികയായ 'അക്ഷരധാര'യുടെ എഡിറ്റോറിയൽ കമ്മിറ്റിയെ നിയമിച്ചതായി ഫൊക്കാന പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പ് അറിയിച്ചു. ഫൊക്കാന സാഹിത്യ കമ്മിറ്റിയുടെ മേൽനോട്ടത്തിലായിരിക്കും എഡിറ്റോറിയൽ ബോർഡ് പ്രവർത്തിക്കുക എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സാഹിത്യ രംഗത്ത് അരനൂറ്റാണ്ട് പൂർത്തിയാക്കിയ പ്രശസ്ത എഴുത്തുകാരൻ ജോസഫ് നമ്പിമഠം ആണ് 'അക്ഷരധാര'യുടെ ചീഫ് എഡിറ്റർ. എം.പി ഷീലയും വേണുഗോപാലൻ കൊക്കോടനും അസോസിയേറ്റ് എഡിറ്റർമാരായും, ബെന്നി നെച്ചൂർപ്രൊഡക്ഷൻ ഇൻചാർജ്ജ് ആയും ഗീത ജോർജ്ജ് ഫിനാൻസ് കോഓർഡിനേറ്ററായും പ്രവർത്തിക്കുന്നു.

മുരളി ജെ. നായർ, സോണി അമ്പൂക്കൻ, സാംസി കൊടുമൺ എന്നിവരാണ് ഉപദേശകസമിതി അംഗങ്ങൾ. ജോർജ്ജ് നടവയൽ സർക്കുലേഷന്റെ മേൽനോട്ടം വഹിക്കും. സാഹിത്യകാരായ ജേക്കബ് ജോൺ, ഫിലിപ്പ് തോമസ്, സിനി മാത്യു ജോൺ, ഷാജു ജോൺ എന്നിവരാണ് എഡിറ്റോറിയൽ ടീമിലെ മറ്റ് അംഗങ്ങൾ. ഈ പ്രസിദ്ധീകരണത്തിലേക്ക് അമേരിക്കയിലും കാനഡയിലുമുള്ള എഴുത്തുകാരിൽ നിന്നും സാഹിത്യസൃഷ്ടികൾ ക്ഷണിക്കുന്നു. കഥ, കവിത, ലേഖനം, അനുഭവക്കുറിപ്പുകൾ, സാഹിത്യ നിരൂപണം, യാത്രാവിവരണം തുടങ്ങിയവ അയയ്ക്കാവുന്നതാണ്.

കേവലം ഗൃഹാതുരത്വ സ്മരണകൾക്കപ്പുറം, പ്രവാസജീവിതത്തിന്റെ വേറിട്ട അനുഭവങ്ങളും യാഥാർത്ഥ്യങ്ങളും പ്രതിഫലിപ്പിക്കുന്നതും സാഹിത്യമേന്മ പുലർത്തുന്നതുമായ രചനകൾക്കാണ് മുൻഗണന. കഥകളും കവിതകളും രചയിതാവിന്റെ ശബ്ദത്തിൽ റെക്കോർഡ് ചെയ്ത ഓഡിയോ ക്ലിപ്പുകളായും അയക്കാവുന്നതാണ്. തെരഞ്ഞെടുക്കപ്പെടുന്ന സൃഷ്ടികളിൽ ആവശ്യമായ എഡിറ്റിംഗ് വരുത്താനുള്ള പൂർണ്ണ സ്വാതന്ത്ര്യം എഡിറ്റോറിയൽ ബോർഡിനുണ്ടായിരിക്കും.

മാസികയുടെ ഒന്നാം വാർഷിക വേളയിൽ, 'അക്ഷരധാര'യിൽ പ്രസിദ്ധീകരിക്കുന്ന മികച്ച രചനകൾ സമാഹരിച്ച് ഒരു പുസ്തകമായി പ്രസിദ്ധീകരിക്കാനും കമ്മിറ്റി പദ്ധതിയിടുന്നുണ്ട്. ഇതിന്റെ കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

സൃഷ്ടികൾ അയക്കേണ്ട ഇമെയിൽ വിലാസം: aksharamasika@gmail.com

'അക്ഷരധാര' മാസികയുടെ വിജയത്തിനും പുതിയ ഭാരവാഹികൾക്കും ഫൊക്കാന എക്സിക്യൂട്ടീവ് കമ്മിറ്റിക്കുവേണ്ടി പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പ്, ജനറൽ സെക്രട്ടറി സന്തോഷ് നായർ, ട്രഷറർ ആന്റോ വർക്കി, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ലിൻഡോ ജോളി, വൈസ് പ്രസിഡന്റ് ജോസി ജെ. കാരക്കാട്ട്, അസോസിയേറ്റ് സെക്രട്ടറി സോണി തോമസ് അമ്പൂക്കൻ, അഡീഷണൽ അസോസിയേറ്റ് സെക്രട്ടറി അജു ഉമ്മൻ, അസോസിയേറ്റ് ട്രഷറർ അപ്പുക്കുട്ടൻ പിള്ള, അഡീഷണൽ അസോസിയേറ്റ് ട്രഷറർ ഗ്രേസ് മരിയ ജോസഫ്, വുമൺസ് ഫോറം ചെയർപേഴ്സൺ ഷൈനി രാജു എന്നിവർ ആശംസകളും പിന്തുണയും അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: ജോസഫ് നമ്പിമഠം: 214-564-9371, സോണി ആംബൂക്കൻ: 860-794-7992, സാംസി കൊടുമൺ: 516-270-4302, ഗീത ജോർജ്: 510-709-5977, മുരളി ജെ. നായർ: 267-886-2942, ജോർജ് നടവയൽ - 215-494-6420, എം.പി. ഷീല: 215-433-3282, ഷാജു ജോൺ: 469-274-6501, സിനി മാത്യു ജോൺ: 403-437-8435, ഫിലിപ്പ് തോമസ്: 732-799-8235, ജേക്കബ് ജോൺ (ജെസിജെ): 914-837-6438, വേണു കൊക്കോടൻ: 850-339-7104, ബെന്നി നെച്ചൂർ: 201-951-6801

ജിജി റ്റോം



നിരീക്ഷണം വാചകം

അഴിയാക്കുരുക്കും വെല്ലുവിളിയും; സംശയനിഴലിൽ കിഫ്ബി

കെ
ണി എപ്പോഴാണ് വെല്ലുവിളിയായി മാറുന്നതെന്ന് ചൂണ്ടിക്കാട്ടുന്ന ചൈനീസ് പഴമൊഴി വിശകലനം ചെയ്യാൻ കേരളത്തിന് അവസരമൊരുക്കുന്നു, കിഫ്ബിയെപ്പറ്റിയുള്ള വിദഗ്ധ സമിതി റിപ്പോർട്ട്. 'ഒരു കെണി, അതിനെക്കുറിച്ച് നിങ്ങൾക്ക് അറിവില്ലാതിരിക്കുന്നിടത്തോളം നേരമേ കെണിയാകുന്നുള്ളൂ. അതേപ്പറ്റി നിങ്ങൾ അറിയുന്നതോടെ അതൊരു വെല്ലുവിളിയായി മാറുന്നു.'

അടിസ്ഥാന സൗകര്യ വികസനത്തിന് പുതിയ ദിശബോധമേകാൻ സംസ്ഥാനത്തു രൂപവത്കരിച്ച കിഫ്ബി ഇപ്പോൾ സംശയത്തിന്റെ നിഴലിലാണ്. ഭൂമി ഏറ്റെടുക്കൽ പ്രക്രിയയിൽ സ്ഥാപനം സാമ്പത്തിക ക്രമക്കേടുകൾ നടത്തിയതായും സർക്കാരിന് വൻ സാമ്പത്തിക നഷ്ടമുണ്ടാക്കിയതായും ധനവകുപ്പിന്റെ മേൽനോട്ടം മറികടന്നതായും മുഖ്യമന്ത്രി വി.ഡി. സതീശൻ സഭയുടെ മേശപ്പുറത്ത് വെച്ച വിദഗ്ധ സമിതി റിപ്പോർട്ടിൽ ആരോപിക്കുന്നു. ധനകാര്യ വകുപ്പ് നിശ്ചയിച്ച വായ്പാപരിധി മറികടന്നും ധനകാര്യ വകുപ്പിന്റെ എതിർപ്പുകൾ അവഗണിച്ചുമാണ് കിഫ്ബി വായ്പകൾ വാങ്ങിക്കൂട്ടിയതെന്നും മുൻ ആസൂത്രണ കമ്മീഷൻ സെക്രട്ടറി സുധാപിള്ളയുടെ നേതൃത്വത്തിലുള്ള വിദഗ്ധ സമിതി കണ്ടെത്തി.

പണം ചെലവഴിക്കുന്നിടത്ത് സാമ്പത്തിക അച്ചടക്കവും സന്തുലിതാവസ്ഥയും പാലിക്കാനുള്ള നിഷ്ഠ കിഫ്ബിക്കുണ്ടായില്ലെന്നാണ് റിപ്പോർട്ട് കുറ്റപ്പെടുത്തുന്നത്. ബജറ്റിന് പുറത്തുനിന്ന് ധനസമാഹരണം നടത്തുന്നതിലടക്കമുള്ള നിയമ പ്രശ്നങ്ങളെക്കുറിച്ച് ധനകാര്യ കമ്മീഷനും മുൻവർഷങ്ങളിലെ സി.എ.ജി റിപ്പോർട്ടുകളും മുന്നറിയിപ്പ് നൽകിയിട്ടുള്ളതാണ്. പ്രതിപക്ഷ നേതാവായിരിക്കെ, വി.ഡി. സതീശൻ നിയമസഭയ്ക്കകത്തും പുറത്തും ഈ വിഷയത്തിൽ ഗൗരവതരമായ ചില സംവാദങ്ങൾക്ക് തുടക്കമിടുകയും ചെയ്തു. ഈ ആക്ഷേപങ്ങളും മുന്നറിയിപ്പുകളുമെല്ലാം ആധികാരിക ഡേറ്റ മുൻനിർത്തി ശരിവെയ്ക്കുന്നുണ്ട് വിദഗ്ധസമിതി റിപ്പോർട്ട്.

കിഫ്ബി ഇതുവരെ വരുത്തിവെച്ച കടബാധ്യത 32,198.33 കോടി രൂപയാണ്. അടുത്ത ഘട്ടത്തിലേക്ക് ഈയിനത്തിൽ 22,883 കോടി രൂപ കൂടി ആവശ്യമായി വരും. 2041 വരെയായി ഇതിന്റെ മുതലും പലിശയുമായി 47,532.54 കോടി തിരിച്ചടയ്ക്കേണ്ടി വരുമെന്ന കണക്ക് ആശങ്കാജനകമാണ്. വായ്പയെടുത്ത് നടപ്പാക്കുന്ന പദ്ധതികളിൽ നിന്ന് ഒരു നിശ്ചിത തുകയെങ്കിലും തിരികെ ലഭിച്ചാൽ മാത്രമേ തിരിച്ചടവ് സുഗമമാകൂ. എന്നാൽ ആകെ ലഭിച്ച ഫണ്ടിന്റെ 20.98 ശതമാനം മാത്രമാണ് വരുമാനദായക പദ്ധതികൾക്കായി കിഫ്ബി വിനിയോഗിച്ചത്. ഇത്തരം പദ്ധതികളിൽ മൂന്നെണ്ണം മാത്രമാണ് സ്വന്തം വരുമാനത്തിൽ നിന്ന് കടം തിരിച്ചടച്ചത്.



വിദഗ്ധ സമിതിയുടെ കണക്കനുസരിച്ച് 2021-22 മുതൽ 2024-25 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് കിഫ്ബിയിലേക്ക് കൈമാറിയ തുകയുടെ 99.4 ശതമാനത്തോളം വായ്പകളുടെ മുതലും പലിശയും തിരിച്ചടയ്ക്കാനാണ് ഉപയോഗിച്ചത്. പൊതുവരുമാനത്തിന്റെ ഗണ്യഭാഗം അടിസ്ഥാന സൗകര്യങ്ങൾക്ക് ചെലവഴിക്കുന്നതിനു പകരം പഴയ കടബാധ്യതകൾ തീർക്കുന്നതിന് വഴിതിരിച്ച അവസ്ഥ ഇതുവഴി വന്നുചേർന്നു. ഇത്തരം സാമ്പത്തിക ക്രമക്കേടുകളുടെ പാപഭാരം വഹിക്കേണ്ടിവരുന്നത് പൊതുജനം തന്നെ.

സംസ്ഥാനത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിന് ബജറ്റിന് പുറത്തുനിന്ന് ധനസമാഹരണം നടത്തുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച കിഫ്ബിയുടെ (കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്) കഴിഞ്ഞ പത്ത് വർഷത്തെ പ്രവർത്തനങ്ങളിൽ ഗുരുതരമായ ക്രമക്കേടുകളാണ് വിദഗ്ധ സമിതി കണ്ടെത്തിയിരിക്കുന്നത്. വായ്പാധികാരം ഉപയോഗപ്പെടുത്തി സംസ്ഥാനത്തിന് വലിയ സാമ്പത്തിക ബാധ്യത വരുത്തി, സർക്കാരിനെയും ധനവകുപ്പിനെയും ഇരുട്ടിൽനിർത്തി സമാന്തരഭരണം നടത്തി, അധികാര ദുർവിനിയോഗത്തിലൂടെ മെഗാ റിക്രൂട്ട്മെന്റുകൾക്ക് ചുക്കാൻപിടിച്ചു തുടങ്ങി ഒട്ടേറെ ഗുരുതരമായ കാര്യങ്ങൾ അക്കമിട്ടു നിരത്തിയിരിക്കുന്നു.

സംസ്ഥാനം രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയെ അഭിമുഖീകരിക്കുകയും റവന്യൂ വരുമാനത്തിന്റെ സിംഹഭാഗവും ശമ്പളത്തിനും പെൻഷനും പലിശ തിരിച്ചടവിനുമായി മാറ്റിവെക്കേണ്ടി വരികയും ചെയ്ത സാഹചര്യത്തിൽ, വികസന പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തുന്നതിനാണ് പിണറായി സർക്കാർ കിഫ്ബിയെ ആശ്രയിച്ചത്. റോഡുകൾ, പാലങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരോഗ്യ സൗകര്യങ്ങൾ തുടങ്ങിയ മേഖലകളിൽ ദീർഘകാല വികസനത്തിനായി അധികവിഭവം കണ്ടെത്തുക പ്രധാന ലക്ഷ്യമായിരുന്നു. പൊതുവിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർന്നതും താലൂക്ക് ജില്ലാ ആശുപത്രികളിൽ പുതിയ ബ്ലോക്കുകളും ആധുനിക ഡയാലിസിസ് കേന്ദ്രങ്ങളും സ്ഥാപിതമായതും കിഫ്ബി വഴി അനുവദിച്ച ഫണ്ടുകൾ മുഖേനയാണ്. ബജറ്റിൽ വകയിരുത്തിയ, വർഷങ്ങൾ നീണ്ടുപോകുമായിരുന്ന പല പദ്ധതികളും കുറഞ്ഞ സമയത്തിനുള്ളിൽ യാഥാർഥ്യമാക്കാൻ സാധിച്ചു. പക്ഷേ, അതിന്റെ പേരിലും സംശയങ്ങൾ ബാക്കിയാകുന്നു.

പദ്ധതികൾ അനുവദിക്കുന്നതിൽ ജില്ലകൾക്കിടയിൽ അസമത്വം, ചില പ്രദേശങ്ങളിൽ അധികവില നൽകി ഭൂമി ഏറ്റെടുക്കൽ, അനധികൃത നിയമനങ്ങൾ തുടങ്ങി നിരവധി ക്രമക്കേടുകളാണ് സമിതി റിപ്പോർട്ടിലുള്ളത്. കണ്ണൂരിൽ ഏറ്റെടുത്ത ആയിരം ഏക്കറോളം ഭൂമിയിൽ 50 ഏക്കർ മാത്രമാണ് ഉപയോഗിച്ചത്. ഇത് സംസ്ഥാനത്തിന് വൻ കടബാധ്യത വരുത്തി വെച്ചു. ആവശ്യകത വിലയിരുത്തി വേണം വികസന പദ്ധതികൾക്കായി ഭൂമി ഏറ്റെടുക്കുന്നത്. ആവശ്യകത കണക്കിലെടുക്കാതെ ഭൂമി വാങ്ങിക്കൂട്ടുന്നതും വിപണി വിലയേക്കാൾ ഉയർന്ന വില നൽകുന്നതും നീതീകരിക്കാനാകാത്തതാണ്.

അടിസ്ഥാനസൗകര്യ വികസനത്തിന്റെ നിർവചനം വിപുലീകരിച്ച് 23 ഇനങ്ങളെ കിഫ്ബിയുടെ പരിധിയിൽ ഉൾപ്പെടുത്തിയതും കിഫ്ബിയുടെ ഘടനയിൽ വരുത്തിയ മാറ്റങ്ങളിലെ വലിയ വീഴ്ചയായി സമിതി ചൂണ്ടിക്കാണിക്കുന്നു. ഈ മാറ്റങ്ങൾ സൃഷ്ടിച്ചത് വലിയ സാമ്പത്തിക ആഘാതമാണ്. മുക്കാൽ ലക്ഷം കോടിയുടെ ബാധ്യതയാണ് കിഫ്ബി വരുത്തിവെച്ചത്. കിഫ്ബിയിലൂടെ അധിക വിഭവ സമാഹരണം നടത്തിയെന്ന കാരണത്താൽ വായ്പാ പരിധി വെട്ടിക്കുറച്ചതിലൂടെ കാൽ ലക്ഷം കോടിയുടെ കടമെടുപ്പ് ശേഷിയും സംസ്ഥാനത്തിനു നഷ്ടമായി.

വഴിപാടായി ഓഡിറ്റ്

സി.എ.ജിയെ കൊണ്ട് 2016 മുതൽ 2026 വരെ കിഫ്ബി വഴി നടത്തിയ പ്രവർത്തനങ്ങളുടെ പെർഫോമൻസ് ഓഡിറ്റ് നടത്തണമെന്നാണ് സമിതിയുടെ പ്രധാന ശിപാർശ. കിഫ്ബിയുടെ പ്രവർത്തനം ഇതേരീതിയിൽ തുടരരുതെന്നും വിപണിയിൽ നിന്നുള്ള കിഫ്ബിയുടെ കടമെടുപ്പ് അവസാനിപ്പിക്കണമെന്നും നിർദേശിക്കുന്നു. സംസ്ഥാന ബജറ്റിൽ നിന്ന് മേട്ടോർ വാഹന നികുതിയും പെട്രോളിയം സെസ്സും നേരിട്ട് കിഫ്ബി അക്കൗണ്ടിലേക്ക് നൽകുന്ന നിലവിലെ അവസ്ഥ അവസാനിപ്പിക്കണമെന്നും ശിപാർശയുണ്ട്. എന്നാൽ ഓഡിറ്റ് നടത്തുമ്പോൾ അത് കണക്കുകളിലും സാമ്പത്തിക വിനിയോഗം സംബന്ധമായ വിഷയത്തിലും മാത്രം ഒതുങ്ങരുത്. സംസ്ഥാനത്തിന് വൻബാധ്യത വരുത്തിവെക്കാനിടയായ ക്രമക്കേടുകൾക്ക് ഉത്തരവാദികളായവരെ കർശന നിയമ നടപടികൾക്കു വിധേയമാക്കുകയും വേണം. അതേസമയം, കിഫ്ബിയുടെ കീഴിൽ നിർമാണം ആരംഭിച്ച സ്കൂൾ കെട്ടിടങ്ങൾ, ആശുപത്രികൾ, റോഡുകൾ, പാലങ്ങൾ തുടങ്ങിയവയുടെ നിർമാണം പാതിവഴിയിൽ നിലച്ചാൽ അത് ജനങ്ങളെ നേരിട്ടു ബാധിക്കും.

കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക ഉപരോധമുൾപ്പെടെയുള്ള പ്രതികാരനടപടികൾക്കെതിരായ പ്രതിരോധം എന്ന നിലയിൽ നടപ്പിലാക്കിയ കിഫ്ബി പദ്ധതി വൻ സാമ്പത്തിക ദുരന്തമായി കലാശിച്ചുവെന്നതാണ് സമിതി റിപ്പോർട്ടിന്റെ രത്നച്ചുരുക്കം. എന്നുവെച്ച്, ഈ പദ്ധതി പെട്ടെന്ന് അവസാനിപ്പിക്കാനാവില്ല. സാമ്പത്തിക ബാധ്യതകൾക്കപ്പുറം ഒട്ടേറെ കിഫ്ബി പദ്ധതികൾ പാതിവഴിയിലാണ്. അതുകൂടി പരിഗണിച്ച് ഈ ഊരാക്കുടുക്കിൽനിന്ന് എങ്ങനെ രക്ഷപ്പെടാമെന്ന ചോദ്യം ഗൗരവമേറിയതു തന്നെ.

1999 ൽ നായനാർ സർക്കാരിന്റെ കാലത്താണ് കിഫ്ബി രൂപവത്കരിക്കപ്പെട്ടത്. കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് നിയമ പ്രകാരം സംസ്ഥാന സർക്കാരിന്റെ ധനകാര്യ വകുപ്പിനുകീഴിൽ പ്രവർത്തിച്ചിരുന്ന സ്വതന്ത്ര സ്ഥാപനമായിരുന്ന കിഫ്ബി ഏതാണ്ട് 15 വർഷത്തോളം ഏറക്കുറെ നിശ്ചലമായിരുന്നു. 2014ൽ, ഉമ്മൻ ചാണ്ടി സർക്കാർ കിഫ്ബിയെ പുനരുജ്ജീവിപ്പിക്കാനുള്ള ചില ശ്രമങ്ങൾ നടത്തി. അടിസ്ഥാനസൗകര്യ പദ്ധതികൾക്ക് ആവശ്യമായ മൂലധനം കണ്ടെത്താൻ വിപണിയധിഷ്ഠിതമായ ധനസമാഹരണ സംവിധാനമാക്കി കിഫ്ബിയെ പുനഃസംഘടിപ്പിക്കുകയായിരുന്നു ലക്ഷ്യം. സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാനായിരുന്ന കെ.എം. ചന്ദ്രശേഖറിന്റെ നേതൃത്വത്തിലുള്ള സമിതിയാണ് ഇതുസംബന്ധിച്ച നിർദേശങ്ങൾ പരിശോധിച്ചത്. കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക തീർക്കാൻ അടിയന്തര ധനസമാഹരണം, സർക്കാർ കണ്ടെത്തിയ അടിസ്ഥാനസൗകര്യ പദ്ധതികൾക്ക് ഇടക്കാല ധനസഹായം, ഭാവിയിലെ വികസനപദ്ധതികൾക്കായി ദീർഘകാല ധനസമാഹരണ സംവിധാനം എന്നീ മൂന്ന് ലക്ഷ്യങ്ങൾ മുൻനിർത്തിയായിരുന്നു ഈ നീക്കം.


ബാബു കദളിക്കാട്

ഇതിനായി ആൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ് ഫണ്ട് (എ.ഐ.എഫ്), ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ്, ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് (ഐ.ഡി.എഫ്) തുടങ്ങിയ സംവിധാനങ്ങൾ രൂപവത്കരിക്കാനും സമിതി നിർദേശിച്ചു. വാണിജ്യപരമായി ലാഭകരമായ പദ്ധതികളിൽനിന്ന് വരുമാനം ലഭിച്ചുതുടങ്ങുമ്പോൾ സർക്കാർ അതിലെ ഓഹരികളുടെ ഒരു ഭാഗം വിറ്റഴിച്ച് പുതിയ നിക്ഷേപങ്ങൾക്കുള്ള പണം കണ്ടെത്തുകയും അതുവഴി വൻപദ്ധതികൾക്കായി പണം കണ്ടെത്തേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കുകയുമായിരുന്നു ഇതിന്റെയെല്ലാം ആത്യന്തിക ലക്ഷ്യം. ഉമ്മൻ ചാണ്ടിക്കുശേഷം അധികാരത്തിൽവന്ന പിണറായി സർക്കാർ ഈ നിർദേശങ്ങൾ മറ്റൊരു തരത്തിൽ നടപ്പിലാക്കാനാണ് ശ്രമിച്ചത്.

2014 ൽ വിഭാവനം ചെയ്തതിൽ നിന്ന് വ്യത്യസ്തമായി കിഫ്ബി നിയമം തന്നെ ഭേദഗതി ചെയ്തുകൊണ്ട് അന്നത്തെ ധനകാര്യ മന്ത്രി തോമസ് ഐസക് ഈ ബോർഡിനെ പുതിയൊരു സംവിധാനമാക്കി. അടിസ്ഥാനസൗകര്യ മേഖലയിൽ മൂലധനച്ചെലവ് വൻതോതിൽ ഉയർത്തി സമ്പദ്വ്യവസ്ഥയെ ഉത്തേജിപ്പിക്കുകയാണ് ലക്ഷ്യമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു.

അധികാരത്തിലേറി ആദ്യ ബജറ്റിൽ തന്നെ 20,000 കോടി രൂപയുടെ സാമ്പത്തിക ഉത്തേജന പദ്ധതിക്ക് കിഫ്ബിയെ പ്രധാന ഉപാധിയാക്കി മാറ്റുകയും ചെയ്തു. സംസ്ഥാനത്തിന്റെ തനതു വരുമാനത്തിൽനിന്ന് കിഫ്ബിക്കായി വൻതുക നീക്കിവെക്കാൻ വ്യവസ്ഥ ചെയ്തതാണ് പിണറായി സർക്കാർ കൊണ്ടുവന്ന മാറ്റങ്ങളിലൊന്ന്. ഇതിന്റെ പ്രത്യാഘാതങ്ങളും വിദഗ്ധ സമിതി അക്കമിട്ട് നിരത്തിയിട്ടുണ്ട്.

മറ്റ് വികസിത രാജ്യങ്ങളെ മറികടന്ന് കാനഡയിൽ ഭവനവില കുതിച്ചുയരുന്നു; ജനസംഖ്യാ വർദ്ധനവിന് ആനുപാതികമായി വീടുകളില്ലെന്ന് റിപ്പോർട്ട്

ഒട്ടാവ: മറ്റ് വികസിത രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കാനഡയിലെ ഭവനവില അതിവേഗം കുതിച്ചുയരുന്നതായി പുതിയ പഠന റിപ്പോർട്ട് വ്യക്തമാക്കുന്നു. കാനഡ മോർഗേജ് ആൻഡ് ഹൗസിങ് കോർപ്പറേഷൻ (സി.എം.എച്ച്.സി) പുറത്തുവിട്ട വിവരങ്ങൾ പ്രകാരം 2005 മുതൽ രാജ്യത്തെ ഭവനവില ഇരട്ടിയിലധികമായി വർദ്ധിച്ചു.

ആവശ്യക്കാരുടെ വർദ്ധനവിന് അനുസൃതമായി ഭവന നിർമ്മാണം നടക്കാത്തതാണ് ഈ പ്രതിസന്ധിക്ക് പ്രധാന കാരണമെന്ന് അധികൃതർ ചൂണ്ടിക്കാണിക്കുന്നു.

റെക്കോർഡ് തോതിലുള്ള ജനസംഖ്യാ വർദ്ധനവും കുടിയേറ്റവുമാണ് കാനഡയിൽ വീടുകൾക്കുള്ള ആവശ്യകത വർദ്ധിപ്പിച്ചത്. 2023, 2024 വർഷങ്ങളിൽ പൂർത്തിയായ ഒരോ ഭവന നിർമ്മാണത്തിനും അഞ്ച് പുതിയ താമസക്കാർ വീതം രാജ്യത്ത് എത്തിയതായി ഗവേഷകർ വ്യക്തമാക്കുന്നു.



കുറഞ്ഞ വായ്പാനിരക്കുകളും ഉയർന്ന വരുമാനവും വീടുകളുടെ ആവശ്യകത കൂട്ടിയിട്ടുണ്ടെങ്കിലും വിതരണ ശൃംഖല അതിനനുസരിച്ച് വളർന്നിട്ടില്ല. 2000കളുടെ തുടക്കത്തിൽ വാൻകൂവറിൽ ആരംഭിച്ച ഈ വിലക്കയറ്റം പിന്നീട് ടൊറന്റോ, ഒട്ടാവ, മോൺട്രിവാൾ, ഹാലിഫാക്സ് എന്നീ പ്രമുഖ നഗരങ്ങളിലേക്കും വ്യാപിക്കുകയായിരുന്നു.

2008-09 ലെ ആഗോള സാമ്പത്തിക മാന്ദ്യകാലത്ത് അമേരിക്ക ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ ഭവനവിലയിൽ വലിയ ഇടിവുണ്ടായപ്പോൾ കാനഡ, ഓസ്ട്രേലിയ, സ്വീഡൻ എന്നീ രാജ്യങ്ങളിൽ നേരിയ കുറവ് മാത്രമാണ് അനുഭവപ്പെട്ടത്.

മാന്ദ്യത്തിനു ശേഷം കാനഡയിലെ ഭവനവില തുടർച്ചയായി ഉയരുകയും മറ്റ് പേർ കേട്ട രാജ്യങ്ങളെക്കാൾ വേഗത്തിൽ മുന്നേറുകയും ചെയ്തു.

മാന്ദ്യ സമയത്ത് അമേരിക്കയിലുണ്ടായതുപോലൊരു വിലയിടിവ് കാനഡയിൽ സംഭവിച്ചിരുന്നെങ്കിൽ പോലും ഇന്ന് ലോകത്തിൽ ഏറ്റവും ഉയർന്ന ഭവനവിലയുള്ള രാജ്യങ്ങളിലൊന്നായി കാനഡ തുടരുമായിരുന്നുവെന്ന് പഠനം വ്യക്തമാക്കുന്നു.

ഫോമാ 2026–28 ഭരണസമിതിയുടെ പ്രവർത്തനോദ്ഘാടനം ഷിക്കാഗോയിൽ പ്രൗഢഗംഭീരമായി; സ്വപ്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുമെന്ന് പ്രസിഡന്റ് ബിജു തോണിക്കടവിൽ



ഷിക്കാഗോ: അമേരിക്കൻ മലയാളി സമൂഹത്തിന്റെ സംഘടനാ പ്രവർത്തനങ്ങൾക്ക് പുതിയ ദിശാബോധം പകരാൻ ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻസ് ഓഫ് അമേരിക്കാസ് (ഫോമാ) 2026-2028 ഭരണസമിതിയുടെ സ്ഥാനാരോഹണവും പ്രവർത്തനോദ്ഘാടനവും ഷിക്കാഗോയിൽ പ്രൗഢഗംഭീരമായി നടന്നു. ഒക്ടോബർ 17 ശനിയാഴ്ച ബെൽവുഡിലെ സീറോ മലബാർ കത്തീഡ്രൽ പാരിഷ് ഹാളിൽ നടന്ന ചടങ്ങ് ഷിക്കാഗോ രൂപതാധ്യക്ഷൻ മാർ ജോയ് ആലപ്പാട്ട് ഉദ്ഘാടനം ചെയ്തു. പ്രശസ്ത മലയാള സിനിമാതാരം സരയൂ മോഹൻ മുഖ്യാതിഥിയായി പങ്കെടുത്തു.

ഇന്ത്യൻ കോൺസുലേറ്റ് ജനറൽ ഡോ. എം. ആനന്ദ് പ്രകാശ്, സെന്റ് തോമസ് സീറോ മലബാർ രൂപതയുടെ വികാരി ജനറാൾ വെരി റവ. ഫാ. തോമസ് കടുകപ്പിള്ളി എന്നിവർ വിശിഷ്ടാതിഥികളായി പങ്കെടുത്തു. ഹൂസ്റ്റണിൽ നടന്ന ഒൻപതാമത് ഫോമാ ഇന്റർനാഷണൽ ഫാമിലി കൺവൻഷനിൽ വൻ ഭൂരിപക്ഷത്തോടെ തിരഞ്ഞെടുക്കപ്പെട്ട പുതിയ ദേശീയ നേതൃത്വത്തിന്റെ പ്രവർത്തനങ്ങൾക്കാണ് ഇതോടെ ഔദ്യോഗിക തുടക്കമായത്.

പുതിയ എക്സിക്യൂട്ടീവ് കമ്മിറ്റി പ്രസിഡന്റായി ബിജു തോണിക്കടവിൽ ചുമതലയേറ്റു. പോൾ പി. ജോസ് ജനറൽ സെക്രട്ടറിയായും പ്രദീപ് നായർ ട്രഷററായും സാമുവൽ മാത്യു വൈസ് പ്രസിഡന്റായും ഡോ. മഞ്ജു പിള്ള ജോയിന്റ് സെക്രട്ടറിയായും ജോൺസൺ കണ്ണൂക്കാടൻ ജോയിന്റ് ട്രഷററായും ചുമതലയേറ്റു. ജനറൽ ബോഡിയിൽ ഫോമാ ജുഡീഷ്യറി ചെയർമാൻ ബെന്നി വാച്ചാച്ചിറ പുതിയ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾക്കും റീജിയണൽ വൈസ് പ്രസിഡന്റുമാർ, നാഷണൽ കമ്മിറ്റി അംഗങ്ങൾ ഉൾപ്പെടെയുള്ള ഭാരവാഹികൾക്കും സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. സ്ഥാനാരോഹണത്തിന് ശേഷം തുടർന്ന ജനറൽ ബോഡിയിൽ പുതിയ ട്രഷറർ പ്രീ ബജറ്റ് അവതരിപ്പിച്ചു.

സത്യപ്രതിജ്ഞയ്ക്കുശേഷം നടന്ന പൊതുസമ്മേളനത്തിൽ പുതിയ പ്രസിഡന്റ് ബിജു തോണിക്കടവിൽ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി പോൾ പി. ജോസ് സ്വാഗതം ആശംസിച്ചു. ഫോമയുടെ ഇരുപതാം വാർഷികത്തോടനുബന്ധിച്ച് കേരളത്തിലെ നിർധന കുടുംബങ്ങൾക്കായി 20 വീടുകൾ നിർമിച്ചുനൽകുന്ന 'ഫോമാ 2020 ഹൗസിങ് പ്രോജക്ട്', 20 നിർധന വനിതകളുടെ സമൂഹ വിവാഹം എന്നിവയുൾപ്പെടെയുള്ള കർമപരിപാടികൾ നിശ്ചിത സമയപരിധിക്കുള്ളിൽ നടപ്പാക്കുമെന്ന് പ്രസിഡന്റ് ബിജു തോണിക്കടവിൽ അറിയിച്ചു.

കേരളവും അമേരിക്കയും തമ്മിലുള്ള സംരംഭകവ്യവസായ ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള 'ബിസിനസ് ബിയോണ്ട് ബോർഡേഴ്സ്' പദ്ധതിക്കും പ്രാധാന്യം നൽകും. ദേശീയ കൺവൻഷൻ നാലു ദിവസത്തിൽനിന്ന് അഞ്ചു ദിവസമായി വിപുലീകരിക്കുക, കുട്ടികൾക്കും യുവജനങ്ങൾക്കുമായി പ്രത്യേക ദിനം ഉൾപ്പെടുത്തുക തുടങ്ങിയ നിർദേശങ്ങളും പുതിയ നേതൃത്വം മുന്നോട്ടുവച്ചിട്ടുണ്ട്.

സമ്മേളനത്തിൽ 2024-2026 കാലഘട്ടത്തിലെ ഫോമാ സുവനീറിന്റെ പ്രകാശനം ചീഫ് എഡിറ്റർ അച്ചൻകുഞ്ഞ് മാത്യു മുഖ്യാതിഥിയായ ഇന്ത്യൻ കോൺസുലേറ്റ് ജനറൽ ഡോ. എം. ആനന്ദ് പ്രകാശിന് നൽകിക്കൊണ്ട് നിർവഹിച്ചു. 'ഫോമാ 2020 ഹൗസിങ് പ്രോജക്ട്'ന്റെ ആദ്യ ചെക്ക് ന്യൂ എംപയർ റീജിയന്റെ മുൻ ആർ.വി.പി പി.ടി.തോമസ് പ്രസിഡന്റ് ബിജു തോണിക്കടവിലിന് നൽകി. തുടർന്ന് അദ്ദേഹത്തെ ആദരിച്ചു.

ചടങ്ങിൽ സ്ഥാനമൊഴിഞ്ഞ പ്രസിഡന്റ് ബേബി മണക്കുന്നേലും പുതിയ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളും സംസാരിച്ചു. ഒക്ടോബർ 17ന് ഉച്ചകഴിഞ്ഞ് നടന്ന ജനറൽ ബോഡിക്കുശേഷം സോഷ്യൽ അവറും സ്ഥാനാരോഹണച്ചടങ്ങും കലാപരിപാടികളും അരങ്ങേറി. ഷിക്കാഗോ മണവാളൻസ് അവതരിപ്പിച്ച നൃത്തം, സംഗീതം, ഹാസ്യപരിപാടികൾ, മലയാളം സ്കിറ്റുകൾ എന്നിവ ഉൾപ്പെട്ട കലാവിരുന്ന് ആഘോഷങ്ങൾക്ക് മാറ്റുകൂട്ടി. ഫോമാ സെൻട്രൽ റീജിയന്റെ ഭാരവാഹികളാണ് ഈ പരിപാടി ഗംഭീര വിജയമാക്കിത്തീർത്തത്. ഫോമാ ജോയിന്റ് ട്രഷററും സെൻട്രൽ റീജിയൻ മുൻ വൈസ് പ്രസിഡന്റുമായ ജോൺസൺ കണ്ണൂക്കാടൻ പുതിയ ആർ.വി.പി രഞ്ജൻ എബ്രഹാം, നാഷണൽ കമ്മിറ്റി അംഗങ്ങളായ ജിതേഷ് ചുങ്കത്ത്, പ്രിൻസ് ഈപ്പൻ, വിമൻസ് ഫോറം റപ്പ് ആഗ്നസ് മാത്യു, യൂത്ത് റപ്പ് കാൾവിൻ കാവലയ്ക്കൽ തുടങ്ങിയവരുടെ നേതൃത്വത്തിലായിരുന്നു പരിപാടിയുടെ സംഘാടനം.

ഫോമയുടെ വിവിധ റീജിയനുകളിൽ നിന്നുള്ള ഭാരവാഹികൾ, നാഷണൽ കമ്മിറ്റി അംഗങ്ങൾ, അംഗസംഘടനാ പ്രതിനിധികൾ, കുടുംബാംഗങ്ങൾ, അഭ്യുദയകാംക്ഷികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. പുതിയ ആശയങ്ങളും ജനക്ഷേമ പദ്ധതികളും സാമൂഹിക പ്രതിബദ്ധതയും മുൻനിർത്തി അമേരിക്കൻ മലയാളി സമൂഹത്തെ കൂടുതൽ ശക്തമായി ഒന്നിപ്പിക്കാനും സംഘടനയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കാനുമുള്ള പ്രതിജ്ഞയോടെയാണ് പുതിയ ഭരണസമിതി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. ജോൺസൺ കണ്ണൂക്കാടൻ നന്ദി പ്രകാശിപ്പിച്ചു.

◗ *എ. എസ്. ശ്രീകുമാർ*



ഈ TOUGH MARKETലും എവിടെയും
PROPERTY SELL ചെയ്യാൻ പറ്റും!

THE CANADIAN HOME

NIAGARA FALLS



TORONTO



OSHAWA



MISSISSAUGA



WATERLOO



CLARINGTON



BRAMPTON



GUELPH





നിങ്ങളുടെ PROPERTY SELL ചെയ്യാൻ നോക്കുന്നുണ്ടോ?

LET'S GET IT SOLD ⟶ +1 (647) 226 2665

TRUSTED SERVICE 20+ YEARS REAL ESTATE EXPERIENCE

MANOJ KARATHA
Broker of Record
+1 (647) 226 2665
The Canadian Home Realty Inc.
2810 Matheson Blvd E unit 801, Mississauga, Ontario

നിരീക്ഷണം വാചകം

CELEBRATING 48 MOHANLAL YEARS

വിസ്മയനടനം 05

തിരനോട്ടത്തിന്റെ അരങ്ങിലും അണിയറയിലും





ജോഷി ജോർജ്

'അമ്പമ്പടാ... ഇവൻ ആര്?!' എന്ന് ഉറക്കത്തിൽ നിന്നുപോലുമെന്നോണം ലാൽ വിളിച്ചുകൂവി. കൊടിവെച്ച ആ വലിയ കെട്ടിടത്തിന് മുന്നിൽ വാളും പിടിച്ച് നിൽക്കുന്നവനെ ഇമവെട്ടാതെ ലാൽ നോക്കിനിന്നു. അപ്പോഴാണ് പെട്ടെന്ന് ഒരു ടാക്സി കാർ പാഞ്ഞുവന്നത്. റോഡിൽ പന്തംകണ്ട പെരുച്ചാഴിയെപ്പോലെ നിന്നിരുന്ന ആ കാട്ടുപൊട്ടന്റെ തൊട്ടടുത്ത് വന്ന്, മുട്ടുമുടിച്ചില്ല എന്ന മട്ടിൽ ടാക്സി ഡ്രൈവർ ബ്രേക്ക് ചവിട്ടി!ആ ഡ്രൈവർ വിളിക്കാത്ത തെറികളില്ലായിരുന്നു.

ലാൽ വീണ്ടും അഭിനയം തുടരുന്നതിന് മുൻപ് തന്നെ ശശികുമാറും അശോകനും അത്യധികം പരിഭ്രാന്തിയോടെ ഓടിയടുത്തു.

'മതിയെടാ മതി... ജോറായിട്ടുണ്ട്! ഇനിയും നീ അഭിനയിച്ചാൽ നിന്റെ ശരീരത്തിൽ പ്ലാസ്റ്റർ ഇടേണ്ടി വരും. മതി, നീ തന്നെയാണ് ഞങ്ങളുടെ മന്ദബുദ്ധി!'

അങ്ങനെ തന്റെ പ്രഥമ സിനിമയിൽ അഭിനയിക്കാനുള്ള യോഗ്യതാ പരീക്ഷയിൽ മോഹൻലാൽ വിജയം നേടി. മോഹൻലാൽ എന്ന നടന വിസ്മയത്തിന്റെ ഉദയം ഇവിടെ കുറിക്കപ്പെടുകയായിരുന്നു.

'തിരനോട്ട'ത്തിലെ കുട്ടപ്പൻ എന്ന വേലക്കാരനായിരുന്നു ലാൽ; തികച്ചും ഒരു കോമഡി കഥാപാത്രം. ആദ്യകാലങ്ങളിൽ നായകനാകാനോ വില്ലനാകാനോ ആയിരുന്നില്ല ലാലിന് താല്പര്യം.

ഹാസ്യരംഗങ്ങളിൽ ശരിക്കും ഒന്നു മിന്നിത്തെളിയണമെന്നായിരുന്നു കക്ഷിയുടെ മോഹം.

'തിരനോട്ട'ത്തിൽ മന്ദബുദ്ധിയുടെ വേഷത്തിലേക്ക് മോഹൻലാലിനെ തിരഞ്ഞെടുത്തുവെങ്കിലും ചിത്രീകരണം അപ്പോൾ തന്നെ തുടങ്ങാൻ കഴിഞ്ഞില്ല. ചിത്രത്തിന് പണം മുടക്കാമെന്ന് ഏറ്റിരുന്നത് പാച്ചല്ലൂർ ശശി എന്ന കോൺട്രാക്ടർ ആയിരുന്നു. തികച്ചും സഹൃദയനായ ശശിയുടെ മനസ്സ് നിറയെ കലയും കലാപരിപാടികളുമായിരുന്നു. അദ്ദേഹം മുൻപ് ഒരു നാടകത്തിൽ അഭിനയിച്ച് മികച്ച നടനുള്ള അവാർഡ് വരെ നേടിയിട്ടുണ്ട്.

സത്യത്തിൽ ഈ ചെറുപ്പക്കാരുടെ സിനിമാഭ്രാന്തിന് തിരികൊളുത്തിയത് പാച്ചല്ലൂർ ശശിയായിരുന്നു. അശോകനും കൂട്ടരും എഴുതിയുണ്ടാക്കിയ തിരക്കഥയൊക്കെ ശശി തിരുത്തിയെഴുതി. ചിത്രത്തിന്റെ സംവിധാന ചുമതല അശോകനെ ഏൽപ്പിച്ചു. സഹസംവിധായകനായി സുരേഷിനെ ചുമതലപ്പെടുത്തി.

ക്യാമറ കുമാർ തന്നെയായിരുന്നു. ഇതിനെല്ലാം പുറമെ ചിത്രത്തിന്റെ സംവിധാന മേൽനോട്ടം ഉള്ളൂർ ഗോപാലകൃഷ്ണൻ എന്നൊരാളെ ഏൽപ്പിച്ചു. പ്രശസ്ത സംവിധായകൻ ശ്രീകുമാരൻ തമ്പിയുടെ അസിസ്റ്റന്റായിരുന്ന ഗോപാലകൃഷ്ണൻ കഥ മിനുക്കിയെടുത്തത് ഇങ്ങനെയായിരുന്നു:

ഒരു പട്ടാളക്കാരന്റെ മകളായ മീരയുടെ മാനസിക വിഭ്രാന്തിയായിരുന്നു ചിത്രത്തിന്റെ പ്രമേയം. കുറച്ച് ഗ്ലാമറിന് പ്രാധാന്യം നൽകിക്കൊണ്ടാണ് കഥ വികസിപ്പിച്ചെടുത്തത്. മീര അവളുടെ നഗ്നശരീരം പ്രദർശിപ്പിക്കുന്നതും ഒടുവിൽ അത് അവളെ വലിയൊരു കെണിയിലാക്കുന്നതുമായിരുന്നു കഥ. രേണുചന്ദ്രികയും രവികുമാറുമായിരുന്നു നായികാനായകന്മാർ. മോഹൻലാൽ മീരയുടെ വീട്ടിലെ വേലക്കാരനും.

ബുദ്ധിവികാസം പ്രാപിക്കാത്ത ഒരു പതിനെട്ടുകാരൻ. ഭൂലോക ഉഴപ്പന്മാരായിരുന്നെങ്കിലും ലാലും അശോകനും സുരേഷുമൊക്കെ വലിയ ഈശ്വരവിശ്വാസികളായിരുന്നു. അവർ ഒത്തുകൂടി തിരുവനന്തപുരത്തെ പ്രശസ്തമായ ആറ്റുകാൽ ക്ഷേത്രത്തിൽ പോയി ദർശനം നടത്തുക പതിവായിരുന്നു. ഒരിക്കൽ തൊഴുതു മടങ്ങുമ്പോൾ ഇതാ പാച്ചല്ലൂർ ശശി മുന്നിൽ നിൽക്കുന്നു!

'ഇനി നമുക്ക് ചിത്രീകരണം ആരംഭിക്കാം,' ശശി പ്രഖ്യാപിച്ചു. എല്ലാവരും വലിയ സന്തോഷത്തിലായി. പൂജയ്ക്കുള്ള നല്ല സമയവും കുറിച്ചു; 1971 സെപ്തംബർ 3. അന്ന് ആറ്റുകാൽ ഭഗവതിയുടെ അനുഗ്രഹത്തോടെ ആദ്യരംഗം ദേവിയുടെ സന്നിധിയിൽ വെച്ച് തന്നെ ചിത്രീകരിക്കാൻ തീരുമാനിച്ചു. സംവിധായകനായ അശോകന് ആകെയൊരു പരിഭ്രമം. അവൻ ഉറ്റസുഹൃത്തുക്കളായ ശശികുമാറിനോടും ലാലിനോടും പറഞ്ഞു:

'എനിക്ക് ഒരു കുന്തവും അറിയില്ലെടാ... കാര്യങ്ങളൊക്കെ നിങ്ങളും കൂടി ഒന്നു നോക്കിക്കോണം...' ശശികുമാറിന് അല്പം ധൈര്യമുണ്ടായിരുന്നു.

'നീ വിഷമിക്കേണ്ടടാ,' എന്ന് പറഞ്ഞ് അശോകന്റെ തോളിൽ തട്ടി ശശി ആശ്വസിപ്പിച്ചു.

'നമുക്ക് വരുന്നിടത്തുവെച്ച് കാണാം. എന്തായാലും ഇറങ്ങിപ്പുറപ്പെട്ടില്ലേ?'

അങ്ങനെയാണ് 'തിരനോട്ട'ത്തിന്റെ തുടക്കം.

മോഹൻലാലിന്റെ വീടിന് ചുറ്റുവട്ടത്തായിരുന്നു 'തിരനോട്ട'ത്തിന്റെ ലൊക്കേഷൻ. അന്ന് സിനിമാ യൂണിറ്റിന് ഭക്ഷണവും മെസ്സും ഒരുക്കിയത് മോഹൻലാലിന്റെ അമ്മ ശാന്തകുമാരിയമ്മയായിരുന്നു. നേരം പുലരുന്നതോടെ നടീനടന്മാരും സാങ്കേതിക വിദഗ്ധരുമെല്ലാം ബസിലും സൈക്കിളിലുമായി മുടവൻമുകളിലെ 'ഹിൽവ്യൂ' എന്ന ലാലിന്റെ വീട്ടിലെത്തും. മകന്റെ നേതൃത്വത്തിൽ കുറച്ചു പിള്ളേർ എന്തൊക്കെയോ കാട്ടിക്കൂട്ടുന്നു എന്ന് മാത്രമാണ് ശാന്താദേവിയമ്മ കരുതിയത്. ലാലിന്റെ അമ്മയ്ക്ക് അന്ന് സിനിമയുടെ വ്യാകരണമൊന്നും അറിയില്ലായിരുന്നല്ലോ.

ചിത്രീകരണം കൂടുതലും ലാലിന്റെ വീട്ടിൽ തന്നെയായിരുന്നതുകൊണ്ട് വീട് മുഴുവൻ 'കുളമായി' എന്ന് പറഞ്ഞാൽ മതിയല്ലോ! ലാലിന്റെ അച്ഛൻ വിശ്വനാഥൻ നായർ നല്ല അടുക്കും ചിട്ടയുമുള്ള ആളായിരുന്നു. അദ്ദേഹത്തിന്റെ ചിട്ടകളെല്ലാം തെറ്റി. ശാന്താദേവിയമ്മയ്ക്ക് ആവശ്യത്തിലധികം ജോലിയുമായി. ചിത്രീകരണം കഴിഞ്ഞാൽ വീട് പഴയതുപോലെ നന്നാക്കിത്തരാമെന്ന് പാച്ചല്ലൂർ ശശി ഇടയ്ക്കിടെ അമ്മയ്ക്കും ലാലിനും ഉറപ്പ് നൽകുന്നുണ്ടായിരുന്നു.



ഇതിനിടയിൽ സിനിമയുടെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമായി. ആരോ പറഞ്ഞു റെഡ്യാറെപ്പോയി കണ്ടാൽ അദ്ദേഹം പ്രശ്നം പരിഹരിക്കുമെന്ന്. ഒട്ടേറെ സിനിമക്കാർക്ക് റെഡ്യാർ പണം കുറഞ്ഞ പലിശയ്ക്ക് നൽകിയിട്ടുണ്ടത്രേ. ഒടുവിൽ സിനിമാക്കാരുടെ കൺകണ്ട ദൈവമെന്ന് പറയപ്പെടുന്ന തിരവേങ്കിടം റെഡ്യാറെപ്പോയി കാണാൻ പാച്ചല്ലൂർ ശശി തീരുമാനിച്ചു. അങ്ങനെ ശശി നല്ല നേരം നോക്കി റെഡ്യാറുടെ മുന്നിൽ പ്രത്യക്ഷപ്പെട്ടു. തിരവേങ്കിടം മുതലാളി ശശിയെ വിശ്വസിച്ച് പണം കൊടുക്കാമെന്ന് ഏറ്റു.

അപ്പോഴാണ് മറ്റ് ചില പ്രശ്നങ്ങൾ ഉണ്ടായത്. ചിത്രത്തിന്റെ തിരക്കഥാകൃത്തായ ശശികുമാർ ടീമുമായി ഉടക്കിപ്പിരിഞ്ഞു. ചിത്രത്തിന്റെ രണ്ടാം ഷെഡ്യൂൾ ആരംഭിക്കാനിരിക്കെയാണ് ശശികുമാർ പിരിഞ്ഞുപോയത്. പക്ഷേ, അശോകൻ കുലുങ്ങിയില്ല. എങ്ങനെയെങ്കിലും ചിത്രം പൂർത്തിയാക്കിയിട്ടേ അടങ്ങൂ എന്ന വാശിയിലായിരുന്നു അവൻ. ഇതിനിടയിൽ അശോകന്റെ സിനിമയെക്കുറിച്ച് പ്രിയദർശൻ അറിഞ്ഞിരുന്നു. തങ്ങളോട് സിനിമയെക്കുറിച്ച് ഒന്നും പറയാത്തതിൽ പ്രിയന് അല്പം വിഷമം തോന്നി.

ഒരിക്കൽ പ്രിയന്റെ ഉറ്റസുഹൃത്ത് ശ്രീകാന്തിന്റെ വീട്ടിൽ വെച്ച് ചിത്രീകരണം നടക്കുന്നുണ്ടെന്ന് അറിഞ്ഞ് പ്രിയൻ ആവേശത്തോടെ അങ്ങോട്ടോടി. അവിടെ ഷൂട്ടിംഗിന്റെ വലിയ ബഹളമായിരുന്നു. മോഹൻലാൽ അതിൽ നടനാണെന്ന് പ്രിയൻ അപ്പോഴാണ് അറിയുന്നത്. ഒരു ദിവസം അശോകൻ കുമാർ പ്രിയന്റെ സഹായം തേടിയെത്തി. ആദ്യം മുതൽ 'തിരനോട്ട'ത്തിൽ സഹകരിപ്പിക്കാത്തതിന്റെ വാശി പ്രിയനുണ്ടായിരുന്നു.

'സിനിമ ആകെ ബോറായിട്ടുണ്ട് അശോകൻ,' പ്രിയൻ ഉള്ള കാര്യം തുറന്നുപറഞ്ഞു. ഇങ്ങനെ പോയാൽ ശരിയാകില്ലെന്ന് ക്യാമറാമാൻ കുമാറും സമ്മതിച്ചു.

'തിരനോട്ട'ത്തെ രക്ഷിക്കാൻ ഒരു വഴിയേ ഉള്ളൂ എന്ന് അവൻ പറഞ്ഞു;

'കുറച്ചൊക്കെ എഴുതുകയും വായിക്കുകയും ചെയ്യുന്ന ആരെങ്കിലും വേണം. അത് നമ്മുടെ കൂട്ടത്തിൽ അവൻ മാത്രമേ ഉള്ളൂ; പ്രിയദർശൻ.' അങ്ങനെയാണ് അശോകൻ പ്രിയന്റെ മുന്നിലെത്തുന്നത്.

പ്രിയദർശൻ അല്പം ഗമയിൽ ഇരുന്നിട്ട് ചോദിച്ചു:

'ഞാൻ വരുന്നതിനെക്കുറിച്ച് മോഹൻലാൽ എന്താണ് പറയുന്നത്?' ലാലിന് പ്രശ്നമൊന്നുമില്ലായിരുന്നു. പക്ഷേ, സുരേഷിന് അത്ര താല്പര്യമില്ലായിരുന്നു.

'അത് പ്രിയൻ കണക്കാക്കേണ്ട, ഞങ്ങൾ മാനേജ് ചെയ്തോളാം,' എന്ന് അശോകൻ ഉറപ്പ് നൽകി.

അങ്ങനെ 'തിരനോട്ട'ത്തിന് വേണ്ടി പ്രിയദർശൻ രംഗത്തെത്തി. പ്രിയന്റെ വരവ് സുരേഷിനെ അസ്വസ്ഥനാക്കി. ആര് പറഞ്ഞിട്ടും സുരേഷ് വഴങ്ങിയില്ല. പ്രിയന്റെ ഭാഗത്തുനിന്നും സുരേഷിനോടുള്ള പെരുമാറ്റം മോശമായിരുന്നു. അതോടെ അശോകനും സുരേഷും തമ്മിലുള്ള ബന്ധം ഉലഞ്ഞു. എങ്ങനെയെങ്കിലും സുരേഷിനെ ഒഴിവാക്കാനുള്ള ശ്രമത്തിലായിരുന്നു പിന്നീട് പ്രിയൻ.

മോഹൻലാൽ ഇത്തവണ എല്ലാവരെയും കൂട്ടിയണയ്ക്കാനാണ് ശ്രമിച്ചത്. പക്ഷേ, പ്രിയദർശന് അന്ന് ആരോടെങ്കിലും പിണക്കം തോന്നിയാൽ പിന്നെ അടങ്ങിയിരിക്കില്ല. എങ്ങനെയെങ്കിലും അവനെ തകർക്കണമെന്ന ചിന്ത മാത്രമായിരുന്നു കക്ഷിക്ക്. ഇങ്ങനെയൊക്കെയാണെങ്കിലും തിരക്കഥയിലും സംഭാഷണത്തിലും പ്രശസ്തമായ 'പ്രിയൻ ടച്ച്' വരുത്തി കാര്യമായ മാറ്റങ്ങൾ വരുത്താൻ അദ്ദേഹത്തിന് കഴിഞ്ഞു.

അങ്ങനെ 'തിരനോട്ട'ത്തിന്റെ ചിത്രീകരണം ഒരുവിധം ഭംഗിയായി പൂർത്തിയായി. ഇനി ഡബ്ബിംഗ് ഘട്ടമാണ്. ഇതിനിടയിൽ സുരേഷ് പൂർണ്ണമായും പ്രോജക്ടിൽ നിന്നും പിന്മാറി. അശോകനും പ്രിയദർശനും വലിയ കൂട്ടുകാരായി മാറി. ഡബ്ബിംഗിന്റെ ആവശ്യങ്ങൾക്കായി അശോകൻ പ്രിയദർശനെയും കൂട്ടി നേരത്തെ തന്നെ മദ്രാസിലേക്ക് (ചെന്നൈ) പുറപ്പെട്ടു. അപ്പോൾ മോഹൻലാലിന് തോന്നി സുരേഷിനെ അങ്ങനെ പിണക്കിവിടുന്നത് ശരിയല്ലെന്ന്. അവനെ എങ്ങനെയെങ്കിലും ഇതിൽ സഹകരിപ്പിക്കണം.

ലാൽ ഒരു ദിവസം രാവിലെ സുരേഷിന്റെ വീട്ടിലെത്തി. അപ്പോൾ സുരേഷ് കടുത്ത ദേഷ്യത്തിലായിരുന്നു.

'എടേ ലാലേ... നീ അറിഞ്ഞില്ലേ? അവന്മാർ നമ്മളെ കൂട്ടാതെ ഡബ്ബിംഗിന് പോയി...!'

'നമുക്കും പോകാം, ഞാൻ നിന്നെ വിളിക്കാൻ വന്നതാ. നീ എതിരൊന്നും പറയരുത്,' മോഹൻലാൽ പറഞ്ഞു.

അതോടെ സുരേഷിന്റെ ദേഷ്യമൊക്കെ അടങ്ങി. അങ്ങനെ അവർ പാച്ചല്ലൂർ ശശിയെ കാണാൻ തീരുമാനിച്ചു. ശശി അന്ന് ആശുപത്രിയിൽ ചികിത്സയിലായിരുന്നു. സുരേഷിന്റെ വീടിനടുത്തായിരുന്നു ആ നഴ്സിംഗ് ഹോം. ഇരുവരും ശശിയെ കാണാൻ പോയി. ശശി സുരേഷിനെയും ലാലിനെയും സ്നേഹിച്ചിരുത്തി. സുരേഷ് പഴയ പിണക്കമെല്ലാം മറന്ന് പൂർണ്ണമായും സിനിമയുമായി സഹകരിക്കാൻ തയ്യാറാണെന്ന് ലാലാണ് ശശിയോട് പറഞ്ഞത്. ശശി തലയണ ഭിത്തിയിലേക്ക് ചാരിവെച്ച് അതിൽ തലചായ്ച്ചുകൊണ്ട് ദയനീയമായി പറഞ്ഞു:

'തിരവേങ്കിടം മുതലാളി കുറച്ചു പൈസയല്ലേ തന്നിട്ടുള്ളൂ. എല്ലാവർക്കും കൂടി മദ്രാസിലേക്ക് പോകാനുള്ള ട്രെയിൻ ടിക്കറ്റ് എടുക്കാൻ പണം തികയില്ലല്ലോടാ...'

മോഹൻലാലിന് മദ്രാസിൽ പോകാൻ സ്വന്തമായി പണം റെഡിയായിരുന്നു. എന്നാൽ സുരേഷിന് ടിക്കറ്റ് എടുക്കാൻ തൽക്കാലം പണമില്ലെന്ന് അറിഞ്ഞതോടെ മോഹൻലാലിന് കടുത്ത പ്രയാസവും ചമ്മലുമുണ്ടായി. കാരണം സുരേഷിനെ വീണ്ടും കൂട്ടുകൂടി കൊണ്ടുവരാൻ ശ്രമിച്ചത് ലാലായിരുന്നല്ലോ. സത്യത്തിൽ സുരേഷിനെ പൂർണ്ണമായും ഒഴിവാക്കാൻ പ്രിയദർശനും അശോകനും കൂടി തയ്യാറാക്കിയ കൃത്യമായ ഒരു പദ്ധതിയായിരുന്നു അത്! സുരേഷിനെ ഡബ്ബിംഗിന്റെ കാര്യങ്ങൾക്കായി മദ്രാസിലേക്ക് വിടേണ്ടതില്ല എന്ന് അവർ മദ്രാസിൽ നിന്നും വിളിച്ച് മുൻകൂട്ടി ഏർപ്പാട് ചെയ്തിട്ടുണ്ടായിരുന്നു.

(തുടരും)

ഉക്രെയ്ന് തുണയായി യൂറോപ്പ് നിലകൊള്ളുമ്പോൾ

അമേരിക്ക കൈവിട്ടാലും ഉക്രെയ്ന് രക്ഷകനായി യൂറോപ്പ് ഒപ്പമുണ്ടാകുമോ, അതോ കിഴക്കൻ യൂറോപ്പിലെ സൈനിക വണ്ടികൾ വൈകാതെ വഴിയിലാകുമോ? ആഗോള ഭൗമരാഷ്ട്രീയത്തിൽ ഇന്ന് ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്നത് ഈ ചോദ്യമാണ്.

വാഷിംഗ്ടണിന്റെ സഹായ പ്രവാഹങ്ങളിൽ മന്ദത വന്നതോടെ കയേവിന്റെ പ്രതിരോധ ബജറ്റുകൾ താങ്ങിനിർത്തുന്നത് യൂറോപ്യൻ രാജ്യങ്ങളാണ്. എന്നാൽ ഭൂഖണ്ഡത്തിലുടനീളം പടരുന്ന കടുത്ത പണപ്പെരുപ്പവും വരാനിരിക്കുന്ന നിർണ്ണായക പൊതുതെരഞ്ഞെടുപ്പുകളും ഈ സഖ്യത്തിന്റെ ഭാവി ചോദ്യചിഹ്നമാക്കുകയാണ്.

അറ്റ്ലാന്റിക്കിന്റെ മറുകരയിൽ രൂപപ്പെടുന്ന പുതിയ രാഷ്ട്രീയ യാഥാർത്ഥ്യങ്ങളിലേക്ക് ഒരു വിശകലനം...

യൂറോപ്യൻ സഹായങ്ങളുടെ വ്യാപ്തിയും അമേരിക്കൻ പിന്തുണയിലെ അയവുകളും

വാഷിംഗ്ടണിന്റെ നയതന്ത്ര ശ്രദ്ധ കുറയുന്നതനുസരിച്ച് ബ്രസ്സൽസ് കൂടുതൽ സാമ്പത്തിക ഉത്തരവാദിത്തം ഏറ്റെടുക്കേണ്ടി വരുന്നു.

1. യൂറോപ്യൻ യൂണിയന്റെ ധനസഹായ പാക്കേജുകൾ

യുദ്ധത്തിന്റെ ആരംഭം മുതൽ ഇതുവരെ 200 ശതകോടിയിലധികം യൂറോയുടെ ഭീമമായ തുകയാണ് സൈനിക, സാമ്പത്തിക, മാനുഷിക സഹായങ്ങളായി യൂറോപ്യൻ കൂട്ടായ്മ ഉക്രെയ്ന് കൈമാറിയത്. നിലവിലെ ബജറ്റ് നികത്താൻ പ്രതിമാസം കോടിക്കണക്കിന് യൂറോയാണ് യൂറോപ്യൻ സെൻട്രൽ ബാങ്കുകളും അംഗരാജ്യങ്ങളും ചേർ



ന്ന് അനുവദിക്കുന്നത്.

2. വാഷിംഗ്ടൺ മധ്യസ്ഥതയിലെ മന്ദതയും യുഎസ് പിന്മാറ്റങ്ങളും

അമേരിക്കയിലെ ആഭ്യന്തര രാഷ്ട്രീയ പോരുകളും സമാധാന ചർച്ചകൾക്കായുള്ള പുതിയ തന്ത്രങ്ങളും കാരണം വാഷിംഗ്ടണിൽ നിന്നും ഉക്രെയ്ന് ലഭിച്ചിരുന്ന നേരിട്ടുള്ള സൈനിക സഹായങ്ങളിൽ പ്രതിമാസ ലഭ്യത കുറഞ്ഞിട്ടുണ്ട്. ഇത് കിഴക്കൻ മുന്നണിയിലെ ആയുധ സപ്ലൈ ശൃംഖലകളെ സങ്കീർണ്ണമാക്കുന്നു.

3. ആയുധ ഉൽപ്പാദന ശൃംഖലകളിലെ വിടവുകൾ

ഉക്രെയ്ന് ആവശ്യമായ വ്യോമ പ്രതിരോധ മിസൈലുകളും പീരങ്കി ഉണ്ടകളും തദ്ദേശീയമായി നിർമ്മിച്ച് നൽകാൻ യൂറോപ്യൻ പ്രതിരോധ ഫാക്ടറികൾ പരമാവധി പരിശ്രമിക്കുന്നുണ്ട്. എന്നിരുന്നാലും ഉൽപ്പാദന ക്ഷമതയിലെ പ്രായോഗിക പരിധികൾ കാരണം അമേരിക്കൻ തയാറെടുപ്പുകളെ പൂർണ്ണമായി മാറ്റിസ്ഥാപിക്കാൻ യൂറോപ്പിന് സാധിക്കുന്നില്ല.

4. കയേവിന്റെ സാമ്പത്തിക ആശ്രയത്വങ്ങൾ

യുദ്ധം നീണ്ടുപോകുന്നത് ഉക്രെയ്ന്റെ തദ്ദേശീയ നികുതി വരുമാനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. സർക്കാർ ജീവനക്കാരുടെ ശമ്പളം, പെൻഷൻ, ആശുപത്രി മാനേജ്മെന്റ് എന്നിവ നടന്നുപോകാൻ വിദേശ സഹായങ്ങളെ പൂർണ്ണമായും ആശ്രയിക്കേണ്ട അവസ്ഥയിലാണ് സെലെൻസ്കി ഭരണകൂടം.

വരാനിരിക്കുന്ന ഇലക്ഷൻ സൂപ്പർസൈക്കിളും തീവ്ര വലതുപക്ഷ കുതിച്ചുചാട്ടവും

യൂറോപ്പിലെ വൻകിട രാഷ്ട്രങ്ങളിൽ നടക്കുന്ന പൊതുതെരഞ്ഞെടുപ്പുകൾ ഉക്രെയ്ൻ നയങ്ങളെ അട്ടിമറച്ചേക്കാം.

1. ഫ്രഞ്ച് രാഷ്ട്രീയത്തിലെ മാറ്റങ്ങളും ലെ പെൻ ഘടകവും

ഫ്രാൻസിൽ തീവ്ര വലതുപക്ഷ നേതാവ് മരീൻ ലെ പെൻ സ്വാധീനം ഉറപ്പിക്കുന്നത് കയേവിന്റെ പ്രധാന ഭീഷണിയാണ്. അധികാരത്തിൽ എത്തിയാൽ ഉക്രെയ്നലേക്കുള്ള സാമ്പത്തിക സഹായങ്ങൾ പൂർണ്ണമായി നിർത്തലാക്കുമെന്നും ഇയു ബജറ്റിലേക്കുള്ള ഫ്രഞ്ച് വിഹിതം വെട്ടിക്കുറയ്ക്കുമെന്നും അവർ പ്രഖ്യാപിച്ചിട്ടുണ്ട്.

2. ഹംഗറി, ചെക്കിയ രാജ്യങ്ങളുടെ വയോജിപ്പുകൾ

യൂറോപ്യൻ യൂണിയന്റെ സംയുക്ത ധനസഹായ പാക്കേജുകളിൽ നിന്നും ഹംഗറി, സ്ലൊവാക്യ തുടങ്ങിയ രാജ്യങ്ങൾ നേരത്തെ തന്നെ വിട്ടുനിന്നിരുന്നു. ഇത്തരം ഒറ്റപ്പെട്ട വിയോജിപ്പുകൾ മറ്റ് അംഗരാജ്യങ്ങളിലേക്കും പടരുന്നത് കൂട്ടായ തീരുമാനങ്ങൾ എടുക്കുന്നതിൽ തടസ്സം സൃഷ്ടിക്കുന്നു.

3. സ്പെയിൻ, പോളണ്ട്, ഇറ്റലി രാജ്യങ്ങളിലെ ജനവിധികൾ

യൂറോപ്പിലെ നാല് പ്രധാന ശക്തികളിൽ നടക്കാനിരിക്കുന്ന ഭരണം മാറ്റിമറിക്കുന്ന തെരഞ്ഞെടുപ്പുകൾ ഉക്രെയ്ൻ അനുകൂല അച്ചുതണ്ടിനെ തകർത്തേക്കാം. തദ്ദേശീയ പണപ്പെരുപ്പവും ജീവിതച്ചെലവും സഹിക്കാനാകാതെ ജനങ്ങൾ പ്രാദേശിക താല്പര്യങ്ങൾക്ക് മുൻഗണന നൽകുന്ന പാർട്ടികളെ പിന്തുണയ്ക്കുന്നു.

4. നയതന്ത്ര ഒരുമയിലെ വിള്ളലുകൾ

റഷ്യയ്ക്കെതിരെ ഒറ്റക്കെട്ടായി ഉപരോധം ഏർപ്പെടുത്തിയിരുന്ന പഴയ രീതിക്ക് പകരം ഓരോ രാജ്യവും സ്വന്തം സാമ്പത്തിക സുരക്ഷിതത്വത്തിന് പ്രാധാന്യം നൽകുന്ന നയങ്ങളിലേക്ക് മാറുന്നത് ബ്രസ്സൽസിന്റെ കൂട്ടായ വീര്യത്തെ പരീക്ഷിക്കുന്നു.

യൂറോപ്യൻ സാമ്പത്തിക പ്രതിസന്ധികളും ഭാവി തന്ത്രങ്ങളും

ദീർഘകാല യുദ്ധങ്ങൾ യൂറോപ്യൻ പൗരന്മാരുടെ നികുതിപ്പണത്തന്മേൽ കനത്ത ഭാരമാണ് ഉണ്ടാക്കുന്നത്.

1. ഊർജ്ജ വിപണിയിലെ തിരിച്ചടികളും ജനരോഷങ്ങളും

റഷ്യൻ ഗ്യാസിനെയും എണ്ണയെയും ഒഴിവാക്കിയതോടെ യൂറോപ്പിലെ ഇന്ധന വില കുതിച്ചുയർന്നു. ഫാക്ടറികൾ അടച്ചുപൂട്ടുന്നതും ഗാർഹിക വൈദ്യുതി നിരക്കുകൾ ഉയരുന്നതും തദ്ദേശീയ ജനങ്ങൾക്കിടയിൽ ഉക്രെയ്ൻ യുദ്ധ സഹായങ്ങളോടുള്ള അതൃപ്തി വർദ്ധിപ്പിച്ചു.

2. റഷ്യയുടെ തന്ത്രപരമായ കാത്തിരിപ്പ്

പാശ്ചാത്യ രാജ്യങ്ങൾക്കിടയിൽ ജനാധിപത്യ പ്രക്രിയകളിലൂടെയും തെരഞ്ഞെടുപ്പുകളിലൂടെയും സ്വയം വിള്ളലുകൾ വീഴുമെന്ന നിഗമനത്തിലാണ് മോസ്കോയുടെ നയതന്ത്രജ്ഞർ. ഈ കാത്തിരിപ്പ് തന്ത്രം റഷ്യയ്ക്ക് യുദ്ധക്കളത്തിൽ മുൻതൂക്കം നൽകുന്നു.

3. സുരക്ഷാ പുനർനിർവ്വചനങ്ങളും യുകെ നയങ്ങളും

ബ്രിട്ടൻ ഉൾപ്പെടെയുള്ള ഇയു ഇതര യൂറോപ്യൻ രാജ്യങ്ങൾ പുതിയ സുരക്ഷാ സഖ്യങ്ങൾ രൂപീകരിക്കാൻ ശ്രമിക്കുന്നുണ്ട്. സ്വന്തം പ്രതിരോധ ബജറ്റുകൾ കുത്തനെ ഉയർത്തി നാറ്റോയുടെ യൂറോപ്യൻ കവാടം ശക്തിപ്പെടുത്തുകയാണ് ഇവരുടെ ലക്ഷ്യം.

4. സമാധാന ചർച്ചകൾക്കുള്ള പരോക്ഷ സമ്മർദ്ദങ്ങൾ

സാമ്പത്തിക പരിധികൾ പൂർണ്ണമായി അവസാനിക്കുന്ന ഘട്ടത്തിൽ മോസ്കോയുമായി നയതന്ത്ര ചർച്ചകൾക്ക് തയാറാകാൻ യൂറോപ്യൻ നേതാക്കൾ കയേവിന് മേൽ പരോക്ഷ സമ്മർദ്ദം ചെലുത്താനുള്ള സാധ്യത തള്ളിക്കളയാനാവില്ല.



മുങ്ങാൻ പോകുന്ന 'കപ്പലും, ക്യാപ്ടനും' കരഞ്ഞു മെഴുകാൻ പോകുന്ന 'മുൻമന്ത്രിമാരും'

കേരളാ വിൻഡോ



ആന്റണി ചടയംമുറി

ക്യാപ്ടൻ വിവിധ കോടതികളിലായി ഓടി നടക്കുകയാണ്. ഇന്നത്തെ സുപ്രീം കോടതി വിധിയിലൂടെ കപ്പിത്താന് ഒരാഴ്ച സമയം നീട്ടിക്കിട്ടിയെങ്കിലും, ''സർ, ഈ കപ്പലിന് ഒരു ശക്തനായ കപ്പിത്താനുണ്ട്. ഇത് മുങ്ങില്ല '' എന്ന് പറഞ്ഞ പഴയ വീണ മന്ത്രിക്ക് പുതിയ കേസുകളെ ഓർത്ത് ഉറക്കം നഷ്ടപ്പെട്ടു കഴിഞ്ഞു.

''ക്യാപ്ടന്റെ'' മുമ്പിൽ പൂങ്കണ്ണീർ. അന്നത്തെ സ്പീക്കർക്കു മുമ്പിൽ വിതുമ്പൽ. മുൻമന്ത്രി വീണാ ജോർജ്ജിന്റെ അഭിനയമികവിൽ രാഷ്ട്രീയ കേരളം 'പെരുത്ത് സന്തോഷ' ത്തിലാണ്. രണ്ട് കെ.എസ്.യു.ക്കാർക്കെതിരെ വധശ്രമത്തിന് കേസെടുത്ത് പരിയാരം മെഡിക്കൽ കോളേജിൽ നഴ്സുമാരുമായി സെൽഫിയെടുത്ത മന്ത്രിയുടെ അഭിനയം അന്നേ ചാനലുകളിൽ കണ്ട് കൈയടിച്ചവരാണല്ലോ നാം.

എന്നാലും ഒരു വീട്ടമ്മയായ മന്ത്രിയെ മാരകായുധങ്ങളുമായി ആക്രമിച്ച 'കുട്ടി കോൺഗ്രസു' കാരെക്കുറിച്ച് അന്ന് എന്തെല്ലാമാണ് പിണറായിയും ഷംസീറും പറഞ്ഞതെന്ന് ചാനലുകാർ ആൽക്കൈവ്സിൽ തപ്പിയെടുത്ത് ജനങ്ങൾക്കു മുമ്പിൽ പുനരവതരിപ്പിച്ചിട്ടുണ്ട്.

'എന്റെ സാറേ, ഞാനൊന്നും കണ്ടിട്ടില്ല സാറേ, മന്ത്രിമാഡം പറഞ്ഞതുകൊണ്ടാണ് അങ്ങനെയൊരു മൊഴി നൽകിയതെന്ന ഗൺമാൻ അഭിലാഷിന്റെ കുമ്പസാരത്തോടുകൂടി, ഇനി മുൻമന്ത്രി വീണയെ കാത്തിരിക്കുന്നത്, പഴയ പ്രതികളുടെ മാനനഷ്ട നഷ്ടപരിഹാരക്കേസുകളായിരിക്കുമെന്ന് ഉറപ്പായിക്കഴിഞ്ഞിട്ടുണ്ട്.

വീണാ ജോർജിനെ മന്ത്രിയാക്കാൻ മൗനസമ്മതം നൽകിയ പത്തനംതിട്ട ജില്ലാ കമ്മിറ്റിയിൽ ഉദയഭാനു പത്മകുമാർ ഗ്രൂപ്പുകാരുടെ നിഴൽ യുദ്ധങ്ങൾ വീറോടെ നടക്കുന്നുണ്ട്. ഒരു പഴയ ബി.ജെ.പി. നേതാവിന്റെ കക്ഷത്തിൽ തലവെച്ചു കൊടുത്ത പത്തനംതിട്ടയിലെ സി.പി.എം. നേതാക്കൾ പരസ്പരം അങ്കം വെട്ടിക്കളിക്കുകയാണിപ്പോൾ. ഇതിനിടെ പാർട്ടി വേദികളിലേക്കൊന്നും പോകാതെ സ്വന്തം 'ആരോഗ്യം' സൂക്ഷിച്ച് ജീവിക്കുകയാണ് മുൻമന്ത്രി വീണ. പക്ഷെ മന്ത്രി മുരളീധരന്റെ പുതിയ ഹിറ്റ് ലിസ്റ്റിൽ ഈ വീണയാണ് നമ്പർ വൺ ശത്രു.

സി.പി.എംൽ ഇ.ഡി.യും മെസിയും കിഫ്ബിയുമെല്ലാംപാർട്ടിയെതകർക്കാനുള്ള കോൺഗ്രസ്ബി.ജെ.പി. ഡീലാണെന്ന് സൈബർ സഖാക്കൾ കരഞ്ഞു നിലവിളിക്കുന്നു. കോൺഗ്രസിലാകട്ടെ, കർട്ടനു പിന്നിലെ കത്തിവേഷത്തെക്കുറിച്ചുള്ള ചർച്ചകൾ പൊടിപൊടിക്കുന്നു. സർക്കാർ തിങ്കളാഴ്ച കൂടി അവധിയായി പ്രഖ്യാപിച്ചതോടെ തലസ്ഥാന നഗരം മൂകമാണ്. സമരമില്ല. ബഹളമില്ല.

സെക്രട്ടറിയേറ്റിൽ ചില ഓഫീസുകളിൽ മാത്രമേ ആളനക്കമുള്ളൂ. ഒക്ടോബറിലെ ശമ്പളത്തിൽ ഡി.എ.കുടിശ്ശിക സർക്കാർ നൽകാൻ പോകുന്നുവെന്ന പ്രഖ്യാപനം ഏതായാലും ജീവനക്കാരെ സന്തോഷഭരിതരാക്കിയിട്ടുണ്ട്. ഈ സന്തോഷത്തിനു പിന്നാലെ ശമ്പളക്കമ്മീഷന്റെ കാലാവധി വർദ്ധിപ്പിക്കുമെന്ന വാർത്തയും ജീവനക്കാരെ ഹാപ്പിയാക്കി. ഇങ്ങനെ ജീവനക്കാരെ ഹാപ്പിയാക്കിയതോടെ ജനസ്പർശം എന്ന പേരിലുള്ള 'ഫയൽനീക്ക മഹോത്സവം' കൂടുതൽ വിജയിച്ചേക്കാം.



കിഫ്ബി എന്ന കൊള്ളസങ്കേതം

കഴിഞ്ഞ മൂന്നു ദിവസങ്ങളിലായി കേരളത്തിന്റെ 'അടിസ്ഥാന സൗകര്യ വികസന ബോർഡ്' എന്ന് വിശേഷിപ്പിക്കാവുന്ന കിഫ്ബിയിൽ നടന്ന 'അടിച്ചുമാറ്റൽ' വാർത്തകൾ മാധ്യമങ്ങളിൽ നിറഞ്ഞുകവിഞ്ഞിട്ടുണ്ട്. ഡോ. തോമസ് ഐസക്കിന്റെ ഭാവനാ സന്തതിയാണ് കിഫ്ബി.

അടിസ്ഥാന സൗകര്യ വികസനങ്ങൾക്ക് ബജറ്റിനു പുറത്തുള്ള കടമെടുക്കൽ എളുപ്പമാക്കാവുന്ന സാമ്പത്തിക സംരംഭമായിട്ടാണ് ഡോ. ഐസക്കിന്റെ തലച്ചോറിൽ കിഫ്ബി പിറന്നതെങ്കിലും, രണ്ടാം പിണറായി സർക്കാർ അതിനെ ഒരു സമാന്തര സർക്കാർ സംവിധാനമായി രൂപാന്തരപ്പെടുത്തുകയായിരുന്നു. ഇതിനുവേണ്ടി 2016ൽ നിയമസഭയിൽ രണ്ട് ഭേദഗതികൾ കൊണ്ടുവന്നു.

അതിൽ ആദ്യത്തേത് കിഫ്ബിയിൽ സി.എ.ജി.ഓഡിറ്റ് വേണ്ടെന്നുള്ളതായിരുന്നു. രണ്ടാമതായി വിനിയോഗത്തെക്കുറിച്ചുള്ള വിശദാംശങ്ങളും സി.എ.ജി.ക്ക് നൽകേണ്ടതില്ലെന്നായിരുന്നു. ഏറെ വിചിത്രമെന്നു പറയട്ടെ, ഈ ഭേദഗതികൾ നിയമസഭ പാസാക്കിയത് ഏകകണ്ഠേനയാണ്. ബജറ്റിനു പുറത്തുനിന്ന് കടമെടുക്കുകയാണെങ്കിൽ സർക്കാർ ഗ്യാരന്റി നൽകേണ്ടതില്ലെന്നായിരുന്നു കീഴ്വഴക്കം. എന്നാൽ ബജറ്റിനു പുറത്തുനിന്ന് കടമെടുക്കാനും, ഇങ്ങനെ കടമെടുക്കുന്നതിന് സർക്കാർ ഗ്യാരന്റി നൽകാനും സർക്കാർ തയ്യാറായി.

അന്ന് ധനവകുപ്പ് മന്ത്രിയായിരുന്ന കെ.എൻ. ബാലഗോപാലും, ധനകാര്യ സെക്രട്ടറിയായിരുന്ന ബിശ്വനാഥ് സിൻഹയും ഫയലിൽ എതിർപ്പ് രേഖപ്പെടുത്തി കുറിപ്പിട്ടു. ഇതോടെ ബിശ്വനാഥ് സിൻഹയ്ക്ക് ധനകാര്യ വകുപ്പിലെ കസേര പോയി. സിൻഹയെ 'ചവിട്ടി തിരുമ്മി' ശരിയാക്കാൻ ആഭ്യന്തര വകുപ്പിലേക്ക് മാറ്റുകയും ചെയ്തു. മുഖ്യമന്ത്രി പിണറായി നേരിട്ട് ഫയലിലെ തടസ്സങ്ങൾ നീക്കി കിഫ്ബിക്ക് പൂർണ്ണ പ്രവർത്തന സ്വാതന്ത്ര്യം നൽകുകയായിരുന്നു.

40 സ്റ്റാഫിന് 498 സ്റ്റാഫ്!

കിഫ്ബിയുടെ ഓഫീസ് പൂർണ്ണമായും എയർകണ്ടിഷൻഡ് ചെയ്തതാണ്. ഈ ആഡംബരസൗധത്തിൽ മുഖ്യമന്ത്രിയുടെ ഒരു തരികിട സംവിധാനത്തിലൂടെയാണ് നിയമനം. 40 പേരെ കിഫ്ബിയിൽ നിയമിക്കാൻ ധനവകുപ്പ് അനുമതി നൽകിയെങ്കിലും പിണറായിയുടെ ഇഷ്ടക്കാരുടെ നിര നീണ്ടപ്പോൾ കിഫ്ബിയിൽ സ്റ്റാഫിന്റെ എണ്ണം 498 പേരായി. കിഫ്ബിയുടെ സി.ഇ.ഒ. തന്നെയാണ്, ഈ സംവിധാനത്തിന്റെ എക്സ് ഒഫീഷ്യോ സെക്രട്ടറി.

അതുകൊണ്ടുതന്നെ കെ.എം. എബ്രഹാം എന്ന വീരശിരോമണിയാണ് കിഫ്ബിയുടെ പ്രധാനമന്ത്രി. കിഫ്ബിയുടെ ചക്രവർത്തി പിണറായിയതുകൊണ്ട് നിയമനങ്ങളും ഫണ്ട് അടിച്ചുമാറ്റലുമെല്ലാം സുഗമമായി നടന്നുവെന്നാണ് നിയമസഭയുടെ മേശപ്പുറത്തുവച്ച കിഫ്ബിയെക്കുറിച്ചുള്ള അന്വേഷണ റിപ്പോർട്ടിൽ പറയുന്നത്.

കിഫ്ബിയെ ഇങ്ങനെ കയറൂരിവിട്ടാൽ സംസ്ഥാനത്തിന്റെ കടമെടുപ്പിനെ ബാധിക്കുമെന്ന് ധനമന്ത്രിയും ധനകാര്യവകുപ്പ് സെക്രട്ടറിയും മുന്നറിയിപ്പായി ഫയലിൽ കുറിച്ചിട്ടും പിണറായി നേരിട്ട് എല്ലാ തടസ്സങ്ങളും നീക്കി. ഇന്ധന സെസായുള്ള 2 ശതമാനവും മോട്ടോർ വാഹന നികുതിയുടെ 50 ശതമാനവും കിഫ്ബിയുടെ അക്കൗണ്ടിലേക്ക് ദിവസേന നേരിട്ട് ലഭിക്കാൻ തക്ക തീരുമാനവും പിണറായിയുടേതുതന്നെ.

ബജറ്റിലില്ല, പക്ഷെ പണികിട്ടും

സംസ്ഥാന ബജറ്റിൽ കിഫ്ബിയെക്കുറിച്ച് പ്രത്യക്ഷമായ പരാമർശമൊന്നുമില്ലെങ്കിലും സർക്കാർ വക പണം വന്നുതുടങ്ങിയതോടെ അതിന്റെ പ്രവർത്തനത്തിന്റെ എല്ലാ ഔദ്യോഗിക സ്വഭാവവും നഷ്ടപ്പെട്ടു. കിഫ്ബിക്ക് വായ്പയെടുക്കാൻ സർക്കാർ ഗ്യാരന്റി നൽകുന്നതുകൊണ്ടുതന്നെ കേന്ദ്രം കേരളത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറച്ചു. ഇതിനെതിരെ കേരളം സുപ്രീം കോടതിയിൽ നൽകിയ ഹർജിയുടെ വിചാരണ പൂർത്തിയായിട്ടുമില്ല. ഈ കേസ് വാദിക്കാനും സർക്കാർ ചെലവിട്ടത് നികുതിപ്പണമാണെന്നുകൂടി ഓർമ്മിക്കേണ്ടതുണ്ട്. ഇപ്പോൾ കിഫ്ബിയുടെ അക്കൗണ്ടിൽ 30,000 കോടി രൂപയുണ്ടെന്ന മുൻമന്ത്രി ഡോ. ഐസക്കിന്റെ പ്രസ്താവന അദ്ദേഹത്തിനു തന്നെ വിഴുങ്ങേണ്ടിവന്നു. തുക തിരുത്തി 10,000 കോടി രൂപയാക്കിയെങ്കിലും സർക്കാരിന്റെ കണക്കിൽ ഇപ്പോൾ 6000 കോടി രൂപയോളമേ കിഫ്ബിയുടേതായിട്ടുള്ളു.

രണ്ട് വൻ വിഡ്ഢിത്തങ്ങളാണ് പിണറായി ചെയ്തത്. ഒന്നാമതായി 9.5 ശതമാനം വരെ പലിശയ്ക്ക് കിഫ്ബിയെ വായ്പയെടുക്കാൻ അനുമതി നൽകി. പദ്ധതി നിർവഹണത്തിനായി ചെലവഴിക്കാതെ 7.5 ശതമാനം പലിശ മാത്രം കിട്ടുന്ന ബാങ്കുകളിൽ ഈ തുകയത്രയും നിക്ഷേപിച്ചു. ഇത് മൂലം പുതിയ സർക്കാരിന് സംഭവിച്ച നഷ്ടം തന്നെ കോടികളാണ്. കിഫ്ബി മൂലം സർക്കാരിന്റെ പുതിയ ബാധ്യത 70,000 കോടി രൂപയാണെന്ന് പുതിയ അന്വേഷണ റിപ്പോർട്ടിൽ പറയുന്നു.

കല്ലുവെട്ടാൻ കുഴികൾക്ക് കോടികൾ

കണ്ണൂരിലും പാലക്കാട്ടുമാണ് കിഫ്ബി ഏറ്റവും കൂടുതൽ ഭൂമി വാങ്ങിക്കൂട്ടിയത്. കണ്ണൂരിൽ കല്ല് വെട്ടിയെടുത്ത പാതാളഗർത്തങ്ങളുള്ള ഭൂമിക്ക് ഏക്കറിന് രണ്ടര കോടി രൂപ വിലയിട്ടാണ് കിഫ്ബിക്കു വേണ്ടി കിൻഫ്ര വാങ്ങിയത്. പാലക്കാട്ടാണെങ്കിൽ കുരുപ്പ പോലും മുളയ്ക്കാത്ത പ്രദേശമാണ് വ്യവസായ പാർക്കുകൾ സ്ഥാപിക്കാനെന്ന പേരിൽ കിൻഫ്ര വാങ്ങിയത്. ഇതെല്ലാം സഖാക്കളുടെ 'ബെനാമി' പേരിലുള്ള ഭൂമികളാണ്. മലബാർ ദേവസ്വം ബോർഡിന്റെ പേരിലുള്ള ഏക്കർ കണക്കിനു ഭൂമിയും തണ്ടപ്പേര് മാറ്റി കിൻഫ്രയ്ക്ക് നൽകിയെന്ന പരാതിയുണ്ട്.

കണ്ണൂർ ആർ.ഡി.ഒ. ആയിരുന്ന നവീൻ ബാബുവിന് അന്ന് ചില പാർട്ടിക്കാർ നടത്തുന്ന ഈ 'കള്ളക്കച്ചവട' ത്തെക്കുറിച്ച് അറിവുണ്ടായിരുന്നുവെന്നും, ഈ ഇടപാടുകളുടെ ഫയലുകൾ അദ്ദേഹത്തിന്റെ കൈവശമുണ്ടായിരുന്നുവെന്നും, കണ്ണൂരിലെ പാർട്ടിവൃത്തങ്ങളിൽ സംസാരമുണ്ടായിരുന്നു. പാർട്ടി വിട്ട ഡിഫി നേതാവ് മനു തോമസ് ഈ 'കള്ള ഡീലുകൾ' പാർട്ടിയെ തകർക്കുമെന്ന മുന്നറിയിപ്പും അന്ന് നൽകിയിരുന്നു.

കോഴിക്കോട്ടെ ഒരു ഭൂമി ബ്രോക്കറുടെ തിരോധാനം കോഴിക്കോട് മുതൽ കണ്ണൂർ വരെ നീളുന്ന പാർട്ടി വക ഭൂമി ഇടപാടുകളുടെ പിന്നാമ്പുറക്കഥകളുമായി ബന്ധിപ്പിച്ച് ചിലർ പറയുന്നുണ്ട്. വയനാട് തുരങ്കപ്പാതയ്ക്കു വേണ്ടി സ്ഥലമെടുത്തതും കോഴിക്കോടിന്റെ നഗര മധ്യത്തിലെ പൂട്ടിയിട്ടിരുന്ന ഒരു സ്റ്റീൽ നിർമ്മാണ സംരംഭത്തിന്റെ ഏക്കർ കണക്കിനു ഭൂമി ഒരു ഗുജറാത്തി കമ്പനിക്ക് നക്കാപിച്ച വിലയ്ക്ക് സർക്കാർ വിറ്റതുമെല്ലാം ഈ ആരോപണങ്ങളുടെ ഉപകഥകളാണ്.

കർട്ടനു പിന്നിലെ കത്തിവേഷങ്ങൾ

മുഖ്യമന്ത്രി വി.ഡി.സതീശനെതിരെ പാർട്ടി വിലക്കിയിട്ടും നിരന്തരം പ്രസ്താവനകൾ നടത്തുന്ന കോൺഗ്രസുകാരെ എന്തു വിളിക്കും നാം? ഒരു പ്രതിപക്ഷമെന്ന നിലയിൽ കേരളത്തിലെ സി.പി.എം. എല്ലും തോലുമാണിപ്പോൾ. കോൺഗ്രസ് നയിക്കുന്ന യു.ഡി.എഫ്. ഭരണത്തിന് വളരെ സുമൂത്തായി കാര്യങ്ങൾ നടത്താമെന്നിരിക്കെ, അവർക്ക് വൻ വിജയം നൽകിയ ജനത്തിനു മുമ്പിൽ അടുരാനും മറ്റും നടത്തുന്ന ഹാസ്യനാടകങ്ങൾ ഇനിയെങ്കിലും അവസാനിപ്പിച്ചുകൂടേ?

ദേശീയ തലത്തിലായാലും കോൺഗ്രസിന് കൂടുതൽ ജനപിന്തുണ ലഭിച്ചുവരുന്നുണ്ട്. ബി.ജെ.പി.യിലേക്ക് പോയി സ്വപ്നമാളികകൾ പണിയാൻ ആഗ്രഹിച്ച തരൂരിനെപോലുള്ള നേതാക്കൾ പോലും ഇപ്പോൾ മോദി സ്തുതിക്ക് തയ്യാറല്ല. അത്തരമൊരു രാഷ്ട്രീയ ക്യാൻവാസിൽ കോൺഗ്രസിന്റെ മുഖത്ത് കരിവാരിത്തേയ്ക്കാനുള്ള ചില നേതാക്കളുടെ ശ്രമങ്ങൾ അപലപിച്ചേ പറ്റൂ.

കോൺഗ്രസിൽ മാത്രമല്ല, ഉദ്യോഗസ്ഥ തലത്തിലും പഴയ 'ചുവപ്പൻ പ്രേമികൾ' സർക്കാരിനിട്ട് പണിയുന്നുണ്ട്. കോട്ടയത്തെ ഉന്നത ഫോറസ്റ്റ് ഉദ്യോഗസ്ഥന്റെ 'മരം മുറി ഉത്തരവും' ചാലക്കുടിയിലെ ബേക്കറിക്ക് വീര്യം കുറഞ്ഞ വൈൻ വിൽക്കാൻ മുഖ്യമന്ത്രിയോ വകുപ്പ് മന്ത്രിയോ അറിയാതെ നൽകിയ അനുമതിയും ഈ 'ഊടൻ പണി' കൾക്ക് ഉദാഹരണങ്ങളാണ്.

കേരളത്തിലെ സർക്കാർ ഉദ്യോഗസ്ഥർ ഇനിയും പിണറായി ഭരിക്കാനെത്തുമെന്ന് സ്വപ്നം കാണേണ്ട. അഴിമതി അന്വേഷണങ്ങളുടെ ഉരുൾപൊട്ടലിൽ പിണറായി വിജയന് ഇനി പിടിച്ചുനിൽക്കാനാകുമോ?

കാരണം, മലയാളിയെയും കേരളത്തെയും കൊള്ളയടിച്ച പണം കൊണ്ട് കിരീടമുണ്ടാക്കിയാൽ, അത് ആ 82കാരന്റെ തലയിൽ എക്കാലത്തും ഉറച്ചിരിക്കുമോ? അഴിമതിക്കഥകൾ അങ്ങനെ കാണ്ഡം കാണ്ഡമായി പുറത്ത് വരികകയല്ലേ?

കർട്ടന് പിന്നിൽ മുരളി കണ്ടതാരെ?



ആരങ്ങ് ഡൽഹിയിൽ മാത്രമല്ല ഇപ്പോൾ ലോകത്ത് ഒരിടത്തെങ്കിലും ഏതെങ്കിലും ഭരണാധികാരിക്ക് മനസ്സമാധാനത്തോടെ ഭരിക്കാൻ കഴിയുന്നുണ്ടോ എന്ന് ചിന്തിച്ചാൽ അല്പം കുഴയും. ആഭ്യന്തര കലഹങ്ങളാൽ കലുഷിതമാണ് ലോകരാഷ്ട്രങ്ങൾ. നമ്മുടെ രാജ്യ തലസ്ഥാനത്ത് തുടങ്ങിവെച്ച പാറ്റ സമരം ഭരണാധികാരികൾക്ക് സൃഷ്ടിക്കുന്ന തലവേദന ചെറുതല്ല.

അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ, വെള്ളിത്തിരയിൽ നിന്ന് നേരെയെത്തിയ ജോസഫ് വിജയ് എന്ന മുഖ്യമന്ത്രിക്ക് പോലും രാഷ്ട്രീയ ശത്രുക്കളെകൊണ്ട് സ്വസ്ഥതയില്ല. മുൻ കാലങ്ങളിൽ കർണാടകയിൽ മുഖ്യമന്ത്രി സിദ്ധരാമയ്യയും ഉപമുഖ്യമന്ത്രി ഡി.കെ. ശിവകുമാറും തമ്മിലുള്ള നേതൃസ്ഥാന തർക്കത്തെ തുടർന്ന് കോൺഗ്രസ് സർക്കാരിൽ ഭരണപ്രതിസന്ധിയിലാക്കിയിരുന്നു. ഭരണകൂടം പോലീസിനെ ദുരുപയോഗം ചെയ്ത് രാഷ്ട്രീയ എതിരാളികളെയും വിമർശകരെയും വേട്ടയാടുകയാണെന്ന് വൈ.എസ്. ആർ.സി.പി നേതാക്കൾ ആരോപിക്കുന്ന ആന്ധ്രാപ്രദേശിലും സ്ഥിതി വ്യത്യസ്തമല്ല.

അപ്പോൾ കേരളത്തിൽ മാത്രമായി ഭരണാധികാരിക്ക് സവിശേഷമായി എന്താണ് വേണ്ടത്? അഴിമതി ആരോപണങ്ങളുടെ കൊടുമുടികയറി നിൽക്കുന്ന പ്രതിപക്ഷ നേതാവിനെയും സംഘത്തെയും തൽക്കാലം ഭയക്കേണ്ട അവസ്ഥ വി.ഡി. സതീശൻ എന്ന മുഖ്യമന്ത്രിക്കില്ല. കേസുകളുടെ ഊരാക്കുടുക്കുകളിൽ നിന്ന് സ്വയം അഴിഞ്ഞു പുറത്തുവന്നിട്ട് വേണം പ്രതിപക്ഷ നിരയെ പിണറായി വിജയന് നയിക്കാൻ.

അതിനിടെ, തനിക്കു മുൻപ് പത്തു വർഷം ഭരിച്ച രാഷ്ട്രീയ എതിരാളിയോട് രാഷ്ട്രീയ പകപോക്കൽ ഇല്ലെന്ന് തെളിയിക്കാൻ അനുദിനം പാടുപെടുന്ന ഒരു മുഖ്യമന്ത്രി. മാസപ്പടി കേസിൽ പോലും പ്രതിപക്ഷ നേതാവിന് കോടതിയിൽ സമാശ്വാസം നൽകുന്ന നിലപാടാണ് മുഖ്യമന്ത്രി സ്വീകരിച്ചത്. അതിന്റെ പേരിൽ സ്വന്തം പാർട്ടിക്കുള്ളിൽ ഉയർന്ന കലാപത്തെ പോലും സതീശൻ ഭയന്നില്ല. എന്തുകൊണ്ട് അപ്പീൽ പോയില്ല എന്ന് സുപ്രീംകോടതി പോലും ചോദിച്ചു.

സതീശന്റെ ഈ നിർഭയത്വവും കൂസലില്ലായ്മയും കോൺഗ്രസിൽ ഒരു പതിറ്റാണ്ട് ഉറങ്ങിക്കിടന്ന ഗ്രൂപ്പ് കൃാമ്പുകളെ ഉണർത്താൻ ഉത്തേജകമായി. ഭരണത്തിലേറി 100 ദിവസം പിന്നിടുന്നതിന് മുൻപ് സ്വയം അവരോധിത ഗ്രൂപ്പ് മാനേജർമാർ മാധ്യമങ്ങൾക്ക് മുന്നിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങി. പഴയ തിരുത്തൽവാദ സിദ്ധാന്തത്തിന്റെ പുതിയ മുഖവുമായി.

നവ തിരുത്തൽ വാദം

സ്വന്തം പാളയത്തിൽ നിന്നുതന്നെ വരുന്ന കുത്തിത്തിരിപ്പിന് കോൺഗ്രസുകാർ പണ്ട് തിരുത്തൽ വാദം എന്നാണ് പേരിട്ടത്. ഏതെങ്കിലും ആദർശത്തിന്റെ പേരിലായിരുന്നില്ല പണ്ടത്തെ തിരുത്തൽ വാദം. സ്ഥാനമോഹം തന്നെ മുഖ്യഘടകം. തിരുത്തൽവാദികൾ എന്ന പേരു ചാർത്തപ്പെട്ട നേതാക്കളിൽ ഇന്നത്തെ ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തലക്കും എം.ഐ ഷാനവാസിനും ജി. കാർത്തികേയനും തിളങ്ങി നിന്നു. കോൺഗ്രസിൽ കെ.കരുണാകരന്റെ അപ്രമാദിത്വം നിറഞ്ഞു നിന്ന ഘട്ടത്തിലാണ് കരുണാകരന്റെ തണലിൽ വളർന്ന ചെറുപ്പക്കാർ തന്നെ തിരുത്തൽ വാദം ഉയർത്തുന്നത്.

കാറപകടത്തിൽപ്പെട്ട കരുണാകരൻ തിരിച്ചുവരമോ എന്ന് ആശങ്കപ്പെട്ട ഘട്ടത്തിലാണ് ഐ ഗ്രൂപ്പിൽ അദ്ദേഹത്തിന്റെ പിൻഗാമിയായി മകൻ കെ.മുരളീധരൻ ഉയർന്നുവരുന്നു എന്ന ആശങ്ക ഒരു വിഭാഗത്തിന് ഉണ്ടായത്. പക്ഷേ കരുണാകരൻ തിരിച്ചുവന്നു. തിരുത്തൽ വാദികൾ ഒതുങ്ങി.

ശൈലി മാറ്റം എന്ന ഓമനപേരിൽ ഉമ്മൻചാണ്ടിയും ഒരു ഘട്ടത്തിൽ പാളയത്തിലെ പടയ്ക്ക് നായകത്വം വഹിച്ചു. ഇന്ന് വലിയ ഒരു ഇടവേളയ്ക്ക് ശേഷം ഭരണത്തിൽ തിരിച്ചെത്തിയപ്പോൾ കോൺഗ്രസ് അതിന്റെ ഗ്രൂപ്പിസം എന്ന ജനിതക സ്വഭാവം വീണ്ടെടുത്തിരിക്കുന്നു. മന്ത്രിസഭയിൽ അംഗങ്ങളായവർ പോലും ഒളിഞ്ഞും തെളിഞ്ഞും സതീശനെതിരെ അമ്പെയ്യുന്നു.

തുടക്കം കുറിച്ചത് കെ.പി.സി.സി ആസ്ഥാനത്ത് മുന്നണി കൺവീനർ അടൂർ പ്രകാശ് തന്നെ. മുന്നണിയോഗം വിളിച്ചു ചേർക്കാത്തതിനും കൂടിയലോചനകൾ ഇല്ലാത്തതിനും വിമർശനം.അതൊരു തുടക്കമായിരുന്നു. ഹൈക്കമാന്റിനെ നേരിൽകണ്ട് അദ്ദേഹം പരാതി പറയുകയും ചെയ്തു. അപ്പോൾ ആരാണ് അടൂർ പ്രകാശിന് പിന്നിൽ എന്ന ചർച്ച ഉയർന്നു. പാർട്ടിയിൽ പലവിധ അഭ്യൂഹങ്ങൾക്കും തുടക്കമിട്ടതിനു പിന്നാലെ, പലരും പലതും വിളിച്ചു പറയാൻ തുടങ്ങി.

തന്നെ സ്ഥാനഭ്രഷ്ടനാക്കാൻ ചിലർ കളിച്ച കളികൾ കെ.സുധാകരൻ ഇപ്പോൾ വിളിച്ചു പറയുന്നു. കെ.പി.സി.സി അധ്യക്ഷ സ്ഥാനത്തുനിന്ന് ഒഴിവാക്കാൻ നടത്തിയ നീക്കം. പാർട്ടിക്കുവേണ്ടി വിയർത്തവരെ വിലകുറച്ചു കാണിക്കുന്നു ഇപ്പോൾ നേതൃത്വം. തെറ്റ് ചൂണ്ടിക്കാട്ടുന്ന പോരാളികളെയാണ് കോൺഗ്രസിന് ഇപ്പോൾ ആവശ്യം എന്നും സുധാകരൻ പാർട്ടിയിലെ വിവാദങ്ങൾക്ക് തീപടർന്നുകൊണ്ട് പ്രഖ്യാപിക്കുന്നു. അതിനിടയാണ് മുഖ്യമന്ത്രിക്ക് എതിരായ നീക്കങ്ങളുടെ കർട്ടന് പിന്നിൽ ആരോ ഉണ്ടെന്ന് കെ.മുരളീധരൻ വിളിച്ചു പറയുന്നത്.

മുരളി തൊടുത്ത ഒളിയമ്പ്

കെ. മുരളീധരൻ ആരുടെയും പേര് പറഞ്ഞില്ല. ആർക്കും വ്യാഖ്യാനിക്കാവുന്ന തരത്തിൽ ഒരു കള്ളച്ചിരിയോടെ മാധ്യമങ്ങൾക്ക് ഒരു ഇര ഇട്ടു കൊടുത്തു. ആദ്യം വെടിപൊട്ടിച്ച അടൂർ പ്രകാശിനെ വേണമെങ്കിൽ സംശയിക്കാം. ഇത്തവണ മുഖ്യമന്ത്രിപദം മോഹിച്ച രമേശ് ചെന്നിത്തലയുടെ പഴയ ശിഷ്യനാണ് അടൂർ പ്രകാശ്. തുടക്കത്തിൽ സംശയിച്ചിരുന്ന കെ.സി വേണഗോപാൽ തൽക്കാലം കേരള രാഷ്ട്രീയത്തിൽ കണ്ണുവയ്ക്കുന്നില്ലെന്ന് കഴിഞ്ഞ ദിവസം സ്വയം പ്രഖ്യാപിച്ചു. ആ നിലയ്ക്ക് സംശയത്തിന്റെ ആനുകൂല്യം അദ്ദേഹത്തിന് നൽകാം.കാലത്തിന്റെ തിരിവിൽ അതും കാണേണ്ടിവരും സതീശന് . ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായിരിക്കെ ഒരു പ്രതിപക്ഷ നേതാവിനെ പോലെ അദ്ദേഹത്തിന്റെ വിമർശകനായി നിലകൊണ്ട നേതാവാണ് വി.എം. സുധീരൻ. ആ സുധീരന്റെ ഉത്തമ ശിഷ്യനായിരുന്നു അന്ന് കെ.പി.സി.സി വൈസ് പ്രസിഡന്റായിരുന്ന ഇന്നത്തെ മുഖ്യമന്ത്രി.

തന്നെ മന്ത്രിസഭയിൽ ഉൾപ്പെടുത്താതിരുന്നിട്ടും ഉമ്മൻചാണ്ടിയോട് കലഹിക്കാതെ കെ.പി.സി.സി അധ്യക്ഷനായി കറേക്കാലം തുടർന്ന ചെന്നിത്തലയാവട്ടെ ഇന്ന് സതീശൻ മന്ത്രിസഭയിലെ മന്ത്രി. എന്നാൽ അടൂർ പ്രകാശ് വിമർശനം തുടർന്നാൽ പലതും വിളിച്ചു പറയേണ്ടി വരും എന്ന സൂചനയാണ് പേര് പറയാതെ മുരളീധരൻ പുറത്തുവിട്ടത്. എന്നാൽ മുരളീധരന് പിന്നിൽ ആരാണെന്ന് ഊഹിക്കാവുന്നതേയുള്ളൂ. സർക്കാരിനെതിരെ തിരിഞ്ഞാൽ പല പേരുകളും വിളിച്ചു പറയും എന്ന് പറയാതെ പറയുകയാണ് മുരളി.

അതിനാൽ തന്നെ അദ്ദേഹത്തെ കൂടി ഒതക്കേണ്ട ബാധ്യത മറുവശത്തുണ്ട്. അതിനാലാവണം സമീപ ദിവസങ്ങളിൽ മുരളീധരൻ കൈകാര്യം ചെയ്യുന്ന ആരോഗ്യവകുപ്പിനെതിരെ നിരന്തരം മാധ്യമങ്ങളിൽ വാർത്തകൾ പ്രത്യക്ഷപ്പെടുന്നത്. ഡിപ്പാർട്ട്മെന്റ് തലവന്മാർ പോലും അറിയുന്നതിന് മുൻപ് ആരോഗ്യവകുപ്പിലെ വീഴ്ചകൾ മാധ്യമങ്ങൾക്ക് ചോർന്നു കിട്ടുന്നു. എന്നും പ്രതിരോധത്തിലാകുന്ന ഒരു മന്ത്രി. ഭരണത്തിലും രാഷ്ട്രീയത്തിലും ശ്രദ്ധിക്കാൻ കഴിയാത്ത വിധം മുരളീധരനെതിരെ ചക്രവ്യൂഹം തീർക്കുന്നത് ആരെന്ന് മറ്റാരെക്കാളും അദ്ദേഹത്തിന് തന്നെ അറിയാം. ഏതായാലും വി.ഡി. സതീശന് കവചം ഒരുക്കുന്ന ഒരു ഗ്രൂപ്പ് കൂടി മറുവശത്ത് ശക്തി പ്രാപിക്കുന്നതായി രാഷ്ട്രീയ സൂചകങ്ങൾ വെളിപ്പെടുത്തുന്നു. കർട്ടന് പിന്നിൽ ചരട് വലിക്കുന്നത് ആരെന്ന് അധികം വൈകാതെ രാഷ്ട്രീയ കേരളം തിരിച്ചറിയും.

പ്രജിത്ത് രാജ്





വിമർശകർക്കെതിരെ ഷമി

'ഫിറ്റ്നസിൽ സംശയമുള്ളവർക്ക് സ്ക്രീൻഷോട്ട് അയച്ചുതരാം'

ന്യൂസിലൻഡിനെതിരായ പരമ്പരയ്ക്കുള്ള ഇന്ത്യൻ ടീമിൽ നിന്ന് തഴയപ്പെട്ടതിന് പിന്നാലെ തന്റെ ഫിറ്റ്നസിനെക്കുറിച്ച് ഉയരുന്ന വിമർശനങ്ങൾക്കും സംശയങ്ങൾക്കും ശക്തമായ മറുപടിയുമായി ഇന്ത്യൻ പേസർ മുഹമ്മദ് ഷമി. രഞ്ജി ട്രോഫിയിൽ ഡൽഹിക്കെതിരെ നടന്ന മത്സരത്തിൽ ബംഗാളിനായി പന്തെറിഞ്ഞ ഷമി, താൻ ചെറിയ സ്പെല്ലുകൾ മാത്രമാണ് എറിയുന്നതെന്ന പ്രചാരണങ്ങളെ അക്കമിട്ട് നിരത്തിയാണ് തള്ളിക്കളഞ്ഞത്. 'സ്പോർട്സ് ടാക്കിന്' നൽകിയ അഭിമുഖത്തിലാണ് താരം കടുത്ത പ്രതികരണവുമായി രംഗത്തെത്തിയത്.ഡൽഹിക്കെതിരായ മത്സരത്തിൽ രണ്ട് ഇന്നിങ്സുകളിലുമായി 35.3 ഓവറുകൾ പന്തെറിഞ്ഞ് 5 വിക്കറ്റുകൾ ഷമി വീഴ്ത്തിയിരുന്നു. എന്നാൽ താൻ ചെറിയ സ്പെല്ലുകൾ മാത്രമാണ് എറിയുന്നതെന്ന് വരുത്തിതീർക്കാൻ ബോധപൂർവ്വമായ ശ്രമങ്ങൾ നടക്കുന്നുണ്ടെന്ന് ഷമി ആരോപിച്ചു.'ഞാൻ മൂന്ന് ഓവറുകൾ മാത്രമാണ് എറിയുന്നതെന്ന് ആരെങ്കിലും ചൂണ്ടിക്കാണിച്ചിട്ടുണ്ടെങ്കിൽ, അതിനൊപ്പം നാല്, അഞ്ച്, ആറ്, അല്ലെങ്കിൽ ഏഴ് ഓവറുകൾ അടങ്ങുന്ന സ്പെല്ലുകളും ഞാൻ എറിഞ്ഞിട്ടുണ്ടെന്ന് ഓർക്കണം. പക്ഷെ അത് ആരും ശ്രദ്ധിച്ചില്ല. ഇനി ആർക്കെങ്കിലും എന്റെ സ്പെല്ലുകളെക്കുറിച്ച് സംശയമുണ്ടെങ്കിൽ, സ്കോർകാർഡിന്റെ 'സ്ക്രീൻഷോട്ട്' ഞാൻ അയച്ചുതരാം,' ഷമി വ്യക്തമാക്കി. തന്റെ ഫിറ്റ്നസിനെക്കുറിച്ചും പ്രകടനത്തെക്കുറിച്ചും മാധ്യമങ്ങൾക്ക് മുന്നിൽ കൂടുതൽ വിശദീകരിക്കേണ്ട ആവശ്യമില്ലെന്നും താരം കൂട്ടിച്ചേർത്തു.'നിങ്ങൾ തെറ്റായ ആളോടാണ് തെറ്റായ ചോദ്യം ചോദിക്കുന്നത്. ഇതിൽ കൂടുതൽ ഒന്നും പറയാനില്ല, കാരണം എല്ലാം തത്സമയം സംപ്രേഷണം ചെയ്യുന്നുണ്ട്. മാധ്യമപ്രവർത്തകർ നേരിട്ട് മത്സരങ്ങൾ കവർ ചെയ്യുന്നുമുണ്ട്. ഇവിടെയൊന്നും ഒളിച്ചുവെക്കാൻ സാധിക്കില്ല. ടീം ആവശ്യപ്പെടുന്നതാണ് ഞാൻ മൈതാനത്ത് ചെയ്യുന്നത്,' ഷമി പറഞ്ഞു.



ഡെൻമാർക്കിനെതിരെ റൊണാൾഡോ കളത്തിലിറങ്ങുമോ?

പോർച്ചുഗൽ ദേശീയ ടീമിലേക്ക് ഇതിഹാസ താരം ക്രിസ്റ്റിയാനോ റൊണാൾഡോയുടെ തിരിച്ചുവരവ് ഉണ്ടാകുമോ എന്നാണ് ഇപ്പോൾ ഫുട്ബോൾ ലോകം ഉറ്റുനോക്കുന്നത്. ടീം പരിശീലകനുമായുള്ള തർക്കത്തെ തുടർന്ന് ദേശീയ ടീമിന്റെ ക്യാമ്പ് വിട്ട സംഭവത്തിൽ പോർച്ചുഗീസ് ഫുട്ബോൾ ഫെഡറേഷൻ റൊണാൾഡോയ്ക്ക് 30 ദിവസത്തെ വിലക്കും 255 യൂറോ പിഴയും ചുമത്തിയിരുന്നു. എന്നാൽ, ഈ വിലക്ക് നവംബർ 14-ന് നടക്കുന്ന യുവേഫ നേഷൻസ് ലീഗ് മത്സരത്തിൽ റൊണാൾഡോ കളിക്കുന്നതിന് സാങ്കേതികമായി തടസ്സമാകില്ല. സെപ്റ്റംബർ 30-ന് ക്യാമ്പ് വിട്ട തീയതി മുതലാണ് വിലക്ക് കണക്കാക്കുന്നത് എന്നതിനാൽ ഒക്ടോബർ അവസാനത്തോടെ ഈ ശിക്ഷാകാലാവധി പൂർത്തിയാകും. നവംബർ 14-ന് ഡെൻമാർക്കിനെതിരെ നടക്കുന്ന നിർണായക മത്സരത്തിന് മുന്നോടിയായി റൊണാൾഡോയ്ക്ക് മേലുള്ള വിലക്ക് നീങ്ങുമെന്നത് ആരാധകർക്ക് വലിയ പ്രതീക്ഷ നൽകുന്നുണ്ട്.വിലക്ക് അവസാനിച്ചാലും ഡെൻമാർക്കിനെതിരെയുള്ള മത്സരത്തിൽ ക്രിസ്റ്റിയാനോയെ ആദ്യ ഇലവനിലോ ടീം സ്കാഡിലോ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച അന്തിമ തീരുമാനം പരിശീലകൻ ജോർജിന്റേതായിരിക്കും. തന്റെ ഭാഗത്തുനിന്നുണ്ടായ മോശം പെരുമാറ്റത്തിന് റൊണാൾഡോ ഇതിനകം തന്നെ പരസ്യമായി ക്ഷമ ചോദിച്ചിട്ടുണ്ട്.അതേസമയം, ക്രിസ്റ്റിയാനോയെപ്പോലൊരു വൻ താരത്തെ ടീമിൽ നിന്ന് പൂർണ്ണമായി അകറ്റി നിർത്തുക പരിശീലകനും ഫെഡറേഷനും എളുപ്പമല്ല. റൊണാൾഡോയ്ക്ക് അനുകൂലമായി ലക്ഷക്കണക്കിന് ആരാധകരാണ് സോഷ്യൽ മീഡിയയിൽ രംഗത്തെത്തിയിട്ടുള്ളത്. കൂടാതെ, കരിയറിൽ 1000 ഗോളുകൾ എന്ന അപൂർവ്വ നാഴികക്കല്ല് ലക്ഷ്യമിടുന്ന റൊണാൾഡോയ്ക്ക് അന്താരാഷ്ട്ര മത്സരങ്ങളിൽ തുടരേണ്ടത് അത്യാവശ്യമാണ്. അതിനാൽ ഇരുവിഭാഗവും വിട്ടുവീഴ്ചയ്ക്ക് തയ്യാറായി നവംബർ 14-ന് 'ഇഞ്ച്' വീണ്ടും പോർച്ചുഗൽ ജേഴ്സിയിൽ ബൂട്ടുകെട്ടുമെന്ന പ്രതീക്ഷയിലാണ് ആരാധകർ.

'സഞ്ജു–അഭിഷേക് സഖ്യം സ്ട്രോങ്'; വൈഭവിന് അവസരമില്ലെന്ന് ശ്രേയസ്

യുവതാരം വൈഭവ് സൂര്യവംശിക്ക് ഇന്ത്യൻ ടി20 പ്ലേയിങ് ഇലവനിൽ പെട്ടെന്ന് അവസരം ലഭിക്കാൻ സാധ്യതയില്ലെന്ന് ക്യാപ്റ്റൻ ശ്രേയസ് അയ്യർ. ന്യൂസിലൻഡിനെതിരായ അഞ്ച് മത്സരങ്ങളുടെ ടി20 പരമ്പരയ്ക്ക് മുന്നോടിയായി മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.നിലവിലെ ഓപ്പണർമാരായ അഭിഷേക് ശർമ്മയും സഞ്ജു സാംസണും മികച്ച ഫോമിൽ തുടരുന്നതിനാൽ ടീമിൽ പെട്ടെന്ന് മാറ്റങ്ങൾ വരുത്തുക എളുപ്പമല്ലെന്ന് ശ്രേയസ് വ്യക്തമാക്കി.'വൈഭവ് സൂര്യവംശിയെപ്പോലൊരു പ്രതിഭ ഡ്രസ്സിങ് റൂമിൽ ഒപ്പമുണ്ടാകുന്നത് ടീമിന് വലിയ ഊർജ്ജമാണ്. അവൻ വളരെ ചെറുപ്പമാണ്, ഭാവിയിൽ അവന് ധാരാളം അവസരങ്ങൾ ലഭിക്കും. എന്നാൽ ഇപ്പോൾ അവന് പെട്ടെന്ന് പ്ലേയിങ് ഇലവനിലേക്ക് വരാനാകില്ല. കാരണം ഞങ്ങളുടെ ഓപ്പണർമാർ സ്ഥിരതയാർന്ന പ്രകടനമാണ് കാഴ്ചവെക്കുന്നത്, മാത്രമല്ല അവർ ലോകകപ്പ് ജേതാക്കളുമാണ്,' ശ്രേയസ് അയ്യർ പറഞ്ഞു. ഈ വർഷം ആദ്യം നടന്ന ഇംഗ്ലണ്ട്, അയർലൻഡ് പര്യടനങ്ങളിൽ ടീമിൽ ഇടംനേടിയെങ്കിലും, ഇന്ത്യ കളിച്ച 21 ടി20 മത്സരങ്ങളിൽ എട്ടെണ്ണത്തിൽ മാത്രമാണ് വൈഭവിന് അവസരം ലഭിച്ചത്. എങ്കിലും വിദേശ പിച്ചുകളിലെ മത്സരങ്ങളിൽ പങ്കെടുക്കുന്നത് വൈഭവിന്റെ ഭാവി കരിയറിന് വലിയ മുതൽക്കൂട്ടാകുമെന്ന് ക്യാപ്റ്റൻ അഭിപ്രായപ്പെട്ടു.തണുപ്പുള്ള കാലാവസ്ഥയും പേസർമാരെ തുണയ്ക്കുന്ന പിച്ചുകളുമാണ് കിവീസ് മണ്ണിലെ പ്രധാന വെല്ലുവിളിയെങ്കിലും, ടീം സാഹചര്യങ്ങളുമായി പെട്ടെന്ന് പൊരുത്തപ്പെടുമെന്ന് അദ്ദേഹം ആത്മവിശ്വാസം പ്രകടിപ്പിച്ചു.



ധോണി ക്യാപ്റ്റനായപ്പോൾ മുതിർന്ന താരങ്ങൾക്ക് എതിർപ്പുണ്ടായിരുന്നോ?

2007ൽ പരിചയസമ്പന്നരായ മുതിർന്ന താരങ്ങളെ തഴഞ്ഞ് എം.എസ്. ധോണിയെ ഇന്ത്യൻ ക്രിക്കറ്റ് ടീമിന്റെ നായകനായി തിരഞ്ഞെടുത്തതിന് പിന്നിൽ വലിയ ചർച്ചകളും അഭ്യൂഹങ്ങളും നടന്നിരുന്നു. യുവരാജ് സിംഗ്, വീരേന്ദർ സേവാഗ്, ഹർഭജൻ സിംഗ് തുടങ്ങിയ മുതിർന്ന താരങ്ങൾക്ക് ധോണിയുടെ ക്യാപ്റ്റൻസിയിൽ അതൃപ്തിയുണ്ടായിരുന്നുവെന്ന തരത്തിലുള്ള വാർത്തകളാണ് അക്കാലത്ത് പ്രചരിച്ചിരുന്നത്. എന്നാൽ ഈ അഭ്യൂഹങ്ങളെല്ലാം പൂർണ്ണമായി തള്ളിക്കളഞ്ഞ് മുൻ ഇന്ത്യൻ സ്പിന്നർ ഹർഭജൻ സിംഗ് ഇപ്പോൾ രംഗത്തെത്തിയിരിക്കുകയാണ്.ധോണിക്ക് കീഴിൽ കളിക്കുന്നതിൽ മുതിർന്ന താരങ്ങൾക്ക് യാതൊരുവിധ എതിർപ്പും ഉണ്ടായിരുന്നില്ലെന്ന് ഹർഭജൻ വ്യക്തമാക്കി. 'ധോണി വളരെ ചെറുപ്പമാണെങ്കിലും അദ്ദേഹം ക്യാപ്റ്റനായതിൽ ഞങ്ങൾക്ക് ഒരിക്കലും ഒരു പ്രശ്നവും തോന്നിയിരുന്നില്ല. ക്യാപ്റ്റൻ മാത്രമല്ല പ്രധാനം, ധോണി ഒരു നല്ല ക്യാപ്റ്റനായി അറിയപ്പെടണമെങ്കിൽ 11 കളിക്കാരും മികച്ച പ്രകടനം പുറത്തെടുക്കണമെന്ന് ഞങ്ങൾക്ക് അറിയാമായിരുന്നു. ധോണിയുടെ വിജയത്തിന് പിന്നിൽ എല്ലാവരുടെയും കൂട്ടായ പരിശ്രമമാണുണ്ടായിരുന്നത്,' ഹർഭജൻ പറഞ്ഞു.കളിക്കാർക്ക് മേൽ തന്റെ അഭിപ്രായങ്ങൾ അടിച്ചേൽപ്പിക്കാൻ ധോണി ഒരിക്കലും ശ്രമിച്ചിരുന്നില്ലെന്നും അദ്ദേഹം ഓർമിച്ചു.മുതിർന്ന താരങ്ങൾ വർഷങ്ങളായി കളിച്ചുവരുന്നവരാണെന്നും വിവിധ സാഹചര്യങ്ങളിൽ എന്തുചെയ്യണമെന്ന് അവർക്കറിയാമെന്നും ധോണിക്ക് ബോധമുണ്ടായിരുന്നു. ഓരോ കളിക്കാരനിൽ നിന്നും അവരുടെ ഏറ്റവും മികച്ച പ്രകടനം പുറത്തെടുക്കുക എന്നതിൽ മാത്രമാണ് ധോണി ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നതെന്നും ഹർഭജൻ കൂട്ടിച്ചേർത്തു.



തൊണ്ണൂറുകളിലെ കറുത്ത ദിനങ്ങളിലേക്ക് ബോളിവുഡ് മടങ്ങുന്നുവോ?

കഴിഞ്ഞ ഞായറാഴ്ച മുംബൈയിലെ ചലച്ചിത്ര സെറ്റിൽ നടന്ന നടുക്കുന്ന സംഭവങ്ങൾ ബോളിവുഡിന്റെ ഉറക്കം കെടുത്തിയിരിക്കുകയാണ്; വെടിയൊച്ചകൾക്ക് തൊട്ടരികെ നിന്ന് പ്രമുഖ ആക്ഷൻ താരം ടൈഗർ ഷ്രോഫ് തലനാരിഴയ്ക്കാണ് രക്ഷപ്പെട്ടത്!

സൽമാൻ ഖാന് നേരെയുണ്ടായ ഭീഷണികൾക്കും മുൻ മഹാരാഷ്ട്ര മന്ത്രി ബാബ സിദ്ദിഖിയുടെ ദാരുണവധത്തിനും തൊട്ടുപിന്നാലെ നടപ്പിലായ ഈ വധശ്രമം നഗരത്തെ വീണ്ടും ഭീതിയിലാഴ്ത്തുന്നു. 1990കളിൽ ബോംബെയെ വിറപ്പിച്ച അധോലോക തട്ടിക്കൊണ്ടുപോകലുകളുടെയും ഭീഷണിപ്പണ പിരിവുകളുടെയും കറുത്ത ദിനങ്ങളിലേക്ക് ബോളിവുഡ് തിരിച്ചെത്തുകയാണോ?

ലോറൻസ് ബിഷ്ണോയ് സംഘം സൃഷ്ടിക്കുന്ന സുരക്ഷാഭീഷണികളുടെയും മുംബൈ നേരിടുന്ന പുതിയ കറുകൃത്യ തരംഗങ്ങളുടെയും സമഗ്ര ചിത്രത്തിലേക്ക്...

ലോറൻസ് ബിഷ്ണോയ് സംഘത്തിന്റെ നിഴൽ ഭീഷണികൾ

കഴിഞ്ഞ ഏതാനും മാസങ്ങളായി ബോളിവുഡിലെ പ്രമുഖ താരങ്ങളെയും നിർമ്മാതാക്കളെയും ലക്ഷ്യമിട്ട് വരുന്ന ഭീഷണി സന്ദേശങ്ങൾക്ക് പിന്നിൽ ലോറൻസ് ബിഷ്ണോയ് ശൃംഖലയാണെന്ന് അന്വേഷണ ഏജൻസികൾ നിരീക്ഷിക്കുന്നു. പഞ്ചാബ്, രാജസ്ഥാൻ, ഡൽഹി എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഈ സംഘം മുംബൈ കേന്ദ്രമാക്കി സാമ്പത്തിക സാമ്രാജ്യം വ്യാപിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്.



ബോളിവുഡ് താരങ്ങളുടെ സുരക്ഷാ അവലോകനങ്ങൾ

സംഭവത്തിന് പിന്നാലെ ടൈഗർ ഷ്രോഫിന്റെയും കുടുംബത്തിന്റെയും സുരക്ഷ മുംബൈ പോലീസ് വർദ്ധിപ്പിച്ചു. വൈ പ്ലസ് കാറ്റഗറി പ്രോട്ടോകോൾ അനുസരിച്ചുള്ള സുരക്ഷാ പട്രോളിംഗ് താരത്തിന്റെ വസതിക്ക് ചുറ്റും ഏർപ്പെടുത്തിയിട്ടുണ്ട്. ഷൂട്ടിംഗ് സെറ്റുകളിൽ തോക്കുധാരികളായ ഗാർഡുകളുടെ എണ്ണം കൂട്ടാനും നിർദ്ദേശമുണ്ട്.

സിനിമാ ലൊക്കേഷനുകളിൽ നിലനിൽക്കുന്ന ഭീതിയുടെ അന്തരീക്ഷം

തുടർച്ചയായി ഉണ്ടാകുന്ന ഇത്തരം നീക്കങ്ങൾ കാരണം വലിയ ബജറ്റ് ചിത്രങ്ങളുടെ എക്സ്ട്രീരിയർ ഷൂട്ടിംഗുകൾ സംഘടിപ്പിക്കാൻ അണിയറപ്രവർത്തകർ ഭയപ്പെടുകയാണ്. വിദേശ ലൊക്കേഷനുകളിലേക്ക് പ്രൊഡക്ഷൻ ജോലികൾ മാറ്റാൻ ചില നിർമ്മാതാക്കൾ നിർബന്ധിതരാകുന്നു.

തൊണ്ണൂറുകളിലെ അധോലോകവും പുതിയ അക്രമ രീതികളും

പഴയകാല ദാവൂദ് ഇബ്രാഹിം, അബു സലേം യുഗത്തിന് സമാനമായ ഭീതിയാണ് മുംബൈ നഗരത്തിൽ വീണ്ടും നിഴലിക്കുന്നത്.

ചരിത്രപരമായ അധോലോക ഓർമ്മപ്പെടുത്തലുകൾ

1990കളിൽ ദാവൂദ് ഇബ്രാഹിം, ഛോട്ടാ രാജൻ സംഘങ്ങൾ ബോളിവുഡ് നിർമ്മാതാക്കളിൽ നിന്നും ലക്ഷക്കണക്കിന് രൂപ ഭീഷണിപ്പണം ഈടാക്കിയിരുന്നു.

ഗുൽഷൻ കുമാറിന്റെ വധവും രാകേഷ് റോഷന് നേരെ നടന്ന വധശ്രമവും അക്കാലത്ത് ഇൻഡസ്ട്രിയെ പിടിച്ചുകുലുക്കിയ സംഭവങ്ങളാണ്.

സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പുതിയ പണപ്പിരിവുകൾ

പഴയകാല ഗാങ്സ്റ്റർമാർ ലാൻഡ്ലൈൻ ഫോണുകൾ വഴി നേരിട്ട് വിളിച്ചിരുന്നുവെങ്കിൽ, ഇന്നത്തെ ഗുണ്ടാസംഘങ്ങൾ എൻക്രിപ്റ്റഡ് ആപ്പുകളും വിദേശ ഇന്റർനെറ്റ് നമ്പറുകളും ഉപയോഗിച്ചാണ് ഭീഷണികൾ മുഴക്കുന്നത്. ഇത് കുറ്റവാളികളെ കണ്ടെത്താൻ പോലീസിന് വലിയ വെല്ലുവിളി സൃഷ്ടിക്കുന്നു.

റിയൽ എസ്റ്റേറ്റ്, ക്രിപ്റ്റോ സാമ്പത്തിക ശൃംഖലകൾ

ബോളിവുഡിന് പുറമെ മുംബൈയിലെ റിയൽ എസ്റ്റേറ്റ് മേഖലയിലേക്കും ഇത്തരം സംഘങ്ങൾ പിടിമുറുക്കുന്നുണ്ട്. ഭീഷണിപ്പെടുത്തി ലഭിക്കുന്ന പണം വിദേശ ഏജന്റുമാർ വഴി ക്രിപ്റ്റോ കറൻസികളാക്കി മാറ്റുന്ന രീതിയാണ് ഇവർ പിന്തുടരുന്നത്.

കൗമാരക്കാരെ ഉപയോഗിച്ചുള്ള ഷൂട്ടർ നെറ്റ്വർക്കുകൾ

സോഷ്യൽ മീഡിയ വഴി ആകൃഷ്ടരാകുന്ന കൗമാരക്കാരെയും ചെറുപ്പക്കാരെയും പണം നൽകി കൊലപാതകങ്ങൾക്ക് ഉപയോഗിക്കുന്ന തന്ത്രമാണ് പുതിയ സംഘങ്ങൾ പരീക്ഷിക്കുന്നത്. ബാബ സിദ്ദിഖിയുടെ വധത്തിലും ഇത്തരം വാടക ഷൂട്ടർമാരുടെ സാന്നിദ്ധ്യം പ്രകടമായിരുന്നു.

പോലീസ് ഇന്റലിജൻസ് നീക്കങ്ങളും ഗവൺമെന്റിന്റെ നടപടികളും

അധോലോക ഭീഷണികൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ ശക്തമായ തിരിച്ചടി നൽകാൻ മഹാരാഷ്ട്ര സർക്കാരും പോലീസും രംഗത്തെത്തിയിട്ടുണ്ട്.

മുംബൈ പോലീസിന്റെ അന്റി മണി ലോണ്ടറിംഗ് യൂണിറ്റുകൾ

ഗുണ്ടാസംഘങ്ങളുടെ സാമ്പത്തിക സ്രോതസ്സുകൾ തകർക്കാൻ പോലീസിന്റെ പ്രത്യേക കുറ്റാന്വേഷണ വിഭാഗം നടപടികൾ വേഗത്തിലാക്കി. വിദേശത്തിരുന്ന് പ്രവർത്തിക്കുന്ന ഗാങ്സ്റ്റർമാർക്ക് പ്രാദേശികമായി ലഭിക്കുന്ന പണത്തിന്റെ ഉറവിടങ്ങൾ കണ്ടെത്താനാണ് ശ്രമം.

ബോളിവുഡ് നിർമ്മാതാക്കൾക്കുള്ള പുതിയ സുരക്ഷാ മാർഗ്ഗനിർദ്ദേശങ്ങൾ


സിനിമാ ചിത്രീകരണ വേളകളിൽ സ്വീകരിക്കേണ്ട സുരക്ഷാ മാനദണ്ഡങ്ങളെക്കുറിച്ച് പോലീസും പ്രൊഡ്യൂസേഴ്സ് ഗിൽഡും തമ്മിൽ അടിയന്തിര ചർച്ചകൾ നടത്തി. വ്യക്തിഗത സുരക്ഷാ വിവരങ്ങൾ പുറത്തുവിടരുതെന്നും സംശയകരമായ ഫോൺ കോളുകൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ അറിയിക്കണമെന്നും നിർദ്ദേശമുണ്ട്.

റെഡ് കോർണർ നോട്ടീസുകളും വിദേശ കൈമാറ്റങ്ങളും

കാനഡ, അമേരിക്ക, യുഎഇ എന്നിവിടങ്ങളിൽ ഒളിവിൽ കഴിയുന്ന ഗുണ്ടാതലവന്മാരെ രാജ്യത്ത് എത്തിക്കാൻ ഇന്റർപോളിന്റെ സഹായത്തോടെ നടപടികൾ തുടരുകയാണ്. കേന്ദ്ര ഇന്റലിജൻസ് ഏജൻസികളുടെ പിന്തുണയോടെ അന്വേഷണം പുരോഗമിക്കുന്നു.

നഗര സുരക്ഷയിലെ ഭരണകൂട ഉറപ്പുകൾ

മുംബൈയിൽ വീണ്ടും അധോലോക ഭരണം അനുവദിക്കില്ലെന്ന് മഹാരാഷ്ട്ര ആഭ്യന്തര മന്ത്രാലയം ഉറപ്പുനൽകി. ക്രിമിനലുകൾക്കെതിരെ മഹാരാഷ്ട്ര സംഘടിത കുറ്റകൃത്യ നിയന്ത്രണ നിയമം ചുമത്തി കടുത്ത നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.



'ജയിലർ 2' ബോക്സ് ഓഫീസിൽ കൊടുങ്കാറ്റ്; ആറ്ദിവസംകൊണ്ട്500കോടിക്ലബ്ബിൽ!



സൂപ്പർസ്റ്റാർ രജനികാന്തിനെ നായകനാക്കി നെൽസൺ ദിലീപ്കുമാർ സംവിധാനം ചെയ്ത 'ജയിലർ 2' തിയേറ്ററുകളിൽ വിജയകരമായി മുന്നേറുന്നു. സമ്മിശ്ര പ്രതികരണങ്ങൾക്കിടയിലും കളക്ഷനിൽ റെക്കോർഡ് നേട്ടമാണ് ചിത്രം സ്വന്തമാക്കിക്കൊണ്ടിരിക്കുന്നത്.പ്രമുഖ ട്രാക്കിംഗ് സൈറ്റായ സാൽനിൽക്കിന്റെ റിപ്പോർട്ട് പ്രകാരം റിലീസ് ചെയ്ത് ആറ് ദിവസം കൊണ്ട് ചിത്രം ആഗോളതലത്തിൽ 541 കോടി രൂപയാണ് വാരിക്കൂട്ടിയത്. ഇന്ത്യയിൽ നിന്ന് മാത്രം ചിത്രം 337 കോടി രൂപ നേടിയിട്ടുണ്ട്.കേരളത്തിലും ചരിത്രത്തിലെ ഏറ്റവും വലിയ റിലീസുകളിലൊന്നായാണ് ചിത്രം എത്തിയത്. കേരളത്തിൽ മാത്രം 800 സ്ക്രീനുകളിലായി ആദ്യ ദിനം 4000 ഷോകളാണ് പ്രദർശിപ്പിച്ചത്.മലയാളത്തിന്റെ മെഗാതാരം മോഹൻലാൽ ചിത്രത്തിൽ അതിഥി വേഷത്തിൽ എത്തുന്നുവെന്നത് കേരളത്തിലെ തിയേറ്ററുകളിൽ വലിയ ആവേശമാണ് ഉണ്ടാക്കിയത്. രജനികാന്തിനൊപ്പം മോഹൻലാലും കൂടി എത്തിയത് മലയാളി പ്രേക്ഷകരുടെ പ്രതീക്ഷയും തിയേറ്ററുകളിലെ തിരക്കും വർദ്ധിപ്പിച്ചു.ചിത്രത്തിന്റെ ഒടിടി സ്ട്രീമിംഗ് അവകാശം പ്രമുഖ പ്ലാറ്റ്ഫോമായ ആമസോൺ പ്രൈം വീഡിയോ ആണ് സ്വന്തമാക്കിയിരിക്കുന്നത്.

ഡി.സി സ്റ്റുഡിയോയുടെ പുതിയ ആനിമേഷൻ സീരീസ് 'മിസ്റ്റർ മിറാക്കിൾ'



ഡി.സി സ്റ്റുഡിയോസിന്റെ വരാനിരിക്കുന്ന പുതിയ ആനിമേഷൻ പരമ്പരയായ 'മിസ്റ്റർ മിറാക്കിളിന്റെ' ഫസ്റ്റ് ലുക്ക് പോസ്റ്ററും പ്രധാന കാസ്റ്റിംഗ് വിവരങ്ങളും പുറത്തുവിട്ടു. ഡി.സി സ്റ്റുഡിയോസ് കോ-സി.ഇ.ഒ ജെയിംസ് ഗൺ തന്നെയാണ് തന്റെ സോഷ്യൽ മീഡിയ പേജിലൂടെ പ്രഖ്യാപനം നടത്തിയത്. പ്രശസ്തമായ ടോം കിംഗിന്റെ കോമിക്ക് പരമ്പരയെ അടിസ്ഥാനമാക്കിയാണ് പുതിയ ആനിമേഷൻ സീരീസ് ഒരുങ്ങുന്നത്.പരമ്പരയിലെ പ്രധാന കഥാപാത്രമായ 'മിസ്റ്റർ മിറാക്കിൾ' (സ്കോട്ട് ഫ്രീ) ആയി ജോർജ് ഹച്ചേഴ്സണും 'ബിഗ് ബാർഡ്' ആയി മക്കെൻസി ഡേവിസും ശബ്ദം നൽകുമെന്ന് ജെയിംസ് ഗൺ എക്സിലൂടെ സ്ഥിരീകരിച്ചു. വാർണർ ബ്രോസ് ആനിമേഷന്റെ സഹകരണത്തോടെയാണ് ചിത്രം നിർമ്മിക്കുന്നത്. ഡി.സി യൂണിവേഴ്സിന്റെ ആദ്യ ഘട്ടമായ 'ചാപ്റ്റർ വൺ: ഗോഡ്സ് ആൻഡ് മോൺസ്റ്റേഴ്സ്' എന്ന പദ്ധതിയുടെ ഭാഗമായുള്ള രണ്ടാമത്തെ ആനിമേഷൻ സീരീസാണിത്.

'രാക്ക'യിൽ നായിക മൃണാൾ?



അല്ലു അർജുൻ- ദീപിക പദുകോൺ കൂട്ടുകെട്ടിൽ അറ്റ്ലി സംവിധാനം ചെയ്യുന്ന 'രാക' എന്ന ചിത്രത്തിൽ താൻ ഉണ്ടാകുമെന്ന അഭ്യൂഹങ്ങളിൽ പ്രതികരിച്ച് നടി മൃണാൾ താക്കൂർ. താൻ ഇതുവരെ പുതിയ ചിത്രങ്ങളൊന്നും ഒപ്പിട്ടിട്ടില്ലെന്നും ഇത്തരം വ്യാജ വാർത്തകളിൽ വിശ്വസിക്കരുതെന്നും താരം വ്യക്തമാക്കി. 'ഇന്ത്യാ ടുഡേ'യ്ക്ക് നൽകിയ പ്രത്യേക അഭിമുഖത്തിലാണ് 34-കാരിയായ താരം സിനിമ തിരഞ്ഞെടുക്കുന്നതിലെ തന്റെ പുതിയ സമീപനങ്ങളെക്കുറിച്ചും കരിയറിലെ മാറ്റങ്ങളെക്കുറിച്ചും സംസാരിച്ചത്. സിനിമകൾ തിരഞ്ഞെടുക്കുന്നതിൽ താൻ ഇപ്പോൾ കൂടുതൽ ശ്രദ്ധാലുവാണെന്ന് മൃണാൾ വ്യക്തമാക്കി. 'വലിയ സെറ്റപ്പുള്ള ചിത്രങ്ങളാണെങ്കിലും അവിടെ കഥാപാത്രത്തിന് പ്രാധാന്യമില്ലെങ്കിൽ ഞാൻ ഇപ്പോൾ സിനിമകൾ സ്വീകരിക്കാറില്ല. അതിനാൽ സിനിമ തിരഞ്ഞെടുക്കുന്നതിൽ യാതൊരുവിധ അബദ്ധങ്ങളും പറ്റാൻ ഞാൻ ആഗ്രഹിക്കുന്നില്ല,' താരം പറഞ്ഞു.മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി ഇന്ന് പ്രേക്ഷകർ കാണാൻ ആഗ്രഹിക്കുന്ന സിനിമാരീതികൾ മനസ്സിലാക്കിയാണ് താൻ മുന്നോട്ട് പോകുന്നതെന്നും മൃണാൾ കൂട്ടിച്ചേർത്തു. തന്റെ അടുത്ത പുതിയ ചിത്രത്തിന്റെ ഔദ്യോഗിക പ്രഖ്യാപനം ഈ വർഷം ഡിസംബറിലോ അടുത്ത വർഷത്തിന്റെ തുടക്കത്തിലോ ഉണ്ടാകുമെന്നും താരം സൂചന നൽകി.

ആദ്യമായി മിനിസ്ക്രീൻ പരമ്പരയിൽ നായികയായി വാൻ ഓസ്കാർ ജേതാവ് ഗ്വിനെത്ത് പാൽട്രോ



ഹോളിവുഡ് താരം ഗ്വിനെത്ത് പാൽട്രോ ടെലിവിഷൻ രംഗത്തേക്ക്. 'ദി അപ്പോളജി' എന്ന് പേരിട്ടിരിക്കുന്ന പുതിയ ഡ്രാമ പരമ്പരയിലൂടെയാണ് താരം മിനിസ്ക്രീനിൽ നായികയായി അരങ്ങേറുന്നത്. പ്രമുഖ ഒടിടി പ്ലാറ്റ്ഫോമായ നെറ്റ്ഫ്ലിക്സ് ഈ ചിത്രത്തിന് ഒരേസമയം രണ്ട് സീസണുകളുടെ അനുമതി നൽകിയിട്ടുണ്ട്.18 വർഷം മുമ്പ് കൊല ചെയ്യപ്പെട്ട തന്റെ മകന്റെ തിരോധാനത്തിന് നീതി തേടിയിറങ്ങുന്ന എവ്ലിൻ അംസ്പോക്കർ എന്ന കഥാപാത്രത്തെയാണ് ഓസ്കാർ ജേതാവായ ഗ്വിനെത്ത് പാൽട്രോ അവതരിപ്പിക്കുന്നത്. വർഷങ്ങൾ പഴക്കമുള്ള ആ കൊലപാതക കേസിൽ ഒരു അപരിചിതൻ പെട്ടെന്ന് പ്രത്യക്ഷപ്പെടുകയും കുറ്റം സമ്മതിക്കുകയും ചെയ്യുമ്പോൾ നീതി നടപ്പിലാകുമെന്ന് എവ്ലിനും ഭർത്താവ് കാലെബും വിശ്വസിക്കുന്നു. എന്നാൽ യഥാർത്ഥ കൊലയാളിക്ക് കുറഞ്ഞ ശിക്ഷ ലഭിച്ച് പുറത്തിറങ്ങാൻ സാധ്യതയുണ്ടെന്ന വിവരം അവരെ വേദനിപ്പിക്കുന്നു. ഈ പശ്ചാത്തലത്തിൽ പ്രതികാരത്തിനായും നീതിക്കായും അവർ സ്വന്തം കൈകളിൽ നിയമം ഏറ്റെടുക്കാൻ തീരുമാനിക്കുന്നതാണ് ചിത്രത്തിന്റെ കഥാതന്തു.പ്രശസ്ത സംവിധായകൻ തോമസ് വിന്റർബർഗും സ്രഷ്ടാവ് ജോ മുർട്ടാഫും ചേർന്നാണ് ഈ സീരീസ് ഒരുക്കുന്നത്. 'ഷെക്സ്പിയർ ഇൻ ലവ്', 'അയൺ മാൻ' തുടങ്ങിയ ലോകപ്രശസ്ത സിനിമകളിലൂടെ തിളങ്ങിയിട്ടുള്ള പാൽട്രോ, തന്റെ കരിയറിൽ ആദ്യമായാണ് ഒരു ടെലിവിഷൻ പരമ്പരയിൽ പ്രധാന കഥാപാത്രത്തെ അവതരിപ്പിക്കുന്നത്.

സോണി പിക്ചേഴ്സിന്റെ പുതിയ ത്രില്ലർ ചിത്രം 'പെന്റ്ഹൗസ്' ടോം ഹോളണ്ട് നായകനും നിർമ്മാതാവുമാകുന്നു



സ്പൈഡർമാൻ' താരം ടോം ഹോളണ്ട് നായകനാകുന്ന പുതിയ പ്രൊജക്റ്റ് പ്രഖ്യാപിച്ച് സോണി പിക്ചേഴ്സ്. 'പെന്റ്ഹൗസ്' എന്ന് പേരിട്ടിരിക്കുന്ന പ്രൊഡക്ഷൻ ത്രില്ലർ ചിത്രത്തിൽ അഭിനയിക്കുന്നതിനൊപ്പം ടോം ഹോളണ്ട് നിർമ്മാതാവിന്റെ റോളിലും എത്തുന്നുണ്ട്.'അയൺ മാൻ 3', 'ദി ഫോൾ ഗൈ' എന്നീ ചിത്രങ്ങളിലൂടെ പ്രശസ്തനായ ഡ്രൂ പിയേഴ്സ് ആണ് ചിത്രത്തിന്റെ തിരക്കഥ ഒരുക്കുന്നത്. ഹോളണ്ടിന്റെ നിർമ്മാണക്കമ്പനിയായ 'ബില്ലി 17', ഡ്രൂ പിയേഴ്സിന്റെ 'പോയിന്റ് ഓഫ് നോ റിട്ടേൺ' എന്നീ ബാനറുകൾ ചേർന്നാണ് ചിത്രം നിർമ്മിക്കുന്നത്.ആഗോളതലത്തിൽ 2 ബില്യൺ ഡോളറിലധികം കളക്ഷൻ നേടിയ 'സ്പൈഡർമാൻ: ബ്രാൻഡ് ന്യൂ ഡേ'ക്ക് ശേഷം സോണി പിക്ചേഴ്സും ടോം ഹോളണ്ടും വീണ്ടും ഒന്നിക്കുന്ന ചിത്രം കൂടിയാണിത്. സോണിയുടെ അണിയറയിൽ ഒരുങ്ങുന്ന പ്രശസ്ത കലാകാരൻ ഫ്രെഡ് അസ്റ്റെയറിന്റെ ജീവചരിത്ര സിനിമയിലും മാർഗരറ്റ് കാളി, താലിയ റൈഡർ, സബ്രിന കാർപെന്റർ എന്നിവർക്കൊപ്പം ഹോളണ്ട് അഭിനയിക്കുന്നുണ്ട്.ക്രിസ്റ്റോഫർ നോളന്റെ 'ദി ഒഡീസി' എന്ന വൻകിട ചിത്രത്തിലും ടോം ഹോളണ്ട് പ്രധാന വേഷത്തിൽ എത്തിയിരുന്നു.

3.5 ട്രില്യൺ ഡോളറിന്റെ സാങ്കേതിക വിപ്ലവം: ടെസ്ലയും സ്പേസ് എക്സും ഒന്നിക്കുമ്പോൾ



ബിസിനസ് ലോകവും സാങ്കേതിക രംഗവും ഒരുപോലെ ഉറ്റുനോക്കുന്ന ഒരു വലിയ പ്രഖ്യാപനത്തിലേക്ക് ലോകം അടുക്കുകയാണ്. ഇലക്ട്രിക് വാഹന രംഗത്തെ വമ്പന്മാരായ ടെസ്ലയും, ബഹിരാകാശ പര്യവേക്ഷണത്തിലെ അതികായന്മാരായ സ്പേസ് എക്സും ലയിപ്പിച്ച് ഒറ്റ കമ്പനിയാക്കാനുള്ള സാധ്യതകൾ പരശോധിക്കാൻ പ്രത്യേക കമ്മിറ്റികൾ രൂപീകരിച്ചതായി ഇലോൺ മസ്ക് സ്ഥിരീകരിച്ച് കഴിഞ്ഞു. ഏകദേശം 1.5 ട്രില്യൺ ഡോളർ മൂല്യമുള്ള ടെസ്ലയും, 2 ട്രില്യൺ ഡോളർ മൂല്യമുള്ള സ്പേസ് എക്സും ഒന്നിക്കുകയാണെങ്കിൽ, ഇത് സാമ്പത്തിക ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ കോർപ്പറേറ്റ് ലയനമായി മാറും.

ഭാവി സാങ്കേതിക വിദ്യകളെ ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്നതാണ് ഈ ലക്ഷ്യത്തിന് പിന്നിലെ പ്രധാന കാരണം. ചിപ്പുകൾ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സാറ്റലൈറ്റ് സാങ്കേതിക വിദ്യ, റോബോട്ടിക്സ് എന്നിവയിൽ ഇരു കമ്പനികളും നടത്തുന്ന മുന്നേറ്റങ്ങളെ പരസ്പരം ബന്ധിപ്പിക്കാൻ ഇതിലൂടെ സാധിക്കും. ടെസ്ലയുടെ ഇലക്ട്രിക് കാറുകൾ, സ്വയം ഓടിക്കുന്ന സാങ്കേതികവിദ്യ, ഒപ്റ്റിമസ് റോബോട്ടുകൾ എന്നിവയെ സ്പേസ് എക്സിന്റെ റോക്കറ്റുകൾ, ഡാറ്റാ സെന്ററുകൾ, സ്റ്റാർലിങ്ക് സാറ്റലൈറ്റുകൾ എന്നിവയുമായി ഇണക്കി ചേർക്കാം.

ചൊവ്വയിൽ സ്വയം പര്യാപ്തമായ ഒരു നഗരം കെട്ടിപ്പടുക്കുക എന്ന ഇലോൺ മസ്കിന്റെ ദീർഘകാല ലക്ഷ്യത്തലേക്കുള്ള ഏറ്റവും വലിയ ചുവടുവെയ്പ്പായും ഈ നീക്കം വിലയിരുത്തപ്പെടുന്നു. ഇതിന്റെ ഭാഗമായി സ്പേസ് എക്സ് റോക്കറ്റ് ത്രസ്റ്ററുകളുടെ കരുത്തിൽ പ്രവർത്തിക്കുന്ന ഫ്യൂച്ചറിസ്റ്റിക് ടെസ്ല റോഡ്സ്റ്റർ പുറത്തിറക്കിയതും, മസ്കിന്റെ xAI, X എന്നിവ സ്പേസ് എക്സ് ഏറ്റെടുത്തതും ശ്രദ്ധേയമായ ചില ചുവടുവെയ്പ്പുകളാണ്.

ലയന വാർത്ത പുറത്തുവന്നതിന് പിന്നാലെ ഓഹരി വിപണിയിൽ സ്പേസ് എക്സ് ഓഹരികൾ എട്ട് ശതമാനവും ടെസ്ല ഓഹരികൾ രണ്ട് ശതമാനവും ഉയർന്നു. വിപണി ഗവേഷണ സ്ഥാപനമായ ദി ഫ്യൂച്ചറം ഗ്രൂപ്പിലെ ഡേവിഡ് നക്കോൾസൺ വ്യക്തമാക്കുന്നത്, ഈ ലയിപ്പിക്കൽ നൂറുശതമാനവും നടക്കാൻ സാധ്യതയുള്ള ഒന്നാണെന്നാണ്. ഭാവി സാങ്കേതിക വിദ്യയുടെ മേഖലയിൽ മസ്കിന്റെ ആധിപത്യം കൂടുതൽ ശക്തമാക്കാൻ ഇത് സഹായിക്കുമെന്ന് അദ്ദേഹം വിലയിരുത്തുന്നു.

എന്നിരുന്നാലും, ഈ ചരിത്രപരമായ നീക്കം യാഥാർത്ഥ്യമാകുന്നതിന് മുമ്പ് നിരവധി നിയമപരമായ വെല്ലുവിളികളും കടമ്പകളും മസ്ക് മറികടക്കേണ്ടതുണ്ട്. ലയിപ്പിക്കൽ യാഥാർത്ഥ്യമാകണമെങ്കിൽ ടെസ്ലയുടെ പകുതയോളം ഓഹരി ഉടമകളുടെ പിന്തുണ ആവശ്യമാണ്. രണ്ട് കമ്പനികളുടെയും തലവനായതിനാൽ മസ്കിന് ഈ വിഷയത്തിലെ ഓഹരി ഉടമകളുടെ ചർച്ചകളിൽ നേരിട്ട് പങ്കെടുക്കാനാകില്ല എന്നതും പ്രധാനപ്പെട്ട ഒരു തടസ്സമാണ്.

കൂടാതെ, ലോകത്തിലെ ആദ്യ ട്രില്യണെയറായ മസ്കിന്റെ ഈ കൂറ്റൻ കോർപ്പറേറ്റ് നീക്കം വരും ദിവസങ്ങളിൽ യു.എസിൽ വലിയ രാഷ്ട്രീയനിയമ നിർമ്മാണ പരശോധനകൾക്കും വഴിവെച്ചേക്കാം. ഈ കരാർ അന്തിമമായി യാഥാർത്ഥ്യമാവുകയാണെങ്കിൽ, അത് ലോകത്തിന്റെ വ്യാവസായിക, സാങ്കേതിക മുഖച്ഛായയെത്തന്നെ എന്നന്നേക്കുമായി മാറ്റിമറിക്കും എന്നതിൽ സംശയമില്ല.

ലോകമെമ്പാടുമുള്ള
വാർത്തകൾക്കും
വിശകലനങ്ങൾക്കും...



A 24/7 Newspaper Focusing on Malayalees Worldwide
Published from CHICAGO (USA) and TORONTO (CANADA)

വായിക്കൂ!
വായിച്ചു
വളരൂ! സന്ദർശിക്കുക

വാചകം
VACHAKAM
News Portal for Malayalees Worldwide
www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ
അംഗമാകുന്നതിന്
ക്യു ആർ കോഡ്
സ്കാൻ ചെയ്യൂ

Free E-Paper നിങ്ങളുടെ ഇൻബോക്സിൽ
ലഭിക്കുവാൻ Email ID ഞങ്ങൾക്കയച്ചുതരിക
vachakamonline@gmail.com

നിങ്ങളുടെ കാറിനും വേണം ഒരു പേഴ്സണൽ അസിസ്റ്റന്റ്:

ഇമെയിലും കലണ്ടറും കണക്റ്റ് ചെയ്ത് ഗൂഗിൾ ജെമിനിയുടെ പുതിയ ഫീച്ചർ

ഡ്രൈവിംഗിനിടയിൽ ഫോണിൽ നോക്കി ഫ്ളൈറ്റ് വിവരങ്ങളോ ഡോക്ടറുടെ അപ്പോയിന്റ്മെന്റ് അഡ്രസോ തെരയുന്നത് എത്ര അപകടകരമാണെന്ന് പറയേണ്ട തില്ലല്ലോ. ഇനി മുതൽ ആ ഭയം വേണ്ട! ഡ്രൈവിംഗ് കൂടുതൽ സുരക്ഷിതവും ലളിതവുമാക്കാൻ ഗൂഗിൾ ആൻഡ്രോയിഡ് ഓട്ടോയിലേക്ക് തങ്ങളുടെ ഏറ്റവും പുതിയ 'Personal Intelligence' ഫീച്ചർ എത്തിച്ചിരിക്കുന്നു.

ഗൂഗിൾ ജെമിനി ഇനി നിങ്ങളുടെ ജിമെയിൽ, ഗൂഗിൾ കലണ്ടർ, ഗൂഗിൾ ഫോട്ടോസ്, മാപ്സ് തുടങ്ങിയ സേവനങ്ങളുമായി നേരിട്ട് ബന്ധപ്പെട്ട് ആവശ്യമായ വ്യക്തിഗത വിവരങ്ങൾ വണ്ടി ഓടിക്കുന്നതിനിടയിൽത്തന്നെ നൽകും.

എന്താണ് ഗൂഗിൾ ജെമിനി പേഴ്സണൽ ഇന്റലിജൻസ്?

ആൻഡ്രോയിഡ് ഓട്ടോയിലും വരാനിരിക്കുന്ന Google built-in കാറുകളിലും ലഭ്യമാകുന്ന ഒരു പുതിയ പേഴ്സണലൈസ്ഡ് എഐ ഫീച്ചറാണിത്. വണ്ടി ഓടിക്കുമ്പോൾ നിങ്ങളുടെ വ്യക്തിഗത ഡാറ്റ ആവശ്യാനുസരണം കണ്ടെത്താനും അത് അനുയോജ്യമായ രീതിയിൽ വിശകലനം ചെയ്ത് മറുപടി നൽകാനും ഈ സാങ്കേതികവിദ്യയ്ക്ക് കഴിയും.



ഉദാഹരണത്തിന്, 'വാഹനത്തിന്റെ ഗേറ്റ് നമ്പർ ഏതാണ്? ഫ്ളൈറ്റ് കൃത്യസമയത്താണോ?' എന്ന് ചോദിച്ചാൽ, ജിമെയിലിലെ ടിക്കറ്റ് കൺഫർമേഷൻ പരിശോധിച്ച് ഗേറ്റ് നമ്പറും ലൈവ് ഫ്ളൈറ്റ് സ്റ്റാറ്റസും ഒരൊറ്റ ഉത്തരമായി ജെമിനി നിങ്ങൾക്ക് പറഞ്ഞുതരും.

ആൻഡ്രോയിഡ് ഓട്ടോയിൽ ഇത് എങ്ങനെ സജ്ജമാക്കാം?

ഈ ഫീച്ചർ പൂർണ്ണമായും Opt-in (ഉപയോക്താവിന്റെ അനുമതിയോടെ മാത്രം പ്രവർത്തിക്കുന്നത്) അടിസ്ഥാനമാക്കിയാണ് ഡിസൈൻ ചെയ്തിരിക്കുന്നത്. അതായത്, നിങ്ങൾ സ്വയം ഓൺ ചെയ്താൽ മാത്രമേ ഇത് പ്രവർത്തിക്കൂ.

1. **ആപ്പുകൾ അപ്ഡേറ്റ് ചെയ്യുക**: ഫോണിലെ ഗൂഗിൾ ആപ്പ്, ജെമിനി ആപ്പ്, ആൻഡ്രോയിഡ് ഓട്ടോ എന്നിവ പ്ലേ സ്റ്റോറിൽ നിന്ന് ഏറ്റവും പുതിയ വേർഷനിലേക്ക് അപ്ഡേറ്റ് ചെയ്യുക.
2. **ജെമിനി സെറ്റിംഗ്സ് തുറക്കുക**: ഫോണിൽ ജെമിനി ആപ്പ് തുറന്ന് പ്രൊഫൈൽ ഐക്കണിൽ ക്ലിക്ക് ചെയ്ത് സെറ്റിംഗ്സിലേക്ക് പോകുക.
3. **പേഴ്സണൽ ഇന്റലിജൻസ് ഓൺ ചെയ്യുക**: സെറ്റിംഗ്സിലെ പേഴ്സണൽ ഇന്റലിജൻസ് എന്ന ഓപ്ഷൻ തെരഞ്ഞെടുത്ത് അത് എനേബിൾ ചെയ്യുക.
4. **ആപ്പുകൾ കണക്റ്റ് ചെയ്യുക**: ജിമെയിൽ, ഗൂഗിൾ കലണ്ടർ, ഗൂഗിൾ ഫോട്ടോസ്, ഗൂഗിൾ മാപ്സ് എന്നിവയിൽ ഏതൊക്കെ സേവനങ്ങൾക്കാണ് അനുമതി നൽകേണ്ടതെന്ന് തെരഞ്ഞെടുക്കുക.
5. **കാറിൽ ടെസ്റ്റ് ചെയ്യുക**: ഫോൺ ആൻഡ്രോയിഡ് ഓട്ടോയുമായി കണക്റ്റ് ചെയ്ത് പാർക്കിംഗ് സമയത്ത് വോയ്സ് കമാൻഡ് നൽകി ഫീച്ചർ പരിശോധിക്കുക.

ശ്രദ്ധിക്കുക: നിർദ്ദിഷ്ട ആപ്പുകളുടെ ആക്സസ് എപ്പോൾ വേണമെങ്കിലും മാറ്റാനോ ഈ ഫീച്ചർ പൂർണ്ണമായി ഓഫ് ചെയ്യാനോ ജെമിനി സെറ്റിംഗ്സിലൂടെ സാധിക്കും.

ഡ്രൈവർമാർക്കുള്ള പ്രധാന പ്രയോജനങ്ങളും ഉപയോഗങ്ങളും

- **ഹാൻഡ്സ് ഫ്രീ നാവിഗേഷൻ**: 'ടേക്ക് മി ടു മൈ ഡോക്ടേഴ്സ് അപ്പോയിന്റ്മെന്റ്' എന്ന് പറഞ്ഞാൽ മതി, കലണ്ടറിൽ നിന്നും വിലാസം എടുത്ത് ജെമിനി സ്വയം ഗൂഗിൾ മാപ്സ് നാവിഗേഷൻ ആരംഭിക്കും.
- **സ്മാർട്ട് ഫോട്ടോ സെർച്ച്**: 'കഴിഞ്ഞ ആഴ്ച ഞാൻ എടുത്ത ഫോട്ടോയിലെ കാർ വാഷിലേക്ക് വഴി കാണിക്കുക' എന്ന് ആവശ്യപ്പെട്ടാൽ ഗൂഗിൾ ഫോട്ടോസിൽ നിന്ന് ലൊക്കേഷൻ കണ്ടെത്തി വഴി കാണിച്ചുതരും.
- **വ്യക്തിഗത നിർദ്ദേശങ്ങൾ**: നിങ്ങളുടെ ഭക്ഷണരീതികളും (ഉദാഹരണത്തിന് വെജിറ്റേറിയൻ) മുൻഗണനകളും ഓർമ്മിച്ചുവെച്ച്, യാത്രാമധ്യേയുള്ള അനുയോജ്യമായ റെസ്റ്റോറന്റുകൾ നിർദ്ദേശിക്കാൻ ഇതിന് കഴിയും.
- **ശ്രദ്ധ തിരിയാതെയുള്ള യാത്ര**: ഫോണിലേക്ക് നോക്കാതെ തന്നെ ഇമെയിലുകളും യാത്രയ്ക്കുള്ള വിവരങ്ങളും വോയ്സ് മുഖേന അറിയാൻ സാധിക്കുന്നത് റോഡ് സുരക്ഷ വർദ്ധിപ്പിക്കുന്നു.

സ്വകാര്യതയും സുരക്ഷയും

ഉപയോക്താക്കളുടെ സ്വകാര്യതയ്ക്ക് ഗൂഗിൾ ഉയർന്ന മുൻഗണന നൽകിയിട്ടുണ്ട്:

- **ഡീഫോൾട്ടായി ഓഫ് ആയിരിക്കും**: ഉപയോക്താവ് നേരിട്ട് അനുമതി നൽകാതെ ജെമിനി നിങ്ങളുടെ ഇമെയിലോ ഫോട്ടോകളോ വായിക്കില്ല.
- **കാറിൽ ഫോൺ സാന്നിധ്യം നിർബന്ധം**: ഗൂഗിൾ ബിൽറ്റ്ഇൻ ഇൻഫോടൈൻമെന്റ് സിസ്റ്റമുള്ള കാറുകളിൽ, ഉടമസ്ഥന്റെ ഫോൺ വണ്ടിക്കുള്ളിൽ കണക്റ്റായിരിക്കുമ്പോൾ മാത്രമേ വ്യക്തിഗത വിവരങ്ങൾ മറുപടിയായി നൽകൂ.
- **സേവനങ്ങൾ തടസ്സപ്പെടില്ല**: ഈ ഫീച്ചർ ഓഫ് ചെയ്താലും ആൻഡ്രോയിഡ് ഓട്ടോയിലെ സാധാരണ നാവിഗേഷൻ, മ്യൂസിക്, കോളുകൾ,മറ്റ് ജനറൽ അക സംശയങ്ങൾഎന്നിവ തടസ്സമില്ലാതെ പ്രവർത്തിക്കും.

അറിയേണ്ട മറ്റ് കാര്യങ്ങൾ

- **ലഭ്യത**: ഗൂഗിൾ ഇതിന്റെ റോൾഔട്ട് ആരംഭിച്ചുകഴിഞ്ഞു. ആൻഡ്രോയിഡ് 11 അല്ലെങ്കിൽ അതിനു മുകളിലുള്ള ഒഎസ് പതിപ്പുകളുള്ള 18 വയസ്സിന് മുകളിലുള്ള വ്യക്തിഗത ഗൂഗിൾ അക്കൗണ്ടുകൾക്കാണ് ഇത് ആദ്യഘട്ടത്തിൽ ലഭ്യമാകുന്നത്.
- **പരിധികൾ**: ബിസിനസ്സ്/എന്റർപ്രൈസ് വർക്ക്സ്പേസ് അക്കൗണ്ടുകളിൽ നിലവിൽ ഈ ഫീച്ചർ ലഭ്യമല്ല. കൂടാതെ യുകെ, യൂറോപ്യൻ യൂണിയൻ മേഖലകളിൽ നിയന്ത്രണങ്ങൾ കാരണം നിലവിൽ റോൾഔട്ട് ചെയ്തിട്ടില്ല.



റോബിൻസ് ആന്റണി

ഇനി ക്രോം ബ്രൗസർ സ്വന്തമായി പ്രവർത്തിക്കും! മൾട്ടി–സ്റ്റെപ്പ് ടാസ്കുകൾ ഓട്ടോമേറ്റ് ചെയ്യാൻ ചാറ്റ് ജിപിടിയുടെ വൻ അപ്ഡേറ്റ്

ഓപ്പൺ എഐ തങ്ങളുടെ ചാറ്റ് ജിപിടി ക്രോം എക്സ്റ്റൻഷനിൽ വിപ്ലവകരമായ മാറ്റങ്ങൾ വരുത്തി പുതിയ അപ്ഡേറ്റ് പുറത്തിറക്കി. തുറന്നു വെച്ചിരിക്കുന്ന ബ്രൗസർ ടാബുകളിൽ നിന്ന് വിവരങ്ങൾ വായിക്കാനും സങ്കീർണ്ണമായ മൾട്ടിസ്റ്റെപ്പ് ജോലികൾ സ്വയം ചെയ്യാനും ഇനി ചാറ്റ് ജിപിറ്റിക്ക് സാധിക്കും.



പുതിയ അപ്ഡേറ്റിലൂടെ വെബ് ബ്രൗസിംഗ് കൂടുതൽ എളുപ്പമാക്കാനും വിവരശേഖരണം വേഗത്തിലാക്കാനുമാണ് കമ്പനി ലക്ഷ്യമിടുന്നത്. ക്രോം അധിഷ്ഠിത ബ്രൗസറുകളായ മൈക്രോസോഫ്റ്റ് എഡ്ജ്, ബ്രേവ്, ഓപ്പറ എന്നിവയിലും ഈ സംവിധാനം പ്രവർത്തിക്കും.

ഉപയോക്താക്കൾ ആവശ്യപ്പെടുന്ന വിവരങ്ങൾ വിവിധ ടാബുകൾ പരിശോധിച്ച് വേഗത്തിൽ കണ്ടെത്താൻ ഇതിന് കഴിയും. ഫോമുകൾ പൂരിപ്പിക്കുക, ഫയലുകൾ ഡൗൺലോഡ് ചെയ്യുക, ഇമെയിലുകൾ അയക്കുക തുടങ്ങിയ ജോലികൾ ഇനി എഐ ഏജന്റ് നേരിട്ട് നിർവ്വഹിക്കും.

ഡിജിറ്റൽ വർക്കുകൾ ബാക്ക്ഗ്രൗണ്ടിൽ പുരോഗമിക്കുമ്പോൾ തന്നെ ഉപയോക്താക്കൾക്ക് മറ്റ് ജോലികളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ സാധിക്കും. ഇത് ഉപയോഗിക്കുന്നവരുടെ സമയ ലാഭത്തിന് വലിയ രീതിയിൽ വഴിയൊരുക്കും.

ഡോക്യുമെന്റുകൾ തയ്യാറാക്കുക, സ്പ്രെഡ് ഷീറ്റുകൾ എഡിറ്റ് ചെയ്യുക, ഇൻവെന്ററി വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുക എന്നിവയും എക്സ്റ്റൻഷൻ വഴി സാധ്യമാണ്. ഡാറ്റാ എൻട്രി ജോലികൾ ചെയ്യുന്നവർക്ക് ഈ സൗകര്യം വളരെ ഉപകാരപ്പെടും.

ഓപ്പൺ എഐയുടെ ഔദ്യോഗിക ടൂളുകൾ അറ്റാച്ച് ചെയ്ത് ചാറ്റ് ജിപിറ്റിക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നേരിട്ട് നൽകാം. കമ്പ്യൂട്ടറിലെ ഡെസ്ക്ടോപ്പ് ആപ്പുമായി ബന്ധിപ്പിച്ചാണ് പുതിയ എക്സ്റ്റൻഷൻ പ്രവർത്തിക്കുന്നത്.

ഉപയോക്താക്കളുടെ അനുമതിയോടെ മാത്രമായിരിക്കും വെബ്സൈറ്റുകളിൽ നിന്ന് പുതിയ ഡാറ്റ എഐ ശേഖരിക്കുന്നത്. സ്വകാര്യതയും ഡാറ്റാ സുരക്ഷയും ഉറപ്പാക്കാൻ പ്രത്യേക നിയന്ത്രണ സംവിധാനങ്ങൾ ആപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ചാറ്റ് ജിപിറ്റിയുടെ എല്ലാ വിഭാഗം ഉപയോക്താക്കൾക്കും പുതിയ എക്സ്റ്റൻഷൻ പതിപ്പ് ലഭ്യമായിത്തുടങ്ങിയിട്ടുണ്ട്. വിപണിയിൽ വൻ ജനപ്രീതി നേടുന്ന എഐ ടൂളുകളിൽ മുന്നിലെത്താൻ ഇത് കമ്പനിയെ സഹായിക്കും.

വെബ് സർഫിംഗിലും സോഷ്യൽ മീഡിയ ഉപയോഗത്തിലും മാറ്റങ്ങൾ വരുത്താൻ ഈ സാങ്കേതികവിദ്യ കാരണമാകും. അനാവശ്യമായ സമയം ഒഴിവാക്കി കാര്യക്ഷമത കൂട്ടാൻ എഐ ഓട്ടോമേഷൻ വഴി സാധിക്കും.

ടെക് ഭീമന്മാരായ ഗൂഗിളിന്റെ അസിസ്റ്റന്റ് ടൂളുകൾക്ക് ശക്തമായ വെല്ലുവിളിയാണ് ഈ പുതിയ അപ്ഡേറ്റ് ഉയർത്തുന്നത്. വരും ദിവസങ്ങളിൽ കൂടുതൽ ആവേശകരമായ ഫീച്ചറുകൾ അവതരിപ്പിക്കാൻ ഓപ്പൺ എഐ പദ്ധതിയിടുന്നു.

ആന്ത്രോപിക് സിഇഒ ഡാരിയോ അമോഡി: എഐ സുരക്ഷാ നിയമനിർമ്മാണത്തിൽ തെറ്റുകൾ സംഭവിച്ചു

പുതിയതായി നിർദ്ദേശിച്ച എഐ സുരക്ഷാ ബില്ലിനെക്കുറിച്ച് ഉയർന്ന ആശങ്കകൾക്ക് മറുപടി നൽകി ആന്ത്രോപിക് സിഇഒ ഡാരിയോ അമോഡി രംഗത്തെത്തി. തങ്ങളുടെ സുരക്ഷാ സമീപനത്തിൽ തെറ്റുകൾ സംഭവിച്ചതായി അദ്ദേഹം സമ്മതിച്ചു. അടുത്തിടെ യുഎസ് നിയമനിർമ്മാതാക്കളുമായി പങ്കുവെച്ച കരട് ബില്ലിനെതിരെ സിവിൽ സൊസൈറ്റി ഗ്രൂപ്പുകളും സാങ്കേതിക നയ നിരീക്ഷകരും നിയമനിർമ്മാതാക്കളും കടുത്ത വിമർശനം ഉന്നയിച്ചിരുന്നു. സർക്കാർ ഇടപെടലിനുള്ള മാനദണ്ഡം വളരെ ഉയർന്നതാണെന്നതാണ് പ്രധാന വിമർശനങ്ങളിലൊന്ന്. 50 മരണങ്ങളോ 1 ബില്യൺ ഡോളർ നഷ്ടമോ സംഭവിച്ചാൽ മാത്രമേ റെഗുലേറ്റർമാർക്ക് നടപടിയെടുക്കാൻ കഴിയൂ എന്ന് ബില്ലിൽ പറയുന്നു.



കൂടുതൽ ശക്തമായ എഐ മോഡലുകൾ നിർമ്മിക്കാനുള്ള കമ്പനിയുടെ ലക്ഷ്യം സുരക്ഷാ പ്രതിബദ്ധതകൾക്ക് മുന്നിലാണോ എന്ന് എൻകോഡ് എഐയിലെ നഥാൻ കാൽവിൻ ചോദ്യം ചെയ്തിരുന്നു.കാൽവിന്റെ വിമർശനങ്ങൾക്ക് മറുപടിയായി, തങ്ങളുടെ പല തീരുമാനങ്ങളും വാണിജ്യപരമായ നഷ്ടം വരുത്തിവെച്ചെങ്കിലും അത് അപകടസാധ്യതകൾ കുറയ്ക്കാൻ സഹായിച്ചെന്ന് അമോഡി വാദിച്ചു. കഴിഞ്ഞ ഒരു വർഷത്തെ ആന്ത്രോപിക്കിന്റെ പ്രവർത്തനങ്ങൾ എഐ സുരക്ഷയോടുള്ള പ്രതിബദ്ധതയെക്കുറിച്ച് ചോദ്യങ്ങൾ ഉയർത്തുന്നതായി കാൽവിൻ ചൂണ്ടിക്കാട്ടി. എഐ വികസനത്തിനായുള്ള മത്സരത്തിൽ വിജയിക്കുന്നതിലാണ് കമ്പനി ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്നായിരുന്നു കാൽവിന്റെ വാദം.

സ്വന്തമായി ചിപ്പുകൾ വികസിപ്പിക്കാനുള്ള ആന്ത്രോപിക്കിന്റെ പദ്ധതികൾ, കമ്പ്യൂട്ടിംഗ് ഇൻഫ്രാസ്ട്രക്ചറിലെ വലിയ നിക്ഷേപങ്ങൾ, ആന്തരിക വികസനത്തിൽ എഐ മോഡലുകളുടെ വർദ്ധിച്ച ഉപയോഗം, ഉത്തരവാദിത്തമുള്ള സ്കേലിംഗ് പോളിസിയിലെ മാറ്റങ്ങൾ എന്നിവയെല്ലാം കാൽവിൻ ഉദാഹരണമായി ചൂണ്ടിക്കാട്ടി. തങ്ങളുടെ പുതിയ നിയമനിർമ്മാണ നിർദ്ദേശത്തിലെ ചില വ്യവസ്ഥകൾ നിലവിലുള്ള സംസ്ഥാന തലത്തിലുള്ള സംരക്ഷണങ്ങളെ ദുർബലപ്പെടുത്തുകയും അപകടകരമായ എഐ മോഡലുകളുടെ വികസനം തടയാൻ സർക്കാരിന് പ്രയാസമുണ്ടാക്കുകയും ചെയ്യുമെന്ന് കാൽവിൻ വിമർശിച്ചു. സുരക്ഷാ ഗവേഷണങ്ങൾ പ്രസിദ്ധീകരിക്കുകയും ബാഹ്യ സംഘടനകളുമായി സഹകരിക്കുകയും ചെയ്തിട്ടുണ്ടെന്ന് കാൽവിൻ സമ്മതിച്ചു.

എന്നാൽ, കൂടുതൽ കഴിവുള്ള എഐ സംവിധാനങ്ങൾ വികസിപ്പിക്കാനുള്ള കമ്പനിയുടെ ശ്രമങ്ങൾക്ക് അനുസരിച്ച് ഈ സുരക്ഷാ നടപടികൾ മുന്നോട്ട് പോകുന്നുണ്ടോ എന്ന് അദ്ദേഹം സംശയം പ്രകടിപ്പിച്ചു. തങ്ങളുടെ താൽപ്പര്യങ്ങളെ സഹായിക്കുന്ന രീതിയിലാണ് തെറ്റുകൾ സംഭവിക്കുന്നതെന്ന് കാൽവിൻ ചോദിച്ചു, കമ്പനിയുടെ വാണിജ്യപരമായ താൽപ്പര്യങ്ങൾ സുരക്ഷാ സമീപനത്തെ സ്വാധീനിക്കുന്നുണ്ടോ എന്നും അദ്ദേഹം ചോദ്യം ചെയ്തു. 'ഉയർന്ന നിലവാരത്തിലേക്കുള്ള ഒരു മത്സരം' എന്ന തന്ത്രമാണ് ആന്ത്രോപിക് പിന്തുടരുന്നതെന്ന് അമോഡി വിശദീകരിച്ചു. ഉത്തരവാദിത്തത്തോടെ നൂതന എഐ വികസിപ്പിക്കുന്നതിലൂടെ മറ്റ് എഐ ഡെവലപ്പർമാരെയും ശക്തമായ സുരക്ഷാ രീതികൾ പിന്തുടരാൻ പ്രോത്സാഹിപ്പിക്കാൻ കഴിയുമെന്നാണ് അമോഡി വാദിച്ചത്. എഐ വികസനത്തിന്റെ മുൻനിരയിൽ നിൽക്കുന്നത് വ്യവസായത്തിൽ കൂടുതൽ സ്വാധീനം ചെലുത്താൻ ആന്ത്രോപിക്കിന് കഴിയുമെന്ന് അമോഡി പറഞ്ഞു.

കാലിഫോർണിയയുടെ എസ്ബി 53 എഐ സുരക്ഷാ നിയമത്തെ പിന്തുണച്ചത്, ജൈവ ഭീഷണികൾക്കായി എഐ ദുരുപയോഗം ചെയ്യുന്നത് തടയാൻ കർശനമായ സുരക്ഷാ സംവിധാനങ്ങൾ നിലനിർത്തിയത്, ശക്തമായ സൈബർ സുരക്ഷാ സംവിധാനങ്ങൾ വരുന്നതുവരെ നൂതന മോഡലുകൾ പുറത്തിറക്കുന്നത് വൈകിപ്പിച്ചത് തുടങ്ങിയ വാണിജ്യപരമായി വലിയ നഷ്ടമുണ്ടാക്കിയ നിരവധി തീരുമാനങ്ങൾ അമോഡി ഉദാഹരണമായി ചൂണ്ടിക്കാട്ടി. അപകടകരമായ എഐ മോഡലുകൾ പുറത്തിറക്കുന്നത് തടയാനുള്ള സർക്കാർ അധികാരങ്ങളെ പിന്തുണച്ചതായും ചൈനയിലേക്കുള്ള നൂതന ചിപ്പുകളുടെ കയറ്റുമതി നിയന്ത്രിച്ചതായും ചൈനീസ് സർക്കാർ നിയന്ത്രിത കമ്പനികൾക്ക് തങ്ങളുടെ എഐ സേവനങ്ങൾ വിൽക്കുന്നത് തടഞ്ഞതായും അദ്ദേഹം പറഞ്ഞു.

ഈ തീരുമാനങ്ങൾ സുരക്ഷാ, ദേശീയ സുരക്ഷാപരമായ അപകടസാധ്യതകൾ പരിഹരിക്കുന്നതിനായി വാണിജ്യ അവസരങ്ങൾ ത്യജിക്കാൻ കമ്പനി തയ്യാറാണെന്ന് തെളിയിക്കുന്നതായി അമോഡി വ്യക്തമാക്കി. യുഎസിൽ ഫെഡറൽ എഐ നിയന്ത്രണങ്ങൾ രൂപപ്പെടുത്താനുള്ള ആന്ത്രോപിക്കിന്റെ ശ്രമങ്ങൾക്കിടയിലാണ് ഈ തർക്കം. പൊളിറ്റിക്കോയുടെ റിപ്പോർട്ട് അനുസരിച്ച്, ആന്ത്രോപിക് ചില കോൺഗ്രസ് ഓഫീസുകളുമായി ഒരു കരട് ബിൽ പങ്കുവെച്ചിരുന്നു. ശക്തമായ ഒരു ദേശീയ എഐ സുരക്ഷാ ചട്ടക്കൂടിനെ പിന്തുണയ്ക്കാൻ വേണ്ടിയാണ് കരട് ബിൽ തയ്യാറാക്കിയതെന്ന് ആന്ത്രോപിക്കിന്റെ പബ്ലിക് പോളിസി ടീം പറഞ്ഞു.

ഡൽഹി ഡെർബാർ

ഫ്രാൻസിൽ നിന്ന് യൂറോപ്പിലേക്ക് പടർന്ന വിദ്യാർത്ഥി പ്രക്ഷോഭങ്ങളും മഞ്ഞജാക്കറ്റുകാരുടെ പോരാട്ടവും

യൂറോപ്യൻ ചരിത്രത്തിൽ ഫ്രാൻസ് എപ്പോഴും വിപ്ലവങ്ങളുടെയും ജനകീയ പ്രക്ഷോഭങ്ങളുടെയും പ്രഭവകേന്ദ്രമാണ്. അധികാരികളുടെ ജനവിരുദ്ധ നയങ്ങൾക്കെതിരെ തെരുവിലിറങ്ങുന്ന ഫ്രഞ്ച് ജനതയുടെ പാരമ്പര്യം സമകാലിക ചരിത്രത്തിലും ആവർത്തിക്കപ്പെടുന്നുണ്ട്. ഫ്രാൻസിലെ സർവ്വകലാശാലകളിൽ നിന്ന് തുടങ്ങി യൂറോപ്പിലാകെ പടർന്ന വിദ്യാർത്ഥി പ്രക്ഷോഭങ്ങളും, ഫ്രഞ്ച് രാഷ്ട്രീയത്തെ പിടിച്ചുലച്ച മഞ്ഞ ജാക്കറ്റുകാരുടെ സമരവും കോർപ്പറേറ്റ് വിരുദ്ധതയുടെയും സാമൂഹിക നീതിയുടെയും വലിയ പ്രഖ്യാപനങ്ങളായിരുന്നു.

ഫ്രാൻസിലെ വിദ്യാർത്ഥി പ്രക്ഷോഭങ്ങൾക്ക് വലിയൊരു ചരിത്രമുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് 1968 മേയിലെ വിദ്യാർത്ഥിതൊഴിലാളി അട്ടിമറിയാണ്. പാരിസ് സർവ്വകലാശാലയുടെ നാന്റെറെ കാമ്പസിലെ കടുത്ത നിയന്ത്രണങ്ങൾക്കെതിരെയും വിദ്യാഭ്യാസ പരിഷ്കരണങ്ങൾക്കെതിരെയും ഒരു കൂട്ടം വിദ്യാർത്ഥികൾ ആരംഭിച്ച സമരം പെട്ടെന്ന് തന്നെ സോർബോൺ യൂറോപ്പിലെ തന്നെ പ്രശസ്തമായ സർവ്വകലാശാലയിലേക്ക് പടർന്നു.

വിദ്യാർത്ഥികളെ പോലീസ് ക്രൂരമായി നേരിട്ടതോടെ ('നൈറ്റ് ഓഫ് ദി ബാരിക്കേഡ്സ്') പൊതുജനങ്ങൾ വിദ്യാർത്ഥികൾക്കൊപ്പം ചേർന്നു. ചരിത്രത്തിലാദ്യമായി ഫ്രാൻസിലെ ഒരു കോടിയിലധികം വരുന്ന തൊഴിലാളികൾ വിദ്യാർത്ഥികൾക്ക് പിന്തുണയുമായി പൊതുപണിമുടക്ക് പ്രഖ്യാപിച്ചു. രാജ്യം പൂർണ്ണമായും സ്തംഭിക്കുകയും പ്രസിഡന്റ് ചാൾസ് ഡി ഗല്ലിന് അധികാരം നഷ്ടപ്പെടുന്ന സാഹചര്യം വരെയുണ്ടാവുകയും ചെയ്തു.



യൂറോപ്പിലാകെ പടർന്ന തീപ്പൊരി

ഫ്രാൻസിലെ ഈ വിജയം ജർമ്മനി, ഇറ്റലി, ബ്രിട്ടൻ തുടങ്ങിയ മറ്റ് യൂറോപ്യൻ രാജ്യങ്ങളിലെ വിദ്യാർത്ഥികൾക്കും ആവേശം നൽകി. മുതലാളിത്ത വ്യവസ്ഥിതിക്കും, വിയറ്റ്നാം യുദ്ധത്തിനും, പരമ്പരാഗത വിദ്യാഭ്യാസ രീതികൾക്കുമെതിരെ യൂറോപ്പിലുടനീളം കാമ്പസുകൾ തിളച്ചുമറിഞ്ഞു.

ഈ ചരിത്രപരമായ പ്രക്ഷോഭത്തിന്റെ ആധുനിക പതിപ്പുകൾ സമീപകാലത്തും ഫ്രാൻസിൽ ദൃശ്യമായി. വിദ്യാഭ്യാസ ഫണ്ടിന്റെ കുറവ്, അദ്ധ്യാപക ക്ഷാമം, ആധുനിക തൊഴിലില്ലായ്മ, കടുത്ത നിയന്ത്രണങ്ങൾ എന്നിവയ്ക്കെതിരെ ഫ്രഞ്ച് വിദ്യാർത്ഥികൾ വീണ്ടും തെരുവിലിറങ്ങുകയും അത് യൂറോപ്യൻ യൂണിയന്റെ വിവിധ കോണുകളിൽ അലയടിക്കുകയും ചെയ്തു.

പ്രക്ഷോഭവുമായി മഞ്ഞജാക്കറ്റുകാർ

വിദ്യാർത്ഥി പ്രക്ഷോഭങ്ങൾക്ക് സമാന്തരമായും, എന്നാൽ അതിനേക്കാൾ വലിയ ജനകീയ അടിത്തറയോടെയും രൂപംകൊണ്ട ഒന്നാണ് 'മഞ്ഞജാക്കറ്റുകാരുടെ പ്രസ്ഥാനം'. 2018 നവംബറിലാണ് ഫ്രാൻസിൽ ഈ സമരം ആരംഭിക്കുന്നത്.

ഫ്രാൻസിലെ നിയമപ്രകാരം അടിയന്തര സാഹചര്യങ്ങളിൽ വാഹനങ്ങളിലെ ഡ്രൈവർമാർ ധരിക്കാനായി എല്ലാ കാറുകളിലും ഒരു 'ഹൈവിസിബിലിറ്റി മഞ്ഞ ജാക്കറ്റ്' സൂക്ഷിക്കൽ നിർബന്ധമാണ്. ഇന്ധനവില വർദ്ധനവിനെതിരെയുള്ള സാധാരണക്കാരായ വാഹന ഉടമകളുടെ പ്രതിഷേധ സൂചകമായി ഈ മഞ്ഞ ജാക്കറ്റ് ധരിച്ച് എട്ടു വർഷം മുമ്പ് ആളുകൾ തെരുവിലിറങ്ങിയിരുന്നു. അത് ഫ്രഞ്ചു ഭരണകൂടത്തെ വിറപ്പിച്ചു. അതോടെയാണ് ആ വിപ്ലവകാരികൾക്ക് ഈ പേര് ലഭിച്ചത്.

പ്രക്ഷോഭത്തിന്റെ പ്രധാന കാരണങ്ങൾ

1. ഇന്ധന നികുതി വർദ്ധനവ്: പരിസ്ഥിതി സംരക്ഷണത്തിന്റെ പേര് പറഞ്ഞ് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ ഇന്ധന നികുതി വർദ്ധിപ്പിച്ചതാണ് പെട്ടെന്നുള്ള കാരണം.

2. ജീവിതച്ചെലവ്: ഗ്രാമീണ മേഖലകളിലും പ്രാന്തപ്രദേശങ്ങളിലും താമസിക്കുന്ന സാധാരണക്കാർക്ക് നഗരങ്ങളിലേക്ക് ജോലിക്കും മറ്റും പോകാൻ സ്വന്തം വാഹനം അത്യാവശ്യമായിരുന്നു. ഇന്ധനവില കൂടിയതോടെ അവരുടെ കുടുംബ ബഡ്ജറ്റ് താളംതെറ്റി.

3. ധനികർക്കനുകൂലമായ നയങ്ങൾ: കോർപ്പറേറ്റുകൾക്കും സമ്പന്നർക്കും മാക്രോൺ സർക്കാർ നികുതി ഇളവുകൾ നൽകിയപ്പോൾ, അതിന്റെ ഭാരം സാധാരണക്കാരുടെ മേൽ അടിച്ചേൽപ്പിച്ചതാണ് ജനങ്ങളെ പ്രകോപിപ്പിച്ചത്. മഞ്ഞജാക്കറ്റുകാരുടെ സമരം പരമ്പരാഗത രാഷ്ട്രീയ പാർട്ടികളോ തൊഴിലാളി യൂണിയനുകളോ നയിച്ചതല്ല. സോഷ്യൽ മീഡിയയിലൂടെ സ്വയം സംഘടിച്ച, നേതാക്കളില്ലാത്ത ഒരു ജനകീയ മുന്നേറ്റമായിരുന്നു അത്.

ഫ്രാൻസിൽ പുകയുന്ന സാമ്പത്തിക അസമത്വത്തിനെതിരെയുള്ള പോരാട്ടത്തിൽ വിദ്യാർത്ഥികളും മഞ്ഞജാക്കറ്റുകാരും ഒന്നിച്ച് അണിനിരക്കുന്ന കാഴ്ചയും പിന്നീട് കാണാൻ കഴിഞ്ഞു. വിദ്യാഭ്യാസ പരിഷ്കരണങ്ങൾക്കെതിരെ സമരം ചെയ്ത വിദ്യാർത്ഥി സംഘടനകളും ഇടതുപക്ഷ കൂട്ടായ്മകളും മഞ്ഞ ജാക്കറ്റുകാരുടെ സാമ്പത്തിക നീതിക്ക് വേണ്ടിയുള്ള പോരാട്ടത്തിന് പിന്തുണ പ്രഖ്യാപിച്ചു. ഈ ഐക്യം പ്രക്ഷോഭങ്ങൾക്ക് വലിയ രാഷ്ട്രീയ ശക്തി നൽകി. ഫ്രാൻസിലെ പ്രധാന നഗരങ്ങളായ പാരിസ്, ലിയോൺ, മാഴ്സെ തുടങ്ങിയ ഇടങ്ങളിലെല്ലാം ശനിയാഴ്ചകളിൽ പതിവായി നടന്ന ഈ പ്രകടനങ്ങൾ പലപ്പോഴും അക്രമാസക്തമായ പോലീസ് നടപടികളിലേക്കും കലാപങ്ങളിലേക്കും വഴിമാറി.

ആഗോള – യൂറോപ്യൻ സ്വാധീനം

ഫ്രാൻസിൽ മഞ്ഞജാക്കറ്റ് സമരം വിജയം കണ്ടതോടെ (സർക്കാരിന് ഇന്ധന നികുതി വർദ്ധനവ് പിൻവലിക്കേണ്ടി വന്നു), ഈ സമരരീതി മറ്റ് യൂറോപ്യൻ രാജ്യങ്ങളിലേക്കും പടർന്നു. ബെൽജിയം, നെതർലാൻഡ്സ്, ജർമ്മനി, ഇറ്റലി തുടങ്ങിയ രാജ്യങ്ങളിലെ ജനങ്ങളും സമാനമായ സാമ്പത്തിക പ്രതിസന്ധികളിലും ഭരണകൂട വിരുദ്ധ നയങ്ങളിലും പ്രതിഷേധിച്ച് മഞ്ഞ ജാക്കറ്റുകൾ ധരിച്ച് തെരുവിലിറങ്ങി.

യൂറോപ്യൻ യൂണിയന്റെ ആഗോളവൽക്കരണനവലുദാരവൽക്കരണ നയങ്ങൾ സാധാരണക്കാരെ എങ്ങനെ ദോഷകരമായി ബാധിക്കുന്നു എന്നതിന്റെ വലിയ മുന്നറിയിപ്പായിരുന്നു ഈ സമരങ്ങൾ. ഫ്രാൻസിൽ നിന്നും യൂറോപ്പിലാകെയും പടർന്ന വിദ്യാർത്ഥി പ്രക്ഷോഭങ്ങളും മഞ്ഞജാക്കറ്റുകാരുടെ സമരവും കേവലം താൽക്കാലിക പ്രതികരണങ്ങളായിരുന്നില്ല. വിദ്യാഭ്യാസം കച്ചവടവൽക്കരിക്കുന്നതിനെതിരെയും, പരിസ്ഥിതി സംരക്ഷണത്തിന്റെ പേരിൽ സാധാരണക്കാരെ പിഴിയുന്ന കോർപ്പറേറ്റ് അജണ്ടകൾക്കെതിരെയുമുള്ള ജനകീയ പ്രതിരോധമായിരുന്നു അത്. ഭരണകൂടങ്ങൾ ജനഹിതത്തിന് വിരുദ്ധമായി പ്രവർത്തിക്കുമ്പോൾ തെരുവുകൾ എങ്ങനെ പാർലമെന്റുകളായി മാറുമെന്ന് ആധുനിക യൂറോപ്യൻ ചരിത്രത്തിന് ഈ പ്രക്ഷോഭങ്ങൾ കാണിച്ചുകൊടുത്തു.

ഇപ്പോഴവിടെ ഓരോ തെരുവും പാർലമെന്റുകളാവുകയും ജനങ്ങളുടെ ശബ്ദം നിയമമാവുകയും ചെയ്യുന്ന ഫ്രഞ്ച് വിപ്ലവത്തിന്റെ പാരമ്പര്യം യൂറോപ്യൻ മണ്ണിൽ ഇന്നും മരിച്ചിട്ടില്ല എന്ന് തെളിയിച്ചിരിക്കുന്നു..! ഭരണകൂടത്തിന്റെ കോർപ്പറേറ്റ് നയങ്ങൾക്കെതിരെ കാമ്പസുകളിൽ നിന്ന് ഉയർന്ന വിദ്യാർത്ഥി രോഷത്തിന്റെ തീപ്പൊരികൾ, മഞ്ഞ ജാക്കറ്റണിഞ്ഞ സാധാരണക്കാരുടെ ജനകീയ പോരാട്ടമായി യൂറോപ്പിലാകെ പടർന്നുപിടിച്ചു കഴിഞ്ഞിരിക്കുന്നു.

എം എൽസ എൽവിൻ



കുടുംബചരിത്രത്തിലെ രഹസ്യങ്ങൾ വെളിപ്പെടുത്തി
ഹോളിവുഡ് താരം ഡിലൻ സ്പ്രൗസ്



ഡിഎൻഎ പരിശോധനയ്ക്കിടയിൽ തന്റെ കുടുംബ ചരിത്രത്തെക്കുറിച്ച് കൗതുകകരമായ സത്യങ്ങൾ കണ്ടെത്തി പ്രശസ്ത ഹോളിവുഡ് നടൻ ഡിലൻ സ്പ്രൗസ്. താനും ഇരട്ട സഹോദരനായ കോൾ സ്പ്രൗസും തമ്മിൽ അകന്ന ബന്ധക്കാരാണെന്ന രീതിയിലുള്ള കണ്ടെത്തലുകളാണ് താരം പങ്കുവെച്ചിരിക്കുന്നത്. തന്റെ 'വൈൽഡ്മെൻ' പോഡ്കാസ്റ്റിന്റെ പുതിയ എപ്പിസോഡിലാണ് ഡിലൻ ഈ രസകരമായ വിവരം പുറത്തുവിട്ടത്.തങ്ങളുടെ കുടുംബത്തിൽ ഇരട്ട കുട്ടികൾ ജനിക്കുന്ന പാരമ്പര്യം അമ്മയുടെ ഭാഗത്തുനിന്ന് മാത്രമാണെന്നാണ് താൻ ഇതുവരെ കരുതിയിരുന്നതെന്ന് ഡിലൻ പറഞ്ഞു. എന്നാൽ ഡിഎൻഎ പരിശോധനയിലൂടെ തന്റെ അച്ഛന്റെ കുടുംബപ്പാരമ്പര്യത്തെക്കുറിച്ച് അന്വേഷിച്ചപ്പോഴാണ് പുതിയ വിവരങ്ങൾ പുറത്തുവന്നത്. 1800-കളുടെ അവസാനത്തിൽ കാലിഫോർണിയ ഗോൾഡ് റഷ് കാലത്ത് തന്റെ മാതാപിതാക്കളുടെ കുടുംബങ്ങൾ തമ്മിൽ വിവാഹബന്ധങ്ങളിലൂടെ പരസ്പരം ബന്ധപ്പെട്ടിരുന്നുവെന്ന് ഡിലൻ കണ്ടെത്തി.'ഞാനും കോളും ഇൻസെസ്റ്റിന്റെ (കുടുംബത്തിനുള്ളിലെ വിവാഹബന്ധം) കുട്ടികളാണ്,' എന്ന് ഡിലൻ തമാശയായി വിശേഷിപ്പിച്ചു. അച്ഛന്റെ കുടുംബത്തിലും ഇരട്ട കുട്ടികൾ ജനിച്ചിട്ടുണ്ടെന്ന വിവരമാണ് തനിക്ക് ഈ സംശയത്തിലേക്ക് വഴിവെച്ചതെന്നും അദ്ദേഹം വ്യക്തമാക്കി.

ടെയിലർ സ്വിഫ്റ്റിന്റെ ഹിറ്റ് പാട്ടുകളുടെ അവകാശം സ്വന്തമാക്കി ഹാർബർവ്യൂ




പോപ് താരം ടെയിലർ സ്വിഫ്റ്റിന്റെ ജനപ്രിയ ഗാനങ്ങളായ 'സ്റ്റൈൽ', 'റെഡി ഫോർ ഇറ്റ്' എന്നിവയുടെ പബ്ലിഷിംഗ് അവകാശങ്ങൾ പ്രമുഖ ഇൻവെസ്റ്റ്മെന്റ് ഫേമായ 'ഹാർബർവ്യൂ ഇക്വിറ്റി പാർട്ട്നേഴ്സ്' സ്വന്തമാക്കി. സ്വീഡിഷ് സംഗീത നിർമ്മാതാക്കളായ മാക്സ് മാർട്ടിൻ, ഷെൽബാക്ക് എന്നിവർ ചേർന്ന് രൂപീകരിച്ച 'വുൾഫ് കസിൻസ്' എന്ന സൊസൈറ്റിയിൽ നിന്നാണ് ഹാർബർവ്യൂ ഈ അവകാശങ്ങൾ വാങ്ങിയത്.ഒമ്പത് അക്ക തുകയ്ക്കാണ് ഈ ഡീൽ നടന്നതെന്നാണ് വിപണിയിലെ റിപ്പോർട്ടുകൾ. അരിയാന ഗ്രാൻഡെ, ദി വീക്കെൻഡ്, ഇമാജിൻ ഡ്രാഗൺസ് തുടങ്ങിയ പ്രമുഖ ഗായകരുടെ ഹിറ്റ് പാട്ടുകളുടെ പബ്ലിഷിംഗ് അവകാശങ്ങളും ഈ കരാറിന്റെ ഭാഗമാണ്.2025-ൽ ടെയിലർ സ്വിഫ്റ്റ് തന്റെ ആദ്യത്തെ ആറ് ആൽബങ്ങളുടെ മാസ്റ്റർ റെക്കോർഡിംഗുകളുടെ സമ്പൂർണ്ണ അവകാശം സ്വന്തമാക്കിയിരുന്നു. എന്നാൽ ഇപ്പോൾ നടന്നിരിക്കുന്നത് ഗാനരചനയും സംഗീത പ്രസാധനവുമായ ബന്ധപ്പെട്ട കരാറാണ്.

'12 കോടി കടം, നാല് വർഷത്തെ കഷ്ടപ്പാട്';
ആദ്യ ഭാര്യ കൂടെ നിന്നത് ഓർത്തെടുത്ത് ബോണി കപൂർ



ബോളിവുഡിൽ ഒരു കാലത്ത് തുടരെ ഹിറ്റ് സിനിമകൾ നിർമ്മിച്ച പ്രമുഖ പ്രൊഡ്യൂസറാണ് ബോണി കപൂർ. സിനിമയിലെ വൻ വിജയങ്ങൾക്കൊപ്പം തന്നെ വലിയ സാമ്പത്തിക നഷ്ടങ്ങളും കടബാധ്യതകളും അദ്ദേഹം തന്റെ കരിയറിൽ നേരിട്ടിട്ടുണ്ട്. താൻ സാമ്പത്തിക പ്രശ്നങ്ങൾ നേരിട്ട ഘട്ടത്തെക്കുറിച്ച് മുമ്പൊരിക്കൽ ബോണി കപൂർ തുറന്നുപറഞ്ഞ വാക്കുകളാണ് ഇപ്പോൾ വീണ്ടും ശ്രദ്ധ നേടുന്നത്. 1993-ൽ പുറത്തിറങ്ങിയ 'രൂപ് കി റാണി ചോരോൻ കാ രാജ' എന്ന ചിത്രം ബോക്സ് ഓഫീസിൽ കനത്ത പരാജയമായിരുന്നു. അനിൽ കപൂറും ശ്രീദേവിയും നായകനും നായികയുമായി എത്തിയ ഈ ചിത്രം നിർമ്മിച്ച ബോണി കപൂറിന് വൻ കടബാധ്യതകളാണ് ഉണ്ടായത്. ഏകദേശം 12 കോടിയോളമായിരുന്നു അന്നത്തെ കടം. ആ പ്രതിസന്ധിഘട്ടത്തിൽ കുടുംബത്തിൽ നിന്നും ആദ്യ ഭാര്യ മോണയിൽ നിന്നും തനിക്ക് വലിയ പിന്തുണ ലഭിച്ചതായി ബോണി കപൂർ പറഞ്ഞിട്ടുണ്ട്. ആ ദുഷ്കരമായ കാലത്ത് ഭാര്യ മോണ വീട്ടിൽ നിന്നും സിദ്ധിവിനായക ക്ഷേത്രത്തിലേക്ക് നഗ്നപാദയായി നടന്നിരുന്നു. കടം വീട്ടാനായി സ്വത്തുക്കളിൽ ചിലത് വിൽക്കേണ്ടി വന്നെങ്കിലും, കടം കൊടുത്തവരെ ഒഴിവാക്കാൻ താൻ ഒരിക്കലും ഫോൺ നമ്പർ മാറ്റിയിരുന്നില്ലെന്ന് ബോണി കപൂർ അഭിമുഖങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. 1994 മുതൽ താൻ ഉപയോഗിക്കുന്ന രണ്ട് ഫോൺ നമ്പറുകൾ ഇന്നുവരെ മാറ്റിയിട്ടില്ലെന്നും, ആ പ്രതിസന്ധികളെല്ലാം തരണം ചെയ്ത് ശക്തമായി തിരിച്ചുവരാൻ തനിക്ക് സാധിച്ചതായും അദ്ദേഹം അഭിമാനത്തോടെ ഓർത്തു.എന്നാൽ, പിന്നീട് 2011-12 കാലഘട്ടത്തിലും ബോണി കപൂർ സമാനമായ സാമ്പത്തിക പ്രതിസന്ധികളെ നേരിട്ടിട്ടുണ്ട്.

നൃത്തം കാലുകൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കി; വെളിപ്പെടുത്തി നടി ശോഭന



മോഹൻലാലിനെയും മമ്മൂട്ടിയെയും പോലെ മലയാളികളുടെ സ്വകാര്യ അഹങ്കാരമാണ് നടി ശോഭന. നൃത്തത്തിലും അഭിനയത്തിലും ഒരുപോലെ തിളങ്ങുന്ന നായിക. അഭിനയത്തേക്കാൾ ഉപരി നൃത്തത്തിനു വേണ്ടിയാണ് ശോഭന ഇപ്പോൾ തന്റെ സമയം മാറ്റിവെയ്ക്കുന്നത്. വർഷങ്ങളായുള്ള നൃത്തം കാൽക്കുഴകൾക്ക് ഉണ്ടാക്കിയ ബുദ്ധിമുട്ടുകളെക്കുറിച്ചും വാം-അപ്പ് വ്യായാമങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും ശോഭന പറഞ്ഞ വാക്കുകളാണ് ഇപ്പോൾ ശ്രദ്ധ നേടുന്നത്.'ഞാൻ പൂർണ്ണമായും സുഖമായിരിക്കുന്നു. ചെന്നൈയിൽ പടരുന്ന ഒരു വൈറൽ പനി എനിക്കുമുണ്ട്. അതോടൊപ്പം എന്റെ രണ്ട് കാലുകൾക്കും ചില പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്റെ രണ്ട് പാദങ്ങളുടെയും ആർച്ചുകളെ താങ്ങിനിർത്തുന്ന ടെൻഡനുകൾ (ഞരമ്പുകൾ) ദുർബലമാണ്... അതുകൊണ്ട് ചില ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. എനിക്ക് അത് നിരന്തരം ശ്രദ്ധിക്കേണ്ടതുണ്ട്. പക്ഷേ കുഴപ്പമില്ല... വർഷങ്ങളായുള്ള നൃത്ത പ്രകടനങ്ങൾ കാരണമാണ് ഇത്... ഇതൊക്കെ പ്രതീക്ഷിക്കേണ്ടതു തന്നെയാണ്. ഞങ്ങളുടെ തലമുറയിലുള്ളവർ ഇന്നത്തെ കലാകാരന്മാർ മുൻകരുതലായി ചെയ്യുന്നതുപോലെ വാം-അപ്പുകളോ ഇത്തരം വ്യായാമങ്ങളോ ഒന്നും ചെയ്യാറില്ലായിരുന്നു... എങ്കിലും ഇതിനെല്ലാം അതിന്റേതായ മൂല്യമുണ്ടെന്നാണ് ഞാൻ കരുതുന്നത്,' ശോഭന തന്റെ ഇൻസ്റ്റാഗ്രാം വീഡിയോയിലൂടെ വ്യക്തമാക്കി.തിരുവിതാംകൂർ സഹോദരിമാർ എന്നറിയപ്പെടുന്ന ലളിത, പദ്മിനി, രാഗിണിമാരുടെ അനന്തിരവളാണ് പദ്മശ്രീ പുരസ്കാരവും മൂന്ന് തവണ അഭിനയത്തിനുള്ള ദേശീയ പുരസ്കാരവും നേടിയ ശോഭന.1980ൽ തമിഴ് സിനിമയിലൂടെയാണ് ശോഭന അരങ്ങേറ്റം കുറിച്ചത്. പിന്നീട്, നായികയായി അരങ്ങേറ്റം കുറിച്ചത് ബാലചന്ദ്ര മേനോന്റെ 'ഏപ്രിൽ 18' എന്ന ചിത്രത്തിലൂടെയായിരുന്നു. പിന്നീട് തമിഴ്, മലയാളം, തെലുങ്ക്, കന്നഡ ഭാഷകളിലായി എത്രയോ ചിത്രങ്ങൾ, ശോഭന എന്ന പേര് പ്രേക്ഷകരുടെ മനസ്സുകളിൽ പച്ചകുത്തിയതുപോലെ പതിയുകയായിരുന്നു. അഭിമുഖങ്ങളിലും മറ്റും വളരെ ഇന്റലിജന്റായും സുവ്യക്തതയോടെയും ആത്മവിശ്വാസത്തോടെയും സംസാരിക്കുന്ന ഒരാൾ കൂടിയാണ് ശോഭന. ബാലചന്ദ്ര മേനോൻ വിളിച്ചില്ലായിരുന്നെങ്കിൽ എന്തായേനെ എന്ന് നേരെ ചൊവ്വെയിൽ ജോണി ലൂക്കോസ് ചോദിച്ചപ്പോൾ, ചിലപ്പോൾ രാജ് കപൂർ വിളിച്ചേനെ എന്നാണ് ശോഭന ഉത്തരമേകിയത്.



റഷ്യൻ സു-30എം യുദ്ധവിമാനം തകർന്നു വീണു

40 ദശലക്ഷം പൗണ്ട് നഷ്ടം

റഷ്യയുടെ സു-30എം യുദ്ധവിമാനം കലിനിൻഗ്രാഡ് മേഖലയിൽ തകർന്ന് തീഗോളമായി മാറി. വ്ലാഡിമിർ പുടിന്റെ സൈനിക നീക്കങ്ങൾക്ക് വലിയൊരു തിരിച്ചടിയാണ് ബാൾട്ടിക് തീരത്തുണ്ടായ ഈ അപകടം. ഏകദേശം 40 ദശലക്ഷം പൗണ്ട് വിലമതിക്കുന്ന യുദ്ധവിമാനമാണ് ഇവിടെ തകർന്നുവീണത്.ഒരു ശ്മശാനത്തിന് സമീപമാണ് വിമാനം തകർന്നു കത്തിയത്. ഒരു ശവസംസ്കാര ചടങ്ങിൽ പങ്കെടുക്കാനായി യൂണിഫോം ധരിച്ച സൈനികർ അവിടെ എത്തിച്ചേർന്ന സമയത്തായിരുന്നു സംഭവം. തകർന്ന സ്ഥലത്തുനിന്ന് കറുത്ത പുക ഉയർന്നുപൊങ്ങുന്ന ദൃശ്യങ്ങളും പുറത്തുവന്നിട്ടുണ്ട്.വിമാനത്തിലുണ്ടായിരുന്ന രണ്ട് പൈലറ്റുമാരും അപകടത്തിന് തൊട്ടുമുമ്പ് ഇജക്ട് ചെയ്ത് പുറത്തേക്ക് തെറിച്ചു. ഇരുവരുടെയും പരിക്കുകൾ ഗുരുതരമല്ലെന്നും ജീവന് ഭീഷണിയില്ലെന്നും പ്രാഥമിക റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. സൈനിക ആശുപത്രിയിൽ പ്രവേശിപ്പിച്ച ഇരുവരുടെയും ആരോഗ്യനില നിലവിൽ തൃപ്തികരമാണ്.ഒക്ടോബർ 21-ന് കലിനിൻഗ്രാഡ് മേഖലയിൽ നടത്തിയ പതിവ് പരിശീലന പറക്കലിനിടെയാണ് അപകടമുണ്ടായതെന്ന് റഷ്യൻ പ്രതിരോധ മന്ത്രാലയം സ്ഥിരീകരിച്ചു. ജനവാസില്ലാത്ത പ്രദേശത്താണ് വിമാനം പതിച്ചതെന്നും ആയുധങ്ങളോ സ്ഫോടകവസ്തുക്കളോ വിമാനത്തിൽ ഉണ്ടായിരുന്നില്ലെന്നും മന്ത്രാലയം അറിയിച്ചു. ശ്മശാനത്തിലുണ്ടായിരുന്ന ചില സൈനികരുടെ കൈയിൽ സംഗീതോപകരണങ്ങൾ ഉണ്ടായിരുന്നതിനാൽ ഇവർ സൈനിക ബാൻഡിലെ അംഗങ്ങളാകാമെന്നാണ് കരുതുന്നത്.യുക്രെയ്ൻ യുദ്ധത്തിൽ വ്യോമ പ്രതിരോധത്തിനും ബോംബർ വിമാനങ്ങൾക്ക് അകമ്പടി സേവിക്കുന്നതിനും ശത്രുലക്ഷ്യങ്ങൾ ആക്രമിക്കുന്നതിനുമായി സുഖോയ് സു-30എസ്എം വിമാനങ്ങൾ റഷ്യ വ്യാപകമായി ഉപയോഗിക്കാറുണ്ട്.



സമാധാനം ആഗ്രഹിച്ച് ഹാരി; പരിഹസിച്ച് പിയേഴ്സ് മോർഗൻ

തന്റെ പിതാവുമായും സഹോദരനുമായുള്ള പിണക്കം അവസാനിപ്പിച്ച് ബന്ധങ്ങൾ മെച്ചപ്പെടുത്താൻ ആഗ്രഹിക്കുന്നുവെന്ന് ഹാരി രാജകുമാരൻ ഒരു മാസികയ്ക്ക് നൽകിയ അഭിമുഖത്തിൽ വെളിപ്പെടുത്തി. എന്നാൽ, ഹാരിയുടെ ഈ പ്രതികരണത്തെ പ്രമുഖ മാധ്യമപ്രവർത്തകൻ പിയേഴ്സ് മോർഗൻ പരിഹാസത്തോടെയാണ് നേരിട്ടത്. ഹാരിയെ 'ഫ്ലേം-ത്രോവർ' (തീയിടുന്നയാൾ) എന്ന് വിശേഷിപ്പിച്ച മോർഗൻ, സ്വന്തമായി തീയിട്ട് നശിപ്പിച്ച വീടുകൾ പിന്നീട് നന്നാക്കാൻ ശ്രമിക്കുമ്പോൾ, ആ വീടുകളിലുള്ളവർക്ക് അതിൽ താല്പര്യമുണ്ടാകില്ലെന്ന് എക്സിൽ (ട്വിറ്റർ) കുറിച്ചു.കഴിഞ്ഞ മാസം ന്യൂയോർക്കിൽ വെച്ച് ജിക്യു മാഗസിന് നൽകിയ അഭിമുഖത്തിലാണ് ഹാരി രാജകുമാരൻ രാജകുടുംബവുമായുള്ള ബന്ധങ്ങളെക്കുറിച്ച് മനസ് തുറന്നത്. താനും ഭാര്യ മേഗൻ മാർക്കിളും മക്കളോടൊപ്പം യുകെയിലേക്ക് തിരികെ വന്നത് 'കുടുംബത്തിന് കൂടുതൽ അവസരങ്ങൾ' നൽകാനാണെന്ന് അദ്ദേഹം വ്യക്തമാക്കി. മക്കളായ ആർച്ചി രാജകുമാരനെയും ലിലിബെറ്റ് രാജകുമാരിയെയും ബ്രിട്ടീഷ് സ്കൂളിൽ ചേർക്കാൻ കഴിഞ്ഞത് വലിയൊരു കാര്യമായി കാണുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.എന്നാൽ, ഹാരിയുടെ ഈ തീരുമാനത്തെ പിയേഴ്സ് മോർഗൻ കടുത്ത ഭാഷയിൽ വിമർശിച്ചു.



ശ്വാസകോശ അർബുദത്തിന് കൂടുതൽ ചികിത്സ ആവശ്യമില്ല:പോപ്പ് ലിയോയുടെ ഡോക്ടർമാർ

ശ്വാസകോശ അർബുദത്തിന് കൂടുതൽ ചികിത്സ ആവശ്യമില്ലെന്ന് പോപ്പ് ലിയോയുടെ ഡോക്ടർമാർ അറിയിച്ചു. പൾമണറി അഡിനോകാർസിനോമ എന്ന അർബുദമാണ് പോപ്പ് ലിയോയ്ക്ക് കണ്ടെത്തിയിരുന്നത്.രോഗം വ്യാപിച്ചിട്ടില്ല അതിനാൽ കൂടുതൽ ചികിത്സ ആവശ്യമില്ലെന്നും ഓങ്കോളജിക്കൽ വിലയിരുത്തലിൽ സ്ഥിരീകരിച്ചതായി പോപ്പിന്റെ പ്രധാന സർജൻ സ്റ്റെഫാനോ മാർഗാരിറ്റോറയും വ്യക്തിഗത ഡോക്ടർ ലുയിഗി കാർബോണും പറഞ്ഞു. ഒക്ടോബർ 13-ന് ശസ്ത്രക്രിയയ്ക്ക് ശേഷം പോപ്പ് ലിയോ സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ ആദ്യത്തെ പൊതുപരിപാടിയിൽ പങ്കെടുത്തു. തീർത്ഥാടകരെ അഭിവാദ്യം ചെയ്യുകയും കുട്ടികളെ അനുഗ്രഹിക്കുകയും ചെയ്തതു. നവംബർ 6 മുതൽ 17 വരെ ഉറുഗ്വേ, അർജന്റീന, പെറു എന്നിവിടങ്ങളിലേക്ക് സന്ദർശനം നടത്താൻ അദ്ദേഹം ഒരുങ്ങുന്നുണ്ട്.

ഹോർമുസ് കടലിടുക്കിലെ ആക്രമണങ്ങൾ വർധിച്ചിട്ടും ഗൾഫ് രാജ്യങ്ങളുടെ എണ്ണ കയറ്റുമതി ഇറാൻ യുദ്ധത്തിന് മുൻപുള്ളതിലും വർദ്ധിച്ചു

അമേരിക്ക-ഇസ്രായേൽ ഇറാനെതിരെ ഫെബ്രുവരി 28-ന് യുദ്ധം ആരംഭിച്ചതിന് ശേഷം ഗൾഫ് രാജ്യങ്ങൾ മുമ്പത്തേതിനേക്കാൾ കൂടുതൽ എണ്ണ കയറ്റുമതി ചെയ്യുകയാണ്. ഒക്ടോബർ 18-ന് അവസാനിച്ച ആഴ്ചയിൽ ഗൾഫ് രാജ്യങ്ങൾ 24.6 ദശലക്ഷം ബാരൽ എണ്ണ പ്രതിദിനം കയറ്റുമതി ചെയ്തു, ഇത് യുദ്ധത്തിന് മുൻപുള്ള 23.3 ദശലക്ഷം ബാരലിനേക്കാൾ കൂടുതലാണ്. ഹോർമുസ് കടലിടുക്കിൽ ഇറാൻ കപ്പലുകൾക്ക് നേരെ ആക്രമണം വർധിച്ച സമയത്താണ് ഈ കയറ്റുമതി വർദ്ധനവ്.കഴിഞ്ഞയാഴ്ച ഹോർമുസ് കടലിടുക്കിൽ കുറഞ്ഞത് 12 ആക്രമണങ്ങളുണ്ടായെന്ന് യുണൈറ്റഡ് കിംഗ്ഡം മാരിടൈം ട്രേഡ് ഓപ്പറേഷൻസ് (UKMTO) അറിയിച്ചു. യുഎഇയുടെ ഒരു കണ്ടെയ്നർ കപ്പൽ കഴിഞ്ഞയാഴ്ച ഹോർമുസ് കടലിടുക്കിൽ മുങ്ങി. ഇൻഷുറൻസ് ചെലവുകളും സുരക്ഷാ ആശങ്കകളും കാരണം പല ഗൾഫ് രാജ്യങ്ങളും സ്വന്തം ദേശീയ കപ്പലുകളെയാണ് ഈ യാത്രകൾക്ക് ഉപയോഗിക്കുന്നത്.സൗദി അറേബ്യ ചെങ്കടൽ വഴിയും കൂടുതൽ എണ്ണ കയറ്റുമതി ചെയ്യുന്നുണ്ട്. അറബിക്കടലിന്റെ മറുവശത്തുള്ള യെമനിലെ ബാബ് എൽ-മണ്ടേബ് കടലിടുക്ക് വഴി ഏഷ്യയിലേക്ക് എണ്ണ അയച്ചിരുന്ന സൗദി, ഹൂത്തികൾ സൗദി കപ്പലുകൾക്ക് ഉപരോധം ഏർപ്പെടുത്തിയപ്പോൾ ഈ ജിപ്ത് വഴി മെഡിറ്ററേനിയനിലേക്കുള്ള ബദൽ പൈപ്പ് ലൈൻ ഉപയോഗിച്ചു.

കടലിടുക്കിൽ തടസ്സങ്ങളില്ലാത്ത ഗതാഗതം ആവശ്യപ്പെട്ട് ഖത്തറും ഫ്രാൻസും

മേഖലയിലെ രാജ്യങ്ങൾക്കെതിരെ ഇറാൻ നടത്തുന്ന സൈനിക ആക്രമണങ്ങളെ ഖത്തറും ഫ്രാൻസും ശക്തമായി അപലപിച്ചു. ഹോർമുസ് കടലിടുക്കിൽ തടസ്സങ്ങളോ ഫീസുകളോ ഇല്ലാതെ കപ്പൽ ഗതാഗതം പുനഃസ്ഥാപിക്കണമെന്നും ഇരു രാജ്യങ്ങളും ആവശ്യപ്പെട്ടു. ഖത്തർ വിദേശകാര്യ മന്ത്രാലയം എക്സിൽ പങ്കുവെച്ച കുറിപ്പിലാണ് ഈ വിവരങ്ങൾ അറിയിച്ചത്.ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ ഒക്ടോബർ 20 മുതൽ 21 വരെ ദോഹയിൽ നടത്തിയ സന്ദർശനത്തിനിടെ ഖത്തർ അമീർ ഷെയ്ഖ് തമീം ബിൻ ഹമദ് അൽതാനിയുമായി നടത്തിയ ചർച്ചകൾക്ക് ശേഷമാണ് സംയുക്ത പ്രസ്താവന പുറത്തുവന്നത്. ഇറാൻ നടത്തുന്ന ആക്രമണങ്ങൾ അന്താരാഷ്ട്ര നിയമത്തിന്റെ ഗുരുതരമായ ലംഘനമാണെന്ന് ഇരു നേതാക്കളും വിശേഷിപ്പിച്ചു.ടെഹ്റാനിൽ നിന്നുള്ള ഭീഷണികളെ ചെറുക്കുന്നതിനുള്ള നയതന്ത്ര ശ്രമങ്ങൾക്ക് ഇരു രാജ്യങ്ങളും പിന്തുണ അറിയിച്ചു. ഇറാന്റെ ആണവ പരിപാടി സമാധാനപരമായി മാത്രം തുടരുന്നുവെന്ന് ഉറപ്പാക്കണമെന്നും ആവശ്യപ്പെട്ടു.



യൂറോപ്പിന്റെ വിധി, അമേരിക്കൻ ഭരണകൂടത്തിനുള്ള മുന്നറിയിപ്പോ?

ഇന്നത്തെ യൂറോപ്യൻ രാജ്യങ്ങളിലും ഫ്രാൻസിലും നാം കാണുന്ന ജനകീയ പ്രതിഷേധങ്ങൾ ഏതെങ്കിലും ഒറ്റപ്പെട്ട രാഷ്ട്രീയ ലക്ഷ്യങ്ങളുടെയോ ഉപരിപ്ലവമായ കാരണങ്ങളുടെയോ ഫലമല്ല. മറിച്ച്, ജനങ്ങളുടെ ദൈനംദിന ജീവിതത്തെ തകിടം മറിക്കുന്ന രൂക്ഷമായ സാമ്പത്തിക അസമത്വങ്ങളും ഭരണപരമായ അലംഭാവവുമാണ് ഈ പ്രക്ഷോഭങ്ങൾക്ക് ആക്കം കൂട്ടുന്നത്. വർദ്ധിച്ചുവരുന്ന ജീവിതച്ചെലവ്, താങ്ങാനാവാത്ത ഭവനവില, ശമ്പളവും പെൻഷനും തമ്മിലുള്ള വലിയ അന്തരം, തകർന്നടിഞ്ഞുകൊണ്ടിരിക്കുന്ന പൊതസേവനങ്ങൾ എന്നിവയെല്ലാം ലക്ഷക്കണക്കിന് സാധാരണക്കാരുടെ നിലനിൽപ്പ് തന്നെ ചോദ്യം ചെയ്യുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ, ലോകത്തിന്റെ മറ്റൊരു കോണിൽ നടക്കുന്ന ഈ സംഭവവികാസങ്ങൾ അമേരിക്കയെ സംബന്ധിച്ചിടത്തോളം വളരെ ഗൗരവകരമായ ഒരു മുന്നറിയിപ്പായി മാറുകയാണ്.

അമേരിക്കൻ സാമ്പത്തിക വ്യവസ്ഥയുടെ ഉപരിതല തിളക്കം പലപ്പോഴും യഥാർത്ഥ യാഥാർത്ഥ്യങ്ങളെ മൂടിവെക്കാറുണ്ട്. കോർപ്പറേറ്റ് ലാഭവും ഓഹരി വിപണിയും കുതിച്ചുയരമ്പോഴും, സാധാരണ അമേരിക്കക്കാരൻ അനുദിനം വർദ്ധിച്ചുവരുന്ന പണപ്പെരുപ്പത്തിന്റെ ഭാരത്താൽ ഞെരുങ്ങുകയാണ്. പലചരക്ക് സാധനങ്ങൾ, ഇന്ധനം, ആരോഗ്യ സംരക്ഷണം എന്നിവയുടെ വിലക്കയറ്റം സാധാരണക്കാരുടെ മാസവരുമാനത്തെ നിസ്സാരമാക്കി മാറ്റിക്കഴിഞ്ഞു. ശമ്പള



വർദ്ധനവ് വിലക്കയറ്റത്തിനനുസരിച്ച് ഉയരാത്തതിനാൽ, ലക്ഷക്കണക്കിന് കുടുംബങ്ങൾ കടക്കെണിയിലാവുകയും ഇടത്തരം വർഗ്ഗം പോലും സാമ്പത്തിക അരക്ഷിതാവസ്ഥയിലേക്ക് കൂപ്പുകുത്തുകയും ചെയ്യുകയാണ്.

ഭൂവുടമകളുടെ ചൂഷണവും ഉയർന്ന പലിശനിരക്കുകളും കാരണം അമേരിക്കയിലെ ഭവനമേഖല ഇന്ന് വലിയൊരു പ്രതിസന്ധിയാണ് നേരിടുന്നത്. സ്വന്തമായി ഒരു വീട് എന്നത് ഇന്നൊരു സാധാരണക്കാരന് ചിന്തിക്കാനാവാത്ത സ്വപ്നമായി മാറി. വാടകക്കെടുക്കാനുള്ള ചെലവ് കുത്തനെ ഉയർന്നതോടെ, നഗരങ്ങളിൽ പാർപ്പിടമില്ലാതെ തെരുവുകളിൽ കഴിയുന്നവരുടെ എണ്ണം റെക്കോർഡ് വേഗത്തിലാണ് വർദ്ധിക്കുന്നത്. സാമൂഹിക സുരക്ഷാ പദ്ധതികളുടെ തകർച്ചയും ആരോഗ്യ ഇൻഷുറൻസിന്റെ താങ്ങാനാവാത്ത വിലയും ജനങ്ങളുടെ അമർഷം വർദ്ധിപ്പിക്കുന്ന പ്രധാന ഘടകങ്ങളാണ്.


ഈ സാമ്പത്തിക പ്രയാസങ്ങൾക്ക് പുറമെയാണ് അമേരിക്കൻ രാഷ്ട്രീയ രംഗത്തെ പ്രതിസന്ധിയും. സാധാരണ ജനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ പരാജയപ്പെടുന്ന രാഷ്ട്രീയ നേതൃത്വങ്ങൾക്കെതിരെ വലിയൊരു വിഭാഗം ജനങ്ങളിൽ അസംതൃപ്തി പടർന്നുപിടിച്ചിട്ടുണ്ട്. ഇരുപക്ഷ രാഷ്ട്രീയ കക്ഷികളും പരസ്പരം ചെളിവാരിയെറിയുന്നതിലും കോർപ്പറേറ്റ് താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ, സാധാരണ ജനങ്ങളുടെ ശബ്ദം പാർലമെന്റുകളിലും ഭരണസിരാ കേന്ദ്രങ്ങളിലും കേൾക്കപ്പെടാതെ പോകുന്നു. ഇത് ജനാധിപത്യ സംവിധാനങ്ങളിലുള്ള ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെടുത്തുന്നതിന് കാരണമായിട്ടുണ്ട്.

രാജ്യത്തിന്റെ ആഭ്യന്തര പ്രശ്നങ്ങൾ രൂക്ഷമായി തുടരമ്പോഴും, അമേരിക്കൻ ഭരണകൂടം കോടിക്കണക്കിന് ഡോളറാണ് വിദേശ യുദ്ധങ്ങൾക്കും സൈനിക ഇടപെടലുകൾക്കുമായി ചെലവഴിക്കുന്നത്. ഈ യുദ്ധ നയങ്ങൾ അമേരിക്കൻ ജനതയുടെ നികുതിപ്പണത്തെയാണ് ചൂഷണം ചെയ്യുന്നത്. സ്വന്തം രാജ്യത്ത് പൗരന്മാർ അടിസ്ഥാന സൗകര്യങ്ങൾക്കായി ബുദ്ധിമുട്ടമ്പോൾ, വിദേശങ്ങളിലെ യുദ്ധങ്ങൾക്കായി പണം അനുവദിക്കുന്ന ഭരണകൂട നയങ്ങൾ ജനങ്ങൾക്കിടയിൽ ശക്തമായ രോഷത്തിന് തിരികൊളുത്തിയിട്ടുണ്ട്. വിദേശ നയങ്ങളുടെ ഈ മുൻഗണനാ ക്രമം ജനകീയ പ്രക്ഷോഭങ്ങൾക്ക് വഴിമാറാൻ അധികകാലം വേണ്ടിവരില്ല.

കുടിയേറ്റ നയങ്ങളുമായി ബന്ധപ്പെട്ട ചർച്ചകളും അമേരിക്കയിൽ വലിയ സാമൂഹിക പ്രത്യാഘാതങ്ങളാണ് സൃഷ്ടിക്കുന്നത്. ഈ പ്രശ്നത്തെ ചില രാഷ്ട്രീയ താൽപ്പര്യക്കാർ വർഗീയവൽക്കരിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും, യഥാർത്ഥത്തിൽ ഇതൊരു സാമ്പത്തികവും മാനുഷികവുമായ വിഷയമാണ്. തെറ്റായ കുടിയേറ്റ കൈകാര്യങ്ങൾ തൊഴിൽ വിപണിയിലെ അസമത്വങ്ങളെയും പൊതസേവനങ്ങളിലെ ഭാരത്തെയും കുറിച്ചുള്ള ആശങ്കകൾ വർദ്ധിപ്പിക്കുന്നുണ്ട്. എന്നാൽ ഈ യഥാർത്ഥ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിന് പകരം ജനങ്ങളെ തമ്മിലടിപ്പിക്കുന്ന രാഷ്ട്രീയ തന്ത്രങ്ങളാണ് ഭരണാധികാരികൾ പയറ്റുന്നത്.

യൂറോപ്പിലും ഫ്രാൻസിലും തെരുവിലിറങ്ങിയ ജനങ്ങളുടെ അതേ വികാരങ്ങൾ തന്നെയാണ് അമേരിക്കയിലെ തൊഴിലാളി വർഗ്ഗവും ഇടത്തരം ജനങ്ങളും ഇന്ന് അനുഭവിക്കുന്നത്. സാമ്പത്തിക ഭദ്രത നഷ്ടപ്പെടുകയും, നീതി നിഷേധിക്കപ്പെടുകയും ചെയ്യമ്പോൾ ജനങ്ങൾ പ്രതിഷേധിക്കുക എന്നത് സ്വാഭാവികമായ ഒരു പ്രതികരണമാണ്. അടിച്ചമർത്തപ്പെടുന്ന ജനങ്ങളുടെ ഈ അമർഷം ഏതെങ്കിലും ഒറ്റപ്പെട്ട രാഷ്ട്രീയ ലക്ഷ്യങ്ങളിലോ കുടിയേറ്റ ചർച്ചകളിലോ ഒതുക്കിക്കെട്ടാൻ കഴിയില്ല. അസമത്വങ്ങൾക്കെതിരെയുള്ള ഈ രോഷം ഏതെങ്കിലും ഒരു നിമിഷത്തിൽ അമേരിക്കയിലും ഒരു വലിയ ജനകീയ പ്രക്ഷോഭമായി പൊട്ടിത്തെറിച്ചേക്കാം.

നാളെ അമേരിക്കയിലും ഇതുപോലൊരു സംഘർഷം ഉണ്ടായാൽ അത് യാദൃശ്ചികമല്ല, മറിച്ച് ദീർഘകാലമായി അവഗണിക്കപ്പെട്ട ജനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങളുടെ സ്വാഭാവിക പരിണിതഫലമായിരിക്കും. ഭരണാധികാരികൾ ജനങ്ങളുടെ യഥാർത്ഥ ശബ്ദം കേൾക്കാൻ തയ്യാറാവാത്ത കാലത്തോളം, അസമത്വങ്ങൾക്കെതിരെയുള്ള പോരാട്ടങ്ങൾ ലോകമെമ്പാടും ആവർത്തിക്കപ്പെടും. ചരിത്രം നൽകുന്ന ഈ മുന്നറിയിപ്പ് അമേരിക്കൻ ഭരണകൂടം അവഗണിച്ചാൽ, യൂറോപ്യൻ തെരുവുകളിലെ തീനാളങ്ങൾ അമേരിക്കൻ മണ്ണിലേക്കും പടരുന്ന കാഴ്ച കാണേണ്ടി വരും.



BRISTOL DENTAL CLINIC

Family, Cosmetic & Specialty Dentistry



Dr. Annie Thomas, Family, Cosmetic & Laser
Dr. Laura Minea, Family & Cosmetic
Dr. Roshini Gopal, Family & Cosmetic
Dr. Mahima Mahima, Family & Cosmetic
Dr. James Chacko, Oral Surgery & Implants
Dr. Shakti Singh, Orthodontist
Dr. Manav Nayyar, Endo
Dr. Mehrdad Radvar, Perio
Dr. Saurabh Chhabra, Prosthodontist

• Informed Dentistry • New Patients & Emergencies Welcome
• Comprehensive Dental Services Provided Under One Roof

SPECIALITY SERVICES


• Laser Dentistry • Cosmetic Dentistry • Orthodontics • Endodontics
• Periodontics • Oral Surgery • Implants • Dentures & Snap-On Smiles

We Accept CDCP (Canadian Dental Care Plan)

1-512 Bristol Road West,
Mississauga, ON L5R 3Z1
info@bristoldental.ca

(905) 712-3409
@ Bristol Road West & McLaughlin Road

CALL US FOR
Smile Contouring, Braces, Invisalgn, Perio & Gum Surgery, Root Canals, Oral Surgery, Wisdom Teeth, Implants, Dentures - all types



www.bristoldental.ca

വാർത്തകൾ വന്നുകൊണ്ടേയിരിക്കും...പലിശനിരക്കുകൾ മാറും,
മാർക്കറ്റ് മാറും, യഥാർത്ഥത്തിൽ പ്രധാനപ്പെട്ടത്

മാർക്കറ്റിനും കണക്കുകൾക്കും അപ്പുറം, നിങ്ങൾക്കും നിങ്ങളുടെ
കുടുംബത്തിനും സ്വന്തമെന്ന് തോന്നുന്ന ഒരു വീട്
കണ്ടെത്തുന്നതിൽ ശരിയായ മാർഗനിർദേശം നല്കുന്നതിലാണ്

നിങ്ങളുടെ സ്വപ്നം... ഞങ്ങളുടെ വാഗ്ദാനം!

GIBI JOHN
Broker
647 860 4624
realtorgibi@gmail.com

Never satisfied until you are

RE/MAX CENTRE
RE/MAX REAL ESTATE CENTRE
INC. BROKERAGE
1100 BURNHAMTHORPE RD W #141,
MISSISSAUGA, ON L5C 4E9
Ph : (905) 795-1900